# അന്വേഷണ വീഥികളിൽ......

Vol. 01 Issue No. 11
2012 August

2. തിരുവട്ടാർ കൃഷ്ണൻകുട്ടി ബൈബിളിനൊപ്പം; ബൈബിളിന്റെ വഴിയിൽ തന്നെ.
ജെ.സി.ദേവ്.

3. എഡിറ്റോറിയൽ



4 ദൈവകണം തേടി ദൈവത്തിലേയ്ക്ക്...
ജെ.സി.ദേവ്.

15 തഖിയ്യ
ദാവാക്കാരുടെ കുടില തന്ത്രങ്ങൾക്കുള്ള സൈദ്ധാന്തിക അടിത്തറ.
അനിൽകുമാർ വി അയ്യപ്പൻ.

23 യഹോവയുടെ യുദ്ധം; അതിന്റെ കാരണവും യുദ്ധനിയമങ്ങളും
ജെറി. വി. തോമസ്
അനിൽകുമാർ വി അയ്യപ്പൻ.

സീക്കേഴ്സ് പാത്ത്
SEEKERS Path

**Advisory Board**
C.D.Thomas
J C Dev
P. I. Abraham
K.O.Thomas

**ContributingEditors**
George John
V S Kunnathu kuzhiyil
Anil Kumar V Ayyappan

**Circulation Manager**
V K Surendran Pulpally

Cover Disigning
Libin Thomas

**Circulation Assistants**
Prince mathew Wayanad, Shajahan Malayil Malappuram, Lijo Joseph Thadiyoor Kottayam, Cheriyan Chandy Kozhikode.

Editing & Publishing C D Varghese P.O.Box No:7, Pullad P.O, Thiruvalla. 9447518465

# തിരുവട്ടാർ കൃഷ്ണൻകുട്ടി ബൈബിളിനൊപ്പം; ബൈബിളിന്റെ വഴിയിൽ തന്നെ.

**ജെ.സി.ദേവ്.**

എം. എം. അക്ബറിന്റെ പത്രാധിപത്യത്തിൽ ഉള്ള സ്നേഹസംവാദം എന്ന ഇസ്ലാമിക മാസികയുടെ 2012 ആഗസ്റ്റ് ലക്കത്തിൽ "സുവിശേഷകൻ ബൈബിൾ തള്ളിപ്പറയുന്നു! തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ വെളിപ്പെടുത്തലുകൾ" എന്ന ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. മുഹമ്മദ് ഈസാ പെരുമ്പാവൂരാണ് ലേഖകൻ. ലേഖനം വായിച്ചപ്പോൾ, അക്ബറും മറ്റും ബൈബിളിനും ക്രിസ്തുവിനും ക്രൈസ്തവ ദർശനത്തിനും എതിരെ ചെയ്ത പ്രസംഗങ്ങൾക്കും എഴുത്തുകൾക്കും ഉള്ള ശക്തമായ മറുപടി നല്കി ''ക്രൈസ്തവ-ഇസ്ലാം സംവാദം"എന്ന ഗ്രന്ഥം എഴുതിയ തിരുവട്ടാർ കൃഷ്ണൻകുട്ടിയോടുള്ള പക തീർക്കുവാനുള്ള ഒരു ഹീന തന്ത്രത്തിന്റെ ഭാഗമാണിതെന്നു മനസ്സിലാക്കുവാൻ എനിക്കു ബുദ്ധിമുട്ടുണ്ടായില്ല.

2000-ത്തിലാണ് ക്രൈസ്തവ മാർഗ്ഗത്തിമനതിരായ ഇസ്ലാമ്യ കപടവാദങ്ങൾക്കുള്ള മറുപടി "ക്രൈസ്തവ-ഇസ്ലാം സംവാദം"എന്ന തിരുവട്ടാറിന്റെ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. പ്രസ്തുത ഗ്രന്ഥത്തിനു ഇങ്ങനെ എങ്കിലും ഒരു മറുപടി എഴുതി എന്നു വരുത്തുവാൻ പന്ത്രണ്ടു വർഷം കാത്തിരിക്കേണ്ടി വന്നു! അക്ബറിന്റെ ദീർഘവർഷത്തെ മൗനത്തിനു വിരാമം കുറിച്ച് ന്യായീകരണവുമായി ഒരു മുഹമ്മദ് ഈസാ പകരക്കാരനായി രംഗത്തു വരേണ്ടിവ ന്നു! അക്ബറിനെ രക്ഷിക്കുക എന്നതാണ് ഈ പകരക്കാരന്റെ നിയോഗം. മുഹമ്മദ് ഈസായുടെ ലേഖനം വായിച്ച് ഒരു മുസ്ലീം സുഹൃത്ത് ഉൾപ്പെടെ പലരും എന്നെ ടെലഫോണിൽ വിളിച്ച് സത്യാവസ്ഥ അന്വേഷിച്ചു. ഓഗസ്റ്റു ലക്കം മാസിക വ്യാപകമായി പ്രചരിപ്പിച്ചതായിട്ടാണ് അറിവ്. ''തിരുവട്ടാർ സാറിന്റെ പ്രവർത്തനങ്ങൾ പരസ്യമായി നടത്തപ്പെട്ട ഇസ്ലാമിക വിമർശനങ്ങളായതു കൊണ്ട് ഈ ചർച്ചയും പുറംലോകത്തെ ഞങ്ങൾ അറിയിക്കും" എന്നു കൃഷ്ണൻകുട്ടിയുടെ ഭവനത്തിൽ വെച്ചുതന്നെ പ്രഖ്യാപിച്ചതായി മുഹമ്മദ് ഈസാ എഴുതിയിട്ടുണ്ട്.

കൃഷ്ണൻകുട്ടിയുമായി മുഹമ്മദ് ഈസായും സംഘവും നടത്തിയ ദീർഘമണിക്കൂർ ചർച്ചകളുടെ അടിസ്ഥാനത്തിലാണത്രേ ലേഖനം തയ്യാറാക്കിയത്. ഈ ചർച്ചകളുടെ നിജസ്ഥിതി അറിയുന്നതിനു ഓഗസ്റ്റ് 25-ാം തിയ്യതി ശനിയാഴ്ച രാവിലെ പതിനൊന്നു മണിയോടടുത്ത് ഞാനും എന്റെ സുഹൃത്ത് ബ്രദറൺ എക്കോയുടെ ചീഫ് എഡിറ്റർ ലിജോ വർഗീസ് പാലമറ്റവും (അങ്കമാലി) കൂടെ തിരുവട്ടാറിന്റെ ഭവനത്തിൽ എത്തി. ആദ്യം തന്നെ കൃഷ്ണൻകുട്ടിയും അദ്ദേഹത്തിന്റെ മിസ്സസും പറഞ്ഞത്; "ബ്രദർ അവർ

(ശേഷം പേജ് 39 ൽ.....).

# എഡിറ്റോറിയൽ

അസത്യം പ്രചരിപ്പിക്കുന്നതിൽ അഭിരമിക്കുന്നവർ അനവധിയാണ്. ചില രാഷ്ട്രീയ- സാസ്ക്കാരിക-മത സംഘടനകൾ പോലും ഇക്കാര്യങ്ങളിൽ പിന്നിലല്ലെന്നുള്ളത് ഖേദകരമാണ്. മാദ്ധ്യമങ്ങളിലൂടെ പുറത്തുവരുന്ന ചില വാർത്തകൾ നമ്മെ ആശങ്കാകുലരാക്കുവാൻ പര്യാപ്തമായവയാണു താനും. സാഹോദര്യത്തിൽ വസിക്കേണ്ട സാഹചര്യങ്ങളെ സംഘർഷഭരിതമാക്കുവാൻ മാത്രം ഉപകരിക്കുന്ന ഈ പ്രവണത പരിഷ്കൃത ലോകത്തിനു അനുയോജ്യമായതല്ല. വിദ്യാസമ്പന്നരായ പുതുതലമുറ ഇത് തിരിച്ചറിഞ്ഞു വിവേകമതികളാകേണ്ടതിനു പകരം അവയ്ക്കനുസൃതമായി നീങ്ങുന്ന പരാജിത സമൂഹത്തിന്റെ കണ്ണികളാകുന്നത് ദൗർഭാഗ്യകരമാണ്.

അസത്യം നന്മകളെ കെടുത്തിക്കളയുന്നതല്ലാതെ ഒന്നിനെയും പ്രോജ്വലിപ്പിക്കുന്നില്ല എന്ന സത്യം നാം തിരിച്ചറിഞ്ഞേ മതിയാകൂ. താത്ക്കാലിക നേട്ടങ്ങൾ ലഭ്യമാക്കുവാൻ മാത്രം ഉപകരിക്കുന്ന വ്യാജപ്രസ്താവനകൾ ഭാവിയുടെ ഭവിഷ്യത്തുകളാണെന്ന ഉൾബോധം ഓരോരുത്തരിലും ഉളവാകേണ്ടതുണ്ട്. ഇന്നിനെ മാത്രം ലക്ഷ്യമിടുന്ന ഈ വികാര ജീവികൾ രാജ്യത്തെ നാശത്തിലേക്കാണ് നയിക്കുകയെന്ന ചിന്ത പ്രബുദ്ധരായ ജനങ്ങൾ പോലും വിസ്മരിച്ചു കളയുന്നത് അത്ഭുതമായിരിക്കുന്നു.

ചരിത്ര വസ്തുതകൾ പലതും വ്യാജമാണെന്നു വരുത്തി ത്തീർത്തു പുതുചരിത്രം രചിക്കാനിറങ്ങിത്തിരിച്ചവരെയും ഇതിനിടയിൽ നാം കണ്ടുമുട്ടുന്നുണ്ട്. വസ്തുതകൾ ഗ്രഹിക്കാതെ, പതിയിരിക്കുന്ന അപകടം മനസ്സിലാക്കാതെ അവയ്ക്കൊക്കെ പച്ചക്കൊടി കാട്ടാൻ ഉത്സാഹിക്കുന്ന ബുദ്ധിജീവികളും മത-രാഷ്ട്രീയ നേതൃവൃന്ദവും! നാളെ എന്താകും? അതൊരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. ഒരു നല്ല നാളയെ ലക്ഷ്യം വെക്കുന്നവർ വ്യാജ പ്രസ്താവനകളെ നിരാകരിക്കുവാൻ സന്നദ്ധരായിരുന്നെങ്കിൽ!

സസ്നേഹം,
എഡിറ്റർ,
സി.ഡി.വർഗീസ്.

''ആകാശം ദൈവത്തിന്റെ മഹത്ത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു'' (സങ്കീർത്തനങ്ങൾ 19:1).

# ദൈവകണം തേടി ദൈവത്തിലേയ്ക്ക്....

**ജെ.സി.ദേവ്.**

"ദൈവരാഹിത്യത്തിന്റെ വിളംബരം. ഹിഗ്സ് ബോസോൺ കണത്തിന്റെ അസ്തിത്വം തെളിയിക്കപ്പെട്ടാൽ ദൈവ സങ്കല്പം തകരും" എന്നു സി. പി. രാജേന്ദ്രൻ മലയാളം വാരികയിൽ എഴുതി (27 ജൂലൈ 2012). ''ദൈവകണത്തെ കണ്ടെത്തിയ ശേഷം ദൈവം ബാക്കിയുണ്ടോ? ഇനി ദൈവത്തിനു നിലനില്പുണ്ടോ? ദൈവം മനുഷ്യ സങ്കല്പമാണ്. ദൈവം എന്ന സങ്കല്പ ജീവി "ദൈവ" കണത്തോടു കളിക്കണ്ടാ!" മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (2012 ജൂലൈ 29) വന്ന ജീവൻ ജോൺ തോമസിന്റെ ലേഖനം നേരിട്ട് നിരീശ്വരവാദത്തിലേക്ക് കത്തിക്കേറുകയാണ്.

## ദൈവനിഷേധമോ?

യൂറോപ്യൻ ഓർഗ്ഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസേർച്ച് (CERN, സേൺ) 2012 ജൂലൈ 4-ാം തിയ്യതി പ്രഖ്യാപിച്ചു. "ദൈവകണത്തിനു സമാനമായ അടിസ്ഥാന കണം കണ്ടെത്തി." "ദൈവകണ"ത്തിന്റെ ഈ ''കണ്ടെത്തൽ ഭൗതിക ശാസ്ത്രലോകത്തിന്റെ മഹത്തായ നേട്ടം. ദൈവകണം കണ്ടെത്തി എന്ന വാർത്ത ഭൗതികവാദികളും നിരീശ്വരവാദികളും കാര്യമായി ആഘോഷിച്ചു എന്നു വേണം സി. പി. രാജേന്ദ്രന്റെയും ജീവൻ ജോൺ തോമസിന്റെയും പ്രസ്താവനകളിൽ നിന്നും മനസ്സിലാക്കുവാൻ. ഭൗതികവാദികൾക്കും നിരീശ്വരവാദികൾക്കും ജയഭേരി മുഴക്കുവാൻ വാസ്തവത്തിൽ സേണിൽ എന്താണു സംഭവിച്ചത്? ''ദൈവകണം'' കണ്ടെത്തി എങ്കിൽ അതിലെന്തു ദൈവനിഷേധമാണുള്ളത്?



പ്രപഞ്ചോല്പത്തി എങ്ങനെ? അതിന്റെ പുറകിൽ സ്രഷ്ടാവായ ഒരു ദൈവം ഉണ്ടോ? ചാൾസ് ഡാർവ്വിന്റെ (1809-1882) പരിണാമവാദ സിദ്ധാന്തം (Theory of Evolution) വിശദീകരിക്കുന്ന The Origin of the species by means of Natural Selection എന്ന ഗ്രന്ഥം 1859-ൽ പ്രസിദ്ധീകരിച്ചതിനു ശേഷം ഈ ചോദ്യങ്ങൾ ശാസ്ത്ര മേഖലകളിൽ ആവർത്തിച്ചു കേൾക്കുവാൻ തുടങ്ങി. ദൈവശാസ്ത്രത്തിനു ഈ ചോദ്യങ്ങൾക്കു ആധികാരികവും കൃത്യവും വ്യക്തവുമായ മറുപടി പറയുവാനുണ്ട്. പക്ഷെ, അവയെ

"മതപരം" എന്നു പുച്ഛിച്ചു തള്ളുകയായിരുന്നു. ശാസ്ത്രം ഈ ചർച്ചയെ നയിക്കുവാൻ രംഗത്തെത്തി. ശാസ്ത്രത്തിനും ശാസ്ത്രത്തിന്റെ കണ്ടെത്തലിനും മുമ്പിൽ ദൈവത്തിനു നിലനില്പില്ലെന്നു ശാസ്ത്ര പക്ഷക്കാർ പെരുമ്പറ മുഴക്കി. ദൈവവും ദൈവവിശ്വാസവും ദൈവവിശ്വാസികളും വിമർശിക്കപ്പെട്ടു. പ്രപഞ്ചോല്പത്തിയെ സംബന്ധിച്ച് ശാസ്ത്രരംഗത്ത് പല പരീക്ഷണങ്ങൾ നടന്നിട്ടുണ്ടെങ്കിലും ദൈവനിഷേധത്തിനുള്ള ഒരു വിദൂര സൂചന പോലും കണ്ടെത്താനായിട്ടില്ല എന്നതാണ് വസ്തുത. ചാൾസ് ഡാർവ്വിന്റെ കാലത്തും ആൽബർട്ട് ഐൻസ്റ്റീന്റെ കാലത്തും സ്റ്റീഫൻ വില്യം ഹോക്കിംഗിന്റെ കാലത്തും സ്രഷ്ടാവായ ദൈവം പ്രസ്തുത പദവിയിൽ തന്നെ തുടരുകയാണ്.

പ്രപഞ്ചരഹസ്യം തേടി ഇറങ്ങിയ ആൽബർട്ട് ഐൻസ്റ്റീൻ "ദൈവത്തിന്റെ മനസ്സ്" അറിയുവാനാണ് ശ്രമിച്ചത്. അദ്ദേഹത്തിന്റെ "തിയറി ഓഫ് റിലേറ്റിവിറ്റി (Theory of Relativity) ശ്രദ്ധേയമാണല്ലോ. ശാസ്ത്രജ്ഞന്മാരുടെ സമൂഹത്തിലെ ജീനിയസ് ആണ് അദ്ദേഹം. ഐൻസ്റ്റീൻ ന്യൂജേഴ്സിയിലെ പ്രിൻസ്റ്റണിൽ 1955 ഏപ്രിൽ 18 നു അന്തരിച്ചു. ഡോ. തോമസ് ഹാർവി സൂക്ഷിച്ചു വെച്ച ഐൻസ്റ്റീന്റെ തലച്ചോറും കണ്ണുകളും 40 വർഷങ്ങൾക്കു ശേഷം തലച്ചോറ് പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ പതോളജി വിഭാഗത്തെ ഏല്പിച്ചു. സാധാരണ തലച്ചോറുകളെക്കാൾ 15% വലുതാണ് ഐൻസ്റ്റീന്റെ തലച്ചോറെന്നു 1985-ൽ ന്യൂറോബയോളജിസ്റ്റ് സാന്ദ്ര വിറ്റൽ സോ തന്റെ ഗവേഷണ പ്രബന്ധത്തിലൂടെ വെളിപ്പെടുത്തി. ഐൻസ്റ്റീന്റെ കണ്ണുകൾ ഡോ. ഹെൻട്രി എബ്രാംസിനെ ഡോ. തോമസ് ഹാർവി ഏല്പിച്ചിട്ടുണ്ട്. അത് ഇപ്പോൾ ന്യൂയോർക്ക് സിറ്റിയിൽ എവിടെയോ സൂക്ഷിച്ചു വെച്ചിട്ടുണ്ടാകും. 1945 വരെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ തിയറിറ്റിക്കൽ ഫിസിക്സ് പ്രൊഫസറായി സേവനം അനുഷ്ഠിച്ച ഐൻസ്റ്റീൻ പ്രപഞ്ചോല്പത്തിയെ സംബന്ധിച്ച അന്വേഷണത്തിൽ സ്രഷ്ടാവായ ദൈവത്തിന്റെ സ്ഥാനം ചോദ്യം ചെയ്തിട്ടില്ല. ശാസ്ത്രജ്ഞന്മാർക്കിടയിലെ ജീനിയസ് എന്നു പുകഴ്ത്തപ്പെട്ട ഐൻസ്റ്റീന്റെ ഒരു മഹാവാക്യം ഇവിടെ കുറിച്ചിടുന്നു. "മതം ഇല്ലാത്ത ശാസ്ത്രം മുടന്തനാണ്; ശാസ്ത്രം ഇല്ലാത്ത മതം അന്ധനും." മതത്തിനും ശാസ്ത്രത്തിനും മദ്ധ്യത്തിലായിരുന്നു ഐൻസ്റ്റീന്റെ സ്ഥാനം. ഡോ. എസ് രാധാകൃഷ്ണൻ പ്രസ്താവിച്ചതു പോലെ, "ശാസ്ത്രം അവസാനിക്കുന്നിടത്ത് മതം ആരംഭിക്കുന്നു."

പരിണാമവാദത്തിലൂടെ സ്രഷ്ടാവായ ദൈവത്തെ നിഷേധിക്കുവാനോ നിരീശ്വരവാദം സമർത്ഥിക്കുവാനോ ഡാർവ്വിൻ ശ്രമിച്ചിട്ടില്ല. "പരിണാമങ്ങളിലും തുടർമാനമായ മാറ്റങ്ങളിലും മുഖ്യഹേതുവായി, ഏതോ ഒരു അദൃശ്യശക്തി പരമ്പരാഗതമായി മറഞ്ഞു കിടക്കുന്നു എന്നത് എനിക്കു നിഷേധിക്കാൻ

**ശാസ്ത്രജ്ഞന്മാർക്കിടയിലെ ജീനിയസ് എന്നു പുകഴ്ത്തപ്പെട്ട ഐൻസ്റ്റീന്റെ ഒരു മഹാവാക്യം ഇവിടെ കുറിച്ചിടുന്നു. "മതം ഇല്ലാത്ത ശാസ്ത്രം മുടന്തനാണ്; ശാസ്ത്രം ഇല്ലാത്ത മതം അന്ധനും." മതത്തിനും ശാസ്ത്രത്തിനും മദ്ധ്യത്തിലായിരുന്നു ഐൻസ്റ്റീന്റെ സ്ഥാനം. ഡോ. എസ് രാധാകൃഷ്ണൻ പ്രസ്താവിച്ചതു പോലെ, "ശാസ്ത്രം അവസാനിക്കുന്നിടത്ത് മതം ആരംഭിക്കുന്നു."**

സാദ്ധ്യമല്ല'' എന്നു ഡാർവ്വിൻ പറഞ്ഞു. ഡാർവ്വിന്റെ പരിണാമവാദത്തിനു നാസ്തിക വേഷം നല്കി , ക്രിസ്തീയ സഭയ്ക്കെതിരെ അതിനെ ഒരായുധമായി ദുരുപയോഗിച്ചത് ഹെഗലും ഹാൾഡേനും ഹക്സലിയുമാണ്. ഡാർവ്വിൻ ഒരു നിരീശ്വരവാദിയോ ക്രിസ്തു മത വിരോധിയോ ആയിരുന്നില്ല. തോമസ് പെയ്ൻനെപ്പോലെ ഡാർവ്വിൻ ഒരു ഡീയിസ്റ്റാ (Diest) യിരുന്നു. മതങ്ങൾ വെളിപ്പെടുത്തുന്ന ദൈവാവിഷ്ക്കരണത്തിൽ വിശ്വസിക്കാതെ ഒരു ''പരാശക്തി''യിൽ വിശ്വസിക്കുന്നവ രാണ് ഡീയിസ്റ്റുകൾ. ക്രിസ്തു മതത്തെ അപമാനിക്കുവാൻ ഡാർവ്വിൻ ശ്രമിച്ചിട്ടില്ല. നിരീശ്വരവാദത്തിൽ അധിഷ്ഠിതമായ "മൂലധനം" ഡാർവ്വിനു സമർപ്പിക്കുന്നതിനു അനുവാദം തേടിയ കാറൽ മാർക്സിനോടു അദ്ദേഹം വിയോജിക്കുകയാണ് ചെയ്തത്. മാർക്സിന് ഡാർവ്വിൻ അയച്ച മറുപടി കത്ത് മോസ്ക്കോയിലെ മാർക്സ് ഏംഗൽസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സൂക്ഷിച്ചിരുന്നു. പ്രസ്തുത കത്തിൽ ക്രിസ്തീയ വിശ്വാസത്തോട് തനിക്കുള്ള പരിപക്വമായ വീക്ഷണഗതി ഡാർവ്വിൻ വ്യക്തമാക്കിയിട്ടുണ്ട്. ഡാർവ്വിൻ നിരീശ്വരവാദിയും കമ്മ്യൂണിസ്റ്റ് അനുഭാവി യും അല്ലാത്തതുകൊണ്ട് ജോസഫ് സ്റ്റാലിന്റെ (1928–1953) കാലത്ത് റഷ്യയിൽ ഡാർവ്വനിസം നിരോധിക്കപ്പെട്ടു.

ഡാർവ്വിൻ തന്റെ ഗ്രന്ഥം എഴുതുവാൻ തുടങ്ങിയത് ലണ്ടനിൽ 1836-ലാണ്. 1840-ൽ എഴുതിത്തീർത്തു. പക്ഷെ, 19 വർഷത്തിനു ശേഷം 1859-ലാണ് പുസ്തകം പ്രസിദ്ധീക രിച്ചത്. പുസ്തകം പുറത്തു വന്നതോടെ, ''സൃഷ്ടി വിവരണമുള്ള ക്രിസ്ത്യാനികളുടെ ബൈബിളിന്റെ അടിത്തറ ഇളകി എന്നു നിരീ ശ്വരവാദികൾ പെരുമ്പറ മുഴക്കി. ഇപ്പറഞ്ഞ പ്രശ്നമൊന്നും പരിണാമവാദം മൂലം ബൈബിളിനു ഉണ്ടായിട്ടില്ല എന്നതാണു സത്യം. ശാസ്ത്രീയമായി ഇന്നുവരെ പരിണാമവാദം തെളിയിക്കപ്പെട്ടിട്ടില്ല. ബൈബിളിലെ സൃഷ്ടി വിവരണത്തെ ചോദ്യം ചെയ്യുന്ന യാതൊരു ശാസ്ത്രീയ നിലപാടും ഡാർവ്വിന്റെ പരിണാമവാദത്തി ലില്ല. ഡാർവ്വിന്റെ പരിണാമവാദത്തിൽ പലപ്പോഴായി പല ഭേദഗതികളും പരിഷ്ക്കാര ങ്ങളും ഏച്ചുകെട്ടലുകളും സംഭവിച്ചു. 1982-ൽ ഡാർവ്വിന്റെ ചരമ ശതാബ്ദി വർഷത്തിൽ മറ്റൊരു നവീകരണം കൂടെ ഉണ്ടായി. ''പരിണാമം തുടർച്ചയായി മന്ദഗതിയിൽ മാത്രം നടക്കുന്ന ഒരു പ്രതിഭാസം" എന്ന ഡാർവ്വിൻ നിഗമനത്തിനാണ് തിരുത്തൽ ഉണ്ടായത്. യു. എസ്. ഫോസിൽ ശാസ്ത്ര ജ്ഞനായ സ്റ്റീഫൻ ജെ. ഗൂൾഡ് (ഹാർ



"'ജ്ഞാനിയെ പ്രബോധിപ്പിക്ക, അവന്റെ ജ്ഞാനം വർദ്ധിക്കും; നീതിമാനെ ഉപദേശിക്ക അവൻ വിദ്യാഭിവൃദ്ധി പ്രാപിക്കും.''
(സദൃശ്യവാക്യങ്ങൾ ൯:൯)

വാർഡ് യൂണിവേഴ്സിറ്റി), നീൽസ് എൽഡ്രെഡ്ജ് എന്നിവരാണ് നവീകരണ ശ്രമവുമായി രംഗത്തു വന്നത്. സ്റ്റീഫൻ ജെ. ഗൂൾഡ് പറയുന്നു: “യുഗങ്ങളിലൂടെ അനുസ്യൂതമായി നടക്കുന്ന ഒന്നല്ല പരിണാമം. പരിണാമത്തിന്റെ ചില ഘട്ടങ്ങളിൽ പൊടുന്നനെയെന്നവണ്ണം ഒരു പുതിയ ഇനം പ്രത്യക്ഷപ്പെടുന്നു. അനുസ്യൂതതയില്ല. വിട്ടുവിട്ടുള്ള പോക്കാണ്. അതിനിടയിൽ ഡാർവ്വിൻ പറയുന്നതു പോലെ കിട്ടാക്കണ്ണികൾ (Missing Links) ഒന്നും ഇല്ല.'' ഡാർവ്വിനിസത്തെ ഗൂൾഡ് തിരുത്തുമ്പോൾ ഡാർവ്വിനെ രക്ഷിക്കാനും ശ്രമിക്കുകയാണ്. പരിണാമവാദത്തിൽ നിന്നും കിട്ടാക്കണ്ണികളെ (Missing Links) ഗൂൾഡ് സഹതാപപൂർവ്വം ഒഴിവാക്കുകയും ചെയ്തു! ഫോസിൽ പഠനങ്ങളെ ആശ്രയിച്ചുള്ള ഈ പുതിയ സിദ്ധാന്ത (തിയറി ഓഫ് പങ്ചുവേറ്റഡ് ഈക്വിലിബ്രിയ)ത്തെ പക്ഷേ, ജനിതക ശാസ്ത്രജ്ഞന്മാർ എതിർത്തു. ജീവിവർഗ്ഗത്തിനുണ്ടായി എന്നു പറയുന്ന പരിണാമങ്ങൾ പൂർണ്ണമായും ഫോസിലുകളിൽ നിന്നും കണ്ടെത്താനാവില്ലെന്നു അവർ ചൂണ്ടിക്കാട്ടി.

കെംബ്രിഡ്ജ് യൂണവേഴ്സിറ്റി പ്രൊഫസറും പ്രസിദ്ധ ശാസ്ത്രജ്ഞനുമായ സ്റ്റീഫൻ വില്യം ഹോക്കിംഗ് നിരീശ്വരവാദ പക്ഷത്തു നില്ക്കുന്ന ഗവേഷകനാണ്. “ശാസ്ത്രനിയമങ്ങൾ തകർന്നു പോയ വൈചിത്ര്യങ്ങളൊന്നും ഇല്ല. അതു പോലെ സ്ഥലകാലത്തിന്റെ അതിർത്തി നിബന്ധനകളെ സ്ഥാപിക്കുന്നതിനു ദൈവത്തോട് അപേക്ഷിക്കുകയോ പുതിയ നിയമങ്ങൾ ഉണ്ടാക്കുകയോ ചെയ്യേണ്ട തരത്തിൽ സ്ഥലകാലത്തിനു ഒരതിരും ഇല്ല.. പരപ്രേരണയോ പരാശ്രയമോ വേണ്ടാത്തതും ബാഹ്യശക്തികളുടെ സ്വാധീനം ഏല്ക്കാത്തതുമായ പ്രപഞ്ചം സ്വയം പൂർണ്ണമാണ്. അതിനെ സൃഷ്ടിക്കുവാനോ നശിപ്പിക്കുവാനോ സാദ്ധ്യമല്ല. അതങ്ങനെ തന്നെ നിലകൊള്ളുന്നതാണ്. അപ്പോൾപ്പിന്നെ ഒരു സ്രഷ്ടാവിന്റെ ആവശ്യമെന്ത്?” സ്റ്റീഫൻ ഹോക്കിംഗിന്റെ ഈ പ്രസ്താവന തെളിയിക്കപ്പെട്ട ശാസ്ത്ര ധാരണയല്ല. നിരീശ്വരവാദത്തിലധിഷ്ഠിതമായി, സങ്കല്പത്തിന്റെയും അനുമാനത്തിന്റെയും സമീപനം സ്വീകരിച്ചുള്ള ഒരു ഗണിതശാസ്ത്ര ഇടപെടൽ മാത്രമാണിത്. ആദിയിൽ എന്ത്? പ്രപഞ്ചം എങ്ങനെ രൂപം കൊണ്ടു? എന്നീ ചോദ്യങ്ങൾക്ക ഉത്തരം നല്കാനാവാത്ത സ്ഥിതിയിൽ ആദിവൈചാത്ര്യങ്ങൾ ഒഴിവാക്കി പ്രപഞ്ചം ആദിയിൽ ഒരു വൈചിത്ര്യരഹിത അവസ്ഥയിൽ രൂപം കൊണ്ടു എന്നു സങ്കല്പിച്ച് ഹോക്കിംഗ്സ് ആശ്വസിക്കുകയായിരുന്നു. അതേസമയം A Brief History of Time എന്ന ഗ്രന്ഥത്തിൽ പ്രപഞ്ചോല്പത്തിയിൽ ഒരു സ്രഷ്ടാവിന്റെ ആവശ്യകതയെ അംഗീകരിക്കുവാൻ അദ്ദേഹം നിർബ്ബന്ധിതനാകുന്നുണ്ട്. അമേരിക്കയുടെ അദ്യ ബഹിരാകാശ ഉപഗ്രഹ വിക്ഷേപത്തിനു നേതൃത്വം നല്കിയ നാസാ ഡയറക്ടർ വോണർ വോൺ ബ്രൗൺ എഴുതി: ''കാലങ്ങൾ പിന്നിടും തോറും ശാസ്ത്രീയമായ കൂടുതൽ അറിവുകൾ നമുക്കു ലഭിക്കുന്നുണ്ട്. പക്ഷേ, ഓരോ പുതിയ അറിവിനു മോടൊപ്പം കുറഞ്ഞത് മൂന്നു പുതിയ ചോദ്യങ്ങളെങ്കിലും ഉത്തരം കണ്ടെത്തേണ്ടതായി ഉണ്ടാകുന്നു. ഈ ഓരോ ചോദ്യവും പ്രപഞ്ചത്തിനു പിന്നിൽ ഒരു സ്രഷ്ടാവ് ഉണ്ടെന്നു നമ്മെ ഓർമ്മപ്പെടുത്തുന്നു.

ദൈവികമായ ഒരു പദ്ധതിക്കു മാത്രമെ ഇത്ര കൃത്യമായി, മനോഹരമായി, ക്രമീകൃതമായി, പൂർണ്ണമായി ഒരു സൃഷ്ടി നടത്തുവാൻ സാധിക്കുകയുള്ളൂ."

## ആറ്റം (Atom).

ആറ്റം (Atom) വിഭജിക്കാനാവാത്ത ഏറ്റവും ചെറിയ ഏകകമാണ് (കണിക, കണം) എന്നു ഒരു കാലത്ത് ശാസ്ത്രം കരുതിയിരുന്നു. 1897-ൽ സർ ജെ.ജെ. തോപ്സൺ ഇലക്ട്രോണുകളെ വേർതിരിച്ചെടുത്തപ്പോൾ ആറ്റത്തെക്കുറിച്ചുള്ള ശാസ്ത്ര ധാരണ തിരുത്തപ്പെട്ടു. 1932-ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ചാഡ്‌വിക്ക് ന്യൂട്രോണുകളെയും കണ്ടെത്തി. പ്രോട്ടോണുകളും വേർതിരിച്ചെടുത്തു. ആറ്റത്തെ ഇലക്ട്രോൺ, ന്യൂട്രോൺ, പ്രോട്ടോൺ എന്നിങ്ങനെ വേർതിരിച്ചപ്പോൾ ആറ്റം (Atom) എന്ന പദത്തിനു തന്നെ അർത്ഥഭേദം സംഭവിച്ചു. ഈ പരമ്പരയിൽ മെസോണുകളും ഗ്ലൂവോണുകളും ലെപ്ടോണുകളും ഉൾചേർക്കപ്പെടുന്നു. ശാസ്ത്രനിഘണ്ടുക്കളിൽ "വിഭജിക്കപ്പെടാനാവാത്തത്" എന്ന അർത്ഥത്തിൽ ആറ്റം (Atom) എന്ന പദം സ്ഥാനം പിടിച്ചപ്പോൾ അപ്പോസ്തലനായ പത്രോസ് എഴുതിയിട്ടത് "മൂലപദാർത്ഥം വെന്തഴിയും" എന്നാണ്. "മൂലപദാർത്ഥങ്ങൾ കത്തി അഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോവുകയും ചെയ്യും" (2 പത്രോസ് 3:10,11) പത്രോസിന്റെ പ്രസ്താവനയ്ക്ക് സർ ജെ.ജെ.തോപ്സണും ചാഡ്‌വിക്കും അടിവരയിടുകയായിരുന്നു.

പ്രപഞ്ചത്തിലെ കണങ്ങളെ അടിസ്ഥാനപരമായി രണ്ടു വിധത്തിൽ വേർതിരിക്കാം. ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നിവ പദാർത്ഥ കണങ്ങളാണ്. ഇവ തമ്മിലുള്ള പ്രതിപ്രവർത്തനങ്ങൾക്കു നിമിത്തമാകുന്ന കണങ്ങൾ ബലങ്ങളുടെ വാഹക കണങ്ങളുമാണ്. ഫോട്ടോൺ (പ്രകാശകണം), പയോൺ (ന്യൂക്ലിയർ ബലത്തിനു ആധാരം) എന്നിവ രണ്ടാമത്തെ ഗ്രൂപ്പിൽ ഉൾപ്പെടുന്നു. പദാർത്ഥ കണങ്ങളുടെ ശാസ്ത്രനാമം ഫെർമിയോണുകൾ എന്നാണ്. ബലവാഹക കണങ്ങൾ ബോസോണുകൾ എന്നും അറിയപ്പെടുന്നു.

**മഹാവിസ്ഫോടനം നടന്നത് വെറും യാദൃശ്ചികത (Chance) എന്നു പറയുമ്പോൾ സിദ്ധാന്തം വെറും മിഥ്യയായും അന്ധവിശ്വാസമായും മാറുകയാണ്. "യാദൃശ്ചികം" എന്ന പ്രസ്താവന ശാസ്ത്രസംബന്ധിയല്ല.**

## പ്രപഞ്ചം.

## എങ്ങനെ ഉണ്ടായി?

പ്രപഞ്ചം എക്കാലവും ഒരു നിത്യവിസ്മയമായി നിലനില്ക്കുകയാണ്. ഈ പ്രപഞ്ചം എങ്ങനെ ഉണ്ടായി? എന്ന ചോദ്യം അനേകരെ അസ്വസ്ഥരാക്കിയിട്ടുണ്ട്. പലരെ സംബന്ധിച്ചിടത്തോളം അത് ഉത്തരമില്ലാത്ത ചോദ്യമാണ്. എന്നാൽ, ബൈബിളിൽ ദാവീദ് പാടി: "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു, ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീർത്തനങ്ങൾ 19:1). പ്രപഞ്ചത്തിന്റെ ഉല്പത്തിയെപ്പറ്റി ഗൗരവപൂർവ്വം അന്വേഷിച്ച നിരവധി ദാർശനികരും ശാസ്ത്രജ്ഞന്മാരും ഉണ്ട്. ആര്യഭട്ടൻ (എ.ഡി.499), ടോളമി, ഗലീലിയോ, ഐസക്ക് ന്യൂട്ടൻ, കെപ്ലർ, കോപ്പർ നിക്കസ്,

"യഹോവ തന്റെ സകല വഴികളിലും നീതിമാനും തന്റെ സകല പ്രവൃത്തികളിലും ദയാലുവും ആകുന്നു" ( സങ്കീർത്തനങ്ങൾ 145:17)

നീൽസ് ബോർ, ലൂയി ഡീബ്രോയ്, ഷ്റോഡിഞ്ചർ, ഫ്രീഡ്മാൻ, ഹീസൻ ബർഗ്, എഡ്വിൻ ഹബിൻ, ചന്ദ്രശേഖർ, ഐൻസ്റ്റീൻ, സ്റ്റീഫൻ ഹോക്കിംഗ്, അലൻ ഗുത്ത്, ഏണസ്റ്റ് ജെ.ഒപ്പിക്ക്, ഹെർമൻ ബോണ്ടി, തോമസ് ഗോൾഡ്, ഫ്രെഡ് ഹോയൽ, ഡിറാക്ക്, റാൾഫ് ആൽഫർ, റോബർട്ട് ഹെർമൻ, ആർനോ പെൻസിയാസ്, ആർ. ഡബ്ല്യു. വിത്സൻ തുടങ്ങി പാശ്ചാത്യരും പൗരസ്ത്യരുമായ നിരവധി ശാസ്ത്രജ്ഞന്മാരുടെയും ജ്യോതിശാസ്ത്രജ്ഞന്മാരുടെയും പേരുകൾ ഓർക്കുവാൻ കഴിയും. പ്രപഞ്ചോല്പത്തി സംബന്ധിച്ചുള്ള അവരുടെ അന്വേഷണങ്ങളും പഠനങ്ങളും ഇവിടെ ചിന്താർഹമാണ്.

## മഹാവിസ്പോടനം.

പ്രപഞ്ചത്തിന്റെ ഉല്പത്തി തേടിയുള്ള അന്വേഷണങ്ങൾ പലതും ശാസ്ത്രമേഖലയിൽ അരങ്ങേറുന്നുണ്ടല്ലോ. അതിന്റെ അടിസ്ഥാനത്തിൽ ഓരോരോ കാലഘട്ടത്തിൽ ശാസ്ത്രജ്ഞന്മാർ ഓരോരോ നിലപാടുകൾ സ്വീകരിച്ചു. ധാരണകൾക്കു രൂപം നല്കി. വാസ്തവത്തിൽ അവരിൽ ആരും സംതൃപ്തരായിരുന്നില്ല. പിന്നേയും അന്വേഷണം തുടരണം എന്ന ചിന്തയാണ് ഉണ്ടായത്. ശരി ഉത്തരം പിന്നെയും അകലെയാണ് എന്നവർ മനസ്സിലാക്കി. ഓരോ പഠനങ്ങളും പുറത്തുവരുമ്പോൾ തൊട്ടുമുമ്പുള്ള "കണ്ടെത്തലുകൾ" നിഷേധിക്കപ്പെടുകയോ തിരുത്തപ്പെടുകയോ സംശയിക്കപ്പെടുകയോ ചെയ്തിരുന്നു. ഈ കണ്ടെത്തലുകളിലൊന്നും സ്രഷ്ടാവായ ദൈവത്തിന്റെ സാദ്ധ്യതയെ ചോദ്യം ചെയ്യുന്ന യാതൊന്നും ഉണ്ടായിരുന്നില്ല.

ഈ പരമ്പരയിൽ മഹാവിസ്പോടന സിദ്ധാന്ത (Big Bang Theory) മാണ് തൊട്ടു പിന്നിലുള്ളത്. 1360 കോടി വർഷം മുമ്പ് ഒരു മഹാവിസ്പോടനം നടന്നെന്നും അങ്ങനെയാണ് പ്രപഞ്ചം രൂപം കൊണ്ടതെന്നും മഹാവിസ്പോടന സിദ്ധാന്തം പറഞ്ഞു പോകുന്നു. ഇതിന്റെ സാദ്ധ്യത വെറും യാദൃശ്ചികത (Chance) മാത്രമാണെന്നാണ് വിശദീകരണം. പ്രപഞ്ചം തത്വത്തിൽ സ്വയംഭൂവാണെന്നു പറയുന്ന ഈ സിദ്ധാന്തം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. അതൊരു ചിന്ത മാത്രമായി നിലകൊള്ളുന്നു. മഹാവിസ്പോടനം നടന്നത് വെറും യാദൃശ്ചികത (Chance) എന്നു പറയുമ്പോൾ സിദ്ധാന്തം വെറും മിഥ്യയായും അന്ധവിശ്വാസമായും മാറുകയാണ്. "യാദൃശ്ചികം" എന്ന പ്രസ്താവന ശാസ്ത്രസംബന്ധിയല്ല. ഈ പൊട്ടിത്തെറി സിദ്ധാന്തം ആവിഷ്ക്കരിച്ചത് ജോർജ്ജ് ഗാമോവ് (George Gamov) ആണ്.

പ്രൊഫ. ജി. ജെ. ശശിധരന്റെ വാക്കുകൾ: "പ്രപഞ്ചത്തിലെ മുഴുവൻ ദ്രവ്യവും ഊർജ്ജവും സ്ഥലവും കാലവും എല്ലാം ഇപ്പറഞ്ഞ ആദിസ്പോടനത്തിലൂടെ ഒന്നിച്ചുണ്ടായെന്നും പെട്ടെന്ന് അതായത്, ഒരു സെക്കന്റിന്റെ ഒരു ലക്ഷം കോടിയിൽ ഒരംശം സമയം കൊണ്ട് ഇല്ലാത്ത വലിപ്പത്തിനു തുല്യമായ വലിപ്പത്തിലേയ്ക്കു വികസിച്ചുവെന്നും ഈ സിദ്ധാന്തം അനുമാനിക്കുന്നു. ഈ സമയത്ത് പ്രപഞ്ചത്തിനു പത്തുലക്ഷം കോടി ഡിഗ്രി ചൂടും ജലത്തിന്റെ കോടി കോടി മടങ്ങ് സാന്ദ്രതയും ഉണ്ടായിരുന്നുവെന്നും പ്രപഞ്ചം ക്രമേണ വികസിക്കു

**ജ്ഞാനത്താൽ യഹോവ ഭൂമിയെ സ്ഥാപിച്ചു വിവേകത്താൽ അവൻ ആകാശത്തെ ഉറപ്പിച്ചു. (സദൃശ്യവാക്യങ്ങൾ 3: 19)**

കയും തണുക്കുകയും ചെയ്തു എന്നുമാണ് ഈ സിദ്ധാന്തത്തിലെ കാതലായ സങ്കല്പം." (മഹാപ്രപഞ്ചം). ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ലെങ്കിലും പ്രപഞ്ചോല്പത്തി സംബന്ധിച്ചുള്ള ഈ സിദ്ധാന്തം ഏറെക്കുറെ ആളുകൾ ഒരു ശാസ്ത്രീയ നിലപാടും വിശദീകരണവുമായി വിശ്വസിച്ചു വരുന്നുണ്ട്. മഹാവിസ്പോടന സിദ്ധാന്തത്തിന്റെ വിശദീകരണം കേൾക്കുമ്പോൾ പ്രൊഫ. എഡ്വിൻ കോൺക്ലിന്റെ വാക്കുകളാണ് ഓർമ്മയിൽ വരിക: " ഒരു അച്ചടിശാലയിൽ ഉണ്ടായ സ്പോടനത്തിന്റെ ഫലമായി ഒരു വലിയ നിഘണ്ടു രൂപം കൊണ്ടു പുറത്തു വന്നു എന്നു പറയുന്നത് ഏറ്റവും വലിയ അബദ്ധമാണെന്നു ആർക്കാണ് അറിഞ്ഞു കൂടാത്തത്? അതുപോലെ പരമ അബദ്ധമാണ് മഹാവിസ്പോടനത്തിൽ ജീവനും പ്രപഞ്ചവും ഉടലെടുത്തു എന്നു പറയുന്നത്."

## ദൈവകണം തേടി.

പ്രപഞ്ചത്തിന്റെ ഉല്പത്തിയുടെ കാരണം കണിക (കണം, Particle) യാണെന്നും അത് കണ്ടെത്തണമെന്നും ഉള്ള ആശയം ഇൻഡ്യൻ ശാസ്ത്രജ്ഞനായ സത്യേന്ദ്ര നാഥ് ബോസ് 1924-ൽ അവതരിപ്പിച്ചു. തന്റെ ഗവേഷണ പ്രബന്ധം ഡോ.ആൽബർട്ട് ഐൻസ്റ്റീനു നല്കി. ഐൻസ്റ്റീൻ സത്യേന്ദ്ര നാഥിനെ അഭിനന്ദിച്ചു. ഐൻസ്റ്റീൻ സത്യേന്ദ്രനാഥിന്റെ നിഗമനങ്ങളോട് ആഭിമുഖ്യം പുലർത്തി "ബോസ് ഐൻസ്റ്റീൻ സ്റ്റാറ്റിസ്റ്റിക്സ്"അവതരിപ്പിച്ചു. ഈ രംഗത്ത് കനത്ത സംഭാവനകൾ നലകിയ ബോസിനെ നൊബേൽ സമ്മാന കമ്മറ്റി അവഗണിച്ചു.

കണം സിദ്ധാന്തം ആസ്പദമാക്കിയുള്ള പഠനം മുന്നോട്ടു പോവുകയാണ്. ഭൗതിക ശാസ്ത്രത്തിൽ നൊബേൽ സമ്മാനം ലഭിച്ച, ഫെർമി ലാബ് ഡയറക്ടർ ലിയോൺ ലീഡർമാൻ 1993-ൽ The God particle: If the universe is the answer what is the question? ( ദൈവകണം: പ്രപഞ്ചം ഉത്തരമാണെങ്കിൽ ചോദ്യം എന്താണ്?) എന്ന ഗ്രന്ഥം രചിച്ചു. ഡിക്സരേസി എന്ന ശാസ്ത്ര സാഹിത്യകാരൻ ലീഡർമാന് സഹായിയായി. പുസ്തകത്തിന്റെ തലക്കെട്ടിലെ God particle എന്ന പദപ്രയോഗം ലീഡർമാന് സ്വീകാര്യമായില്ലെന്നും അത് പ്രസാധകരുടെ തന്ത്രമായിരുന്നുവെന്നും അഭിപ്രായമുണ്ട്. കണം സിദ്ധാന്തം അവതരിപ്പിച്ചുകൊണ്ട് നിരീശ്വരവാദിയും എബിൻബറോ യൂണിവേഴ്സിറ്റിയിലെ പ്രഫസറുമായ പീറ്റർ ഹിഗ്സ് 1964-ൽ സഹപ്രവർത്തകരായ അഞ്ചു ഗവേഷകരോടൊപ്പം ഗവേഷണ പ്രബന്ധം ശാസ്ത്ര സമൂഹത്തിനു സമർപ്പിച്ചു. ഈ കണം വാസ്തവത്തിൽ ഹിഗ്സ് ബോസോൺ എന്ന പേരിലാണ് അറിയപ്പെട്ടത്. സബ് ആറ്റോമിക കണിക (ഹിഗ്സ് ബോസോൺ) യെ കണ്ടെത്തുക ശ്രമകരമാണെന്നു ബോദ്ധ്യപ്പെട്ടപ്പോൾ ലീഡർമാനെപ്പോലെ പീറ്റർ ഹിഗ്സും "നാശം പിടിച്ച കണം" (Goddam particle) എന്നു പുച്ഛഭാവത്തിൽ സംബോധന ചെയ്യുകയാണുണ്ടായത്.

പുസ്തക പ്രസാധകർക്ക് Goddam particle എന്നു ഗ്രന്ഥനാമം നല്കുന്നതിൽ താല്പര്യം ഉണ്ടായില്ല. കൂടുതൽ വായനക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റുവാനും കൂടുതൽ വില്പന പ്രതീക്ഷിച്ചും അവർ God particle

എന്നു ഭേദഗതി വരുത്തുകയായിരുന്നു. ആവശ്യമില്ലാതെ ദൈവത്തെ ഈ സംവാദത്തിൽ പ്രതിസ്ഥാനത്തു നിറുത്തി വിവാദമാക്കുകയായിരുന്നു. God എന്ന പദം വന്നതോടെ വിഷയം കൂടുതൽ ചർച്ചാവിഷയമായി, വില്പന സാദ്ധ്യത വർദ്ധിക്കുകയും ചെയ്തു. നാസ്തിക പ്രധാനമായ ഒരാശയമാണ് പീറ്റർ ഹിഗ്സ് അവതരിപ്പിച്ചതെങ്കിലും എഡിറ്ററുടെ ഇടപെടലുകൾ കൊണ്ട് (ഇതിൽ ഗ്രന്ഥകാരന്റെ മൗനാനുവാദം ഉണ്ടായിരിക്കും) കണം തേടിയുള്ള അന്വേഷണത്തിൽ പ്രപഞ്ചോല്പത്തിയുടെ അടിസ്ഥാന കാരണമായ ദൈവത്തെ അവഗണിക്കാനാവില്ല എന്ന യാഥാർത്ഥ്യത്തിനു അടിവരയിടുകയായിരുന്നു. ഇങ്ങനെ "ദൈവകണം"(God particle) ശാസ്ത്രമേഖലയിൽ ചർച്ചാവിഷയമായി.

**എന്തെല്ലാം കണ്ടെത്തലുകൾ ഇനിയും നടക്കണമെന്നത് ദൈവത്തിനറിയാം. പ്രപഞ്ചത്തിന്റെ 95 ശതമാനവും ഇനിയും വിശദീകരിക്കപ്പെടുവാൻ അവശേഷിക്കുകയാണ്. ദൃശ്യമായതിനേക്കാൾ അദൃശ്യമായതാണ് അധികവും. പ്രപഞ്ചം സംബന്ധിച്ച രഹസ്യങ്ങളുടെ കലവറകളുടെ താക്കോൽ സേണിലും മനുഷ്യകരങ്ങളിൽ എത്തിച്ചേർന്നിട്ടില്ലെന്നു ചുരുക്കം. പ്രസ്തുത താക്കോൽ ഇപ്പോഴും ദൈവകരങ്ങളിൽ തന്നെ.**

## ദൈവകണം.

## പരീക്ഷണം.

സ്വിറ്റ്സർലാന്റ് - ഫ്രാൻൻസ് അതിർത്തിയിൽ ഭൂമിക്കടിയിൽ തീർത്ത ലാർജ് ഹാഡ്രോൺ കൊളൈഡർ ( L.H.C) എന്ന പരീക്ഷണശാല നൂറുമീറ്റർ താഴ്ചയിൽ 27 കി.മീറ്റർ ചുറ്റളവിൽ വൃത്താകൃതമായി നിർമ്മിച്ച ഒരു തുരങ്കമാണ്. ഇതുവരെ ശാസ്ത്രീയമായി തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത മഹാവിസ്പോടന സിദ്ധാന്തം (Big Bang Theory) അടിസ്ഥാനമായി സങ്കല്പിച്ച് മഹാവിസ്പോടനം നടന്നു എന്നു ഊഹിക്കുന്നതിനു തൊട്ടടുത്തുള്ള നിമിഷങ്ങൾ പുനഃസൃഷ്ടിക്കുകയായിരുന്നു പരീക്ഷണം കൊണ്ട് ലക്ഷ്യമിട്ടത്. ഈ തുരങ്കത്തിലൂടെ പ്രോട്ടോൺ ധാരകളെ പ്രകാശവേഗത്തിൽ കൂട്ടിയിടിപ്പിച്ച് അടിസ്ഥാന കണികകളെ വേർപെടുത്തി ദൈവകണത്തെ കണ്ടെത്തുക.

പ്രപഞ്ചം മുഴുവൻ വ്യാപിച്ചു നില്ക്കുന്ന ഊർജ്ജമണ്ഡലത്തിലാണ് "ദൈവകണ"ത്തിന്റെ സാന്നിദ്ധ്യം ഉള്ളത്. ഊർജ്ജമണ്ഡലത്തിലൂടെ സഞ്ചരിക്കുന്ന കണങ്ങൾക്ക് പിണ്ഡം (ദ്രമൈ) ലഭിക്കും എന്നു പീറ്റർ ഹിഗ്സ് ചൂണ്ടിക്കാട്ടി. ദ്രവ്യത്തിനു പിണ്ഡം നല്കുന്നത് ദൈവകണ (ഹിഗ്സ് ബോസോൺ) മാണ്. വിസ്പോടനഫലമായി വിവിധ ഇനം കണികകൾ രൂപപ്പെടും. ഇവയിൽ നിന്നും ദ്രവ്യങ്ങളും പദാർത്ഥങ്ങളും ഉണ്ടാകും. ഇങ്ങനെ ഉണ്ടായ വിവിധ ഇനം ക്വാർക്കുകളും ലെപ്റ്റോണുകളും ഗ്ലൂവോണുകളും ബോസോണുകളും ഉൾപ്പെട്ട അടിസ്ഥാന കണികകൾ ചേരുന്ന 36 ഇനം കണികകൾ കൊണ്ടാണ് പ്രപഞ്ചം രൂപപ്പെട്ടത്. അടിസ്ഥാന കണികകളിൽ (12 എണ്ണത്തിൽ) ദൈവകണം (ഹിഗ്സ് ബോസോൺ) ഒഴികെ ബാക്കിയെല്ലാം കണ്ടെത്തിയിട്ടുണ്ട് എന്നു പീറ്റർ ഹിഗ്സ് അവകാശപ്പെടുന്നു. ഇനി ദൈവകണം (ബോസോൺ) കണ്ടെത്തേണ്ടിയിരിക്കുന്നു.

> ''കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗവും ആകുന്നു.'' (സദൃശ്യവാക്യങ്ങൾ 6:23)

ഇതാണ് ഹിഗ്സ് മെക്കാനിസം പറയുന്നത്. 1993-ൽ ഡേവിഡ് മില്ലർ എന്ന ശാസ്ത്രജ്ഞൻ ഒരു വിരുന്നുശാലയിൽ ഹിഗ്സ് മെക്കാനിസം വിശദീകരിച്ചിരുന്നു.

2008 സെപ്തംബർ 10-ാം തിയ്യതി ആരംഭിച്ച പരീക്ഷണം (സേൺ) 2012 ജൂലൈ 4-ാം തിയ്യതി ഭാഗികമായി അവസാനിച്ചപ്പോൾ പരീക്ഷണം 'കണം പരിധിയോളം വിജയിച്ചു "എന്ന ഔദ്യോഗിക പ്രഖ്യാപനം പുറത്തുവന്നു. ഹിഗ്സ് ബോസോണിന്റെ സാന്നിദ്ധ്യം 99.999% ഉറപ്പാക്കാമെന്നും ദൈവകണം പൂർണ്ണമായി കണ്ടെത്താനുള്ള പരിശ്രമം തുടരും എന്നും വിളംബരം ഉണ്ടായി. സേണിന്റെ ഡയറക്ടർ ജനറൽ റോൾഫ് ഹ്യൂവെർ കണികാ പ്രഖ്യാപനത്തിൽ പറഞ്ഞു: "ഹിഗ്സ് ബോസോൺ പോലുള്ള ഒരു കണിക കണ്ടെത്തിയിരിക്കുന്നു." ( We can only call it a Higgs Boson, not the Higgs Boson) ഏകദേശം അര നൂറ്റാണ്ടു ദീർഘിച്ച മനുഷ്യ മഹാപ്രയത്നത്തിന്റെ പരിസമാപ്തി! ഈ പ്രഖ്യാപനത്തിനു പീറ്റർ ഹിഗ്സും സാക്ഷ്യം വഹിച്ചു. കണം സംബന്ധിച്ചുള്ള ഗവേഷണ വഴിയിൽ സേൺ ഒരു പൂർണ്ണതയല്ല. പ്രപഞ്ചം എന്ന സത്യം സംബന്ധിച്ചു ഇനിയും മനസ്സിലാക്കേണ്ട, വിശദീകരിക്കേണ്ട സമസ്യകൾ നിരവധിയാണ്. എന്തെല്ലാം കണ്ടെത്തലുകൾ ഇനിയും നടക്കണമെന്നത് ദൈവത്തിനറിയാം. പ്രപഞ്ചത്തിന്റെ 95 ശതമാനവും ഇനിയും വിശദീകരിക്കപ്പെടുവാൻ അവശേഷിക്കുകയാണ്. ദൃശ്യമായതിനേക്കാൾ അദൃശ്യമായതാണ് അധികവും. അതുകൊണ്ട് സേൺ തുരങ്കത്തിന്റെ വാതിൽ അടയ്ക്കേണ്ടിവരില്ല. പ്രപഞ്ചം സംബന്ധിച്ച രഹസ്യങ്ങളുടെ കലവറകളുടെ താക്കോൽ സേണിലും മനുഷ്യകരങ്ങളിൽ എത്തിച്ചേർന്നിട്ടില്ലെന്നു ചുരുക്കം. പ്രസ്തുത താക്കോൽ ഇപ്പോഴും ദൈവകരങ്ങളിൽ തന്നെ.

നൊബേൽ സമ്മാന കമ്മിറ്റി സത്യേന്ദ്രനാഥ് ബോസിനെ അവഗണിച്ചു എങ്കിലും ഇന്നത്തെ സേൺ പരീക്ഷണ ചരിത്രത്തിൽ "ഹിഗ്സ് ബോസോൺ" എന്ന പദപ്രയോഗത്തിൽ ഇന്ത്യയുടെ അഭിമാനമായ ബോസിന് (ബോസോൺ) ആദരപൂർവ്വം ഇടം ലഭിച്ചു എന്നത് ദൈവത്തിന്റെ നീതിയാണ്. ഡോ. സി. വി ആനന്ദബോസ് എഴുതുന്നു:"സേണിലെ ഗുഹാശാലയിൽ വെച്ച് റോബർട്ട് ഐമർ ചോദിച്ച ഒരു ചോദ്യമുണ്ട്. ലോകത്ത് പൊതുജനാരോഗ്യം, കുടിവെള്ളം, ഊർജ്ജം തുടങ്ങിയ മൗലിക പ്രശ്നങ്ങൾക്കു ഊന്നൽ കൊടുക്കേണ്ടതുള്ളപ്പോൾ സേൺ ചെയ്യുംപോലെ പെട്ടെന്നു പ്രയോജനം ഉണ്ടാവാത്ത അടിസ്ഥാന ഗവേഷണങ്ങൾക്കു വേണ്ടി ഇത്രയധികം വിഭവശേഷി ചെലവഴിക്കുന്നത് ഉചിതമോ?" സേൺ പരീക്ഷണത്തേയും കണ്ടെത്തലിനേയും ദൈവത്തിനെതിരെ തിരിച്ചു വിടുവാൻ ഒരു വിഭാഗം ശാസ്ത്രജ്ഞന്മാർ പരിശ്രമിച്ചു എങ്കിലും ഇവിടെ ദൈവത്തിനും ദൈവവിശ്വാസത്തിനും എതിരെ യാതൊരു അശുഭസൂചനയും കണ്ടെത്താനായില്ല. സേൺ പരീക്ഷണമോ കണ്ടെത്തലോ ഒരു വിധത്തിലും നിരീശ്വരവാദത്തെ പ്രോത്സാഹിപ്പിക്കുന്നുമില്ല. പ്രപഞ്ചോല്പത്തി എങ്ങനെ? എന്ന ചോദ്യത്തിനു സേണിലും ശരിയുത്തരം കിട്ടാതിരിക്കുമ്പോൾ ബൈബിളിൽ രേഖ

പ്പെടുത്തിയിരിക്കുന്നത് ഇങ്ങനെ: "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു'' (യോഹന്നാൻ 1:1). പ്രപഞ്ചത്തിന്റെ ഉല്പത്തി സംബന്ധിച്ച മൂലകാരണം സ്രഷ്ടാവായ ദൈവമാണ്. ദൈവശാ സ്ത്രജ്ഞനും സഭാപിതാവുമായ നിസ്സാ യിലെ ഗ്രിഗറി (Gregory of Nyssa, 335-395) പദാർത്ഥ (Matter) ത്തെ ''ദൈവത്തിന്റെ ഊർജ്ജം'' എന്നാണ് വിശേഷിപ്പിച്ചത്.

ഹിഗ്സ് ബോസോണിനു അതിൽ ത്തന്നെ അസ്തിത്വമില്ല. നിമിഷാർദ്ധ ങ്ങൾക്കുള്ളിൽ നശിച്ചു പോകുന്നു. ഇന്ദ്രിയങ്ങൾ കൊണ്ട് കാണാനുമാവില്ല. ഒരു മിന്നായം പോലെ സൂപ്പർ കമ്പ്യൂട്ടറിന്റെ സ്ക്രീനിൽ തെളിഞ്ഞ് ഉടനെ അപ്രത്യ ക്ഷമാകുന്ന ഹിഗ്സ് ബോസോണിനു സ്രഷ്ടാവായ ദൈവം എന്ന Intelligent Designer ന് പകരമാകുവാൻ കഴിയുമോ? ദൈവം സ്രഷ്ടാവും പരിപാലകനുമാണ്. ജീവന്റെ ദാതാവും ജീവിപ്പിക്കുന്നവനുമാണ്. പ്രവർത്തന നിരതനാണ്. ഇച്ഛാശക്തിയും സ്ഥിരാസ്ഥിത്വവും ഉള്ളവനാണ്. വ്യക്ത മായ പദ്ധതിയുണ്ട്. ഊർജ്ജത്തിൽ നിന്നും ആദ്യത്തെ തന്മാത്ര എങ്ങനെ ഉത്ഭവിച്ചു? പദാർത്ഥത്തിനു ഭാരമില്ലാതിരുന്നപ്പോൾ ഊർജ്ജത്തെ ഭാരമാക്കി മാറ്റിയത് ബോസോണാണെങ്കിൽ പദാർത്ഥം ഇല്ലാതിരുന്നപ്പോൾ (നോൺ എക്സി സ്റ്റൻസ്) ഊർജ്ജത്തിൽ നിന്നും പദാർത്ഥത്തെ സൃഷ്ടിച്ചതാരാണ്? ഇല്ലായ്മയിൽ (Ex-nihilo) നിന്നും പ്രപഞ്ചത്തെ സൃഷ്ടിച്ച സ്രഷ്ടാവിനെ ദൈവം എന്നല്ലേ വിളിക്കേണ്ടത്? ജീവനേയും പ്രപഞ്ചത്തേയും ഒരു പദ്ധതി പ്രകാരം ദൈവം ലക്ഷ്യത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നു. ഈ പ്രപഞ്ചത്തിന്റെ രൂപകല്പനയിൽ സ്രഷ്ടാവിന്റെ വിരൽപ്പാടുകൾ കാണാം. ഹിഗ്സ് ബോസോണിന്റ പരിമിതികൾ സേണിൽ ഭൗതിക ശാസ്ത്രത്തിനു ബോദ്ധ്യ മായിട്ടുണ്ട്. ഇവിടെ അപരിമേയനും നിത്യനും പ്രവർത്തന നിരതനുമായ സ്രഷ്ടാവായ ദൈവത്തിലേക്കുള്ള വഴി തുടങ്ങുകയാണ്. പ്രപഞ്ചോല്പത്തിയുടെ തുടക്കക്കാരനായി സ്രഷ്ടാവായ ദൈവത്തെ പ്രതിഷ്ഠിക്കുവാൻ നാസ്തികനായ പീറ്റർ ഹിഗ്സിനു ബുദ്ധിമുട്ടു ണ്ടാവുക സ്വാഭാവികം മാത്രം! കാരണം, അദ്ദേഹം നാസ്തികനാണല്ലോ. അതുകൊണ്ട് അദ്ദേഹം ദൈവത്തിന്റെ സ്ഥാനം ഹിഗ്സ് ബോസോണിനു നല്കി. ഇതു തികച്ചും അശാസ്ത്രീയമായ സമീപനം തന്നെ. ദൈവത്തിന്റെ സ്ഥാനത്ത് ദൈവം തന്നെ വേണം. വോൾട്ടേർ (1694–1778) എഴുതി: ''ദൈവം ഇല്ലെങ്കിൽ അദ്ദേഹത്തെ സൃഷ്ടിക്കേണ്ടി വരും." (കള ഏീറ ീ ലഃശൈ; ശ ീഹറ യല ിലരലമൈ്യ ീ ശിലി ഒശാ). ദൈവാസ്തിക്യത്തിന്റെ അനിവാര്യത ബോദ്ധ്യമായ വോൾട്ടേർ സ്വന്തം ഗ്രാമമായ ഫെർനെയിൽ ഒരു പള്ളി പണിത് അതിന്റെ ഭിത്തിയിൽ കുറിച്ചുവെച്ചു: "ഇത് വോൾട്ടേർ

> Juergen Mothimann എഴുതി: ''ചലനങ്ങളും താളങ്ങളും രൂപ ങ്ങളും സ്ഥിരാങ്കങ്ങളും അവയുടെ ഭൗതികമായ സമസ്ത സംയോജനങ്ങളുമെല്ലാം ദൈവാരൂപിയിൽ നിന്നു ഉരുത്തിരി യുന്ന പ്രാപഞ്ചിക ഊർജ്ജത്തിൽ അധിഷ്ഠിതമാണ്'' (God in Creation).

ദൈവത്തിനു വേണ്ടി പണിതുയർത്തിയിരിക്കുന്നു. Juergen Mothimann എഴുതി: "ചലനങ്ങളും താളങ്ങളും രൂപങ്ങളും സ്ഥിരാങ്കങ്ങളും അവയുടെ ഭൗതികമായ സമസ്ത സംയോജനങ്ങളുമെല്ലാം ദൈവാരൂപിയിൽ നിന്നു ഉരുത്തിരിയുന്ന പ്രാപഞ്ചിക ഊർജ്ജത്തിൽ അധിഷ്ഠിതമാണ്" (God in Creation).

## നിരീശ്വരവാദത്തോട് വിട.

സേണിൽ പ്രപഞ്ചോല്പത്തിയുടെ കാരണം തേടി പരീക്ഷണം മുന്നേറുമ്പോൾ അമേരിക്കയിലെ നിരീശ്വരവാദ വെബ്സൈറ്റിൽ പാഥേയോസ് ബ്ലോഗിൽ ഒരു നാസ്തികയുടെ സന്ദേശം തെളിഞ്ഞു. ദൈവാസ്തികൃത്തിനെതിരെ സ്ഥിരമായി എഴുതിക്കൊണ്ടിരുന്ന ലിയാ ലിബ്രെസ്കോയുടെ വിളംബരം ഇങ്ങനെ: "ഞാനൊരു ക്രിസ്ത്യാനിയായിരിക്കുന്നു. ക്രിസ്തുവിൽ മാത്രമേ ജീവിതത്തിനു അർത്ഥവും സൗന്ദര്യവും കൈവരുന്നുള്ളൂ എന്ന തിരിച്ചറിവിൽ നിന്നാണ് ക്രിസ്തീയ വിശ്വാസം സ്വീകരിച്ചത്. ധാർമ്മിക നന്മയുടെ സ്രോതസ്സ് ദൈവമാണെന്ന് ഞാൻ കണ്ടെത്തി. ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചു ചിന്തിക്കുവാൻ ഈ കണ്ടെത്തൽ എന്നെ സഹായിച്ചു. ദൈവം ഒരു ശക്തി മാത്രമല്ല; വ്യക്തിയാണ്. ഈ ചിന്ത എന്നെ ക്രിസ്തുവിലേയ്ക്കു നയിച്ചു. ഞാനൊരു ദൈവവിശ്വാസിയായിത്തീർന്നു എന്ന സത്യം എല്ലാവരോടും വിളിച്ചു പറയുവാൻ സന്തോഷം ഉണ്ട്."

ലിയാ ലിബ്രെസ്കോയുടെ മാനസാന്തര വിവരം അറിഞ്ഞപ്പോൾ നിരീശ്വരവാദിയായ ഹേമന്ത് മേത്ത പ്രതികരിച്ചത് ഇങ്ങനെ: " പെട്ടെന്നൊരു മാറ്റം എന്നെ അത്ഭുതപ്പെടുത്താതിരുന്നില്ല. അവളുടെ ഉള്ളിലൂടെ കടന്നുപോകുന്നത് എന്താണെന്നു അവൾക്കു മാത്രമേ അറിയൂ. വലിയൊരു ഭാരം ചുമലിൽ നിന്നു പോയതു പോലെയാകാം ലീനയ്ക്കിത്. പൊതു സമൂഹത്തിനു മുമ്പിൽ ഇതു ഏറ്റു പറയുക എന്നതു നിസ്സാര കാര്യമല്ല. എന്റെ എല്ലാവിധ ആശംസകളും ലീയായ്ക്കു നേരുന്നു". പ്രപഞ്ചോല്പത്തി എങ്ങനെ എന്ന ശാസ്ത്രാന്വേഷണത്തിനുള്ള ശരി ഉത്തരം ബൈബിളിലെ ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിന്റെ ഒന്നാം വാക്യത്തിലുണ്ട്: "ആദിയിൽ (Time) ദൈവം (Energy) ആകാശവും (Space) ഭൂമിയും (Matter) സൃഷ്ടിച്ചു (Motion). ഭൗതിക ശാസ്ത്രത്തിന്റെ സമവാക്യവും ഈ ആദ്യ സൂക്തത്തിൽ വായിച്ചെടുക്കാം. ●


## സീക്കേഴ്സ് പാത്ത് മാസിക.

**മാസിക ആവശ്യപ്പെടുവാനും പണമയയ്ക്കുവാനും**

**C D Varghese**
**P.O.Box.No:7, Pullad P.O.**
**Thiruvalla.689548.**
**Phone: 9447518465.**

**C D Varghese**
**A/C. No: 15970100006326**
**Federal Bank Pullad.**
**IFSC Code FDRL0001597.**

**Email: seekerspath@live.com**

**വാർഷിക വരിസംഖ്യ രൂ: 200.  ഒറ്റപ്രതി രൂ: 20.**


**മാസികയുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ നിങ്ങളുടെ സഹായസഹകരണങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.**

**സീക്കേഴ്സ് പാത്ത്** മാസികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.

''യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകവുമാകുന്നു.'' (സദൃശ്യവാക്യങ്ങൾ 9: 10)

# തഖിയ്യ

## ദാവാക്കാരുടെ കുടില തന്ത്രങ്ങൾക്കുള്ള

# സൈദ്ധാന്തിക അടിത്തറ.

**അനിൽകുമാർ വി അയ്യപ്പൻ.**

കർത്താവിൽ പ്രസിദ്ധ സുവിശേഷ പ്രസംഗകനായ തിരുവട്ടാർ കൃഷ്ണൻകുട്ടി അവർകളുമായി പെരുമ്പാവൂരുള്ള മുഹമ്മദ് ഈസയും കൂട്ടരും നടത്തിയതെന്ന അവകാശവാദത്തോടെ ഒരു ഇസ്ലാമിക പ്രസിദ്ധീകരണത്തിൽ വന്ന ചർച്ച വായിച്ചു കഴിഞ്ഞപ്പോൾ ആദ്യം മനസ്സിൽ വന്നത് "ഇത് തഖിയ്യ ആണല്ലോ" എന്ന ചിന്തയാണ്. മതപ്രചാരണ രംഗത്തും ഇവർ തഖിയ ഉപയോഗിക്കാൻ തുടങ്ങിയിട്ട് കാലം കുറേ ആയെങ്കിലും എതിരാളികളെ ആക്ഷേപിക്കേണ്ടതിനു ഈ വിധമുള്ള തഖിയ്യ കേരളക്കരയിൽ ആർക്കെങ്കിലും എതിരെ നടത്തിയതായി എന്റെ അറിവിലില്ല.

സിംഹം അതിന്റെ കാട്ടിൽ എതിരാളികളില്ലാതെ ഗർജ്ജിച്ചു മദിച്ചു നടക്കുന്നതുപോലെ ദൈവം വാരിക്കോരി കനിഞ്ഞരുളിയ തന്റെ വാണീവിലാസത്താൽ പ്രസംഗവേദികളെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് നീണ്ട 50 വർഷം പ്രസംഗപീഠത്തിൽ നിന്നും പ്രസംഗപീഠത്തിലേക്ക് ജൈത്രയാത്ര നടത്തി സുവിശേഷത്തിന്റെ വെന്നിക്കൊടി സകല രാഷ്ട്രീയ-മത-തത്വ സംഹിതകൾക്കും മീതെ പാറിപ്പറക്കുവാൻ സർവ്വദാ യോഗ്യതയുള്ളതാണെന്നു സർവ്വാത്മനാ അംഗീകരിപ്പിച്ച മഹനീയ പാരമ്പര്യമുണ്ട്, ഞങ്ങൾ ബഹുമാനപുരസ്സരം 'സാർ' എന്നു വിളിക്കുന്ന ശ്രീ. തിരുവട്ടാർ കൃഷ്ണൻകുട്ടി അവർകൾക്ക്. ഇടിമുഴക്കത്തിൽ നടുങ്ങി വിറയ്ക്കുന്ന വിഷസർപ്പങ്ങളെപ്പോലെ അന്നു സാറിന്റെയാ പ്രതാപകാലത്ത് തിരുവട്ടാർ എന്ന പേർ കേൾക്കുമ്പോഴേ ഭയന്നു വിറച്ച് മുട്ടിടിച്ചിരുന്ന, പ്രസംഗവേദികളിൽ നിന്നു മേഘഗർജ്ജനം പോലെയുള്ള ആ വാഗ്ധോരണി കേൾക്കുമ്പോഴേ പേടിച്ചു നടുങ്ങി തങ്ങളുടെ മാളത്തിനുള്ളിലേക്ക് തല വലിച്ച് ചുളി ചുരുണ്ട് കിടന്നിരുന്ന ദാവാക്കാർ, ഇന്നു വാർദ്ധക്യത്തിന്റെ അവശതകളാൽ പ്രസംഗവേദികളിൽ നിന്നു വിരമിച്ചു വിശ്രമജീവിതം നയിക്കുന്ന ആ കർത്തൃദാസനെ ആക്രമിക്കേണ്ടതിനു ഒളിവിടങ്ങളിൽ നിന്നു പുറത്തു വന്നു സർപ്പദംഷ്ട്രങ്ങളുമായി

> ''അഹങ്കാരം കൊണ്ട് വിവാദം മാത്രം ഉണ്ടാകുന്നു; ആലോചന കേൾക്കുന്നവരുടെ പക്കലോ ജ്ഞാനം ഉണ്ട്.''
>
> (സദൃശ്യവാക്യങ്ങൾ 13: 10)

അദ്ദേഹത്തിന്റെ മുമ്പിൽ തല പൊക്കാനുള്ള ധൈര്യം കാണിച്ചു തുടങ്ങിയിരിക്കുന്നു!!!

കാലം ഗാത്രത്തേയും വാർദ്ധക്യം ഓർമ്മയേയും ആക്രമിച്ചു ശാരീരിക ബലഹീനതകളാൽ വളരെയധികം ബുദ്ധിമുട്ടുന്ന ഈ പ്രായത്തിൽ മാത്രമേ തങ്ങളുടെ തന്ത്രങ്ങൾക്കൊത്തവിധം അദ്ദേഹത്തെ കീഴ്പ്പെടുത്താൻ കഴിയൂ എന്നു ദാവാക്കാർക്ക് നല്ലവണ്ണം അറിയാം. 50 വർഷത്തിലധികം സുവിശേഷ പ്രസംഗം ഒരു ജീവിത സപര്യയായി കൊണ്ടു നടന്നിരുന്ന മനുഷ്യൻ, ഓർമ്മക്കുറവു കൊണ്ടു കഴിഞ്ഞ അഞ്ചു വർഷത്തോളമായി സ്റ്റേജിൽ കയറാൻ കഴിയാതെയിരിക്കുമ്പോൾ, സൗഹൃദ സംഭാഷണം എന്ന വ്യാജേന അദ്ദേഹത്തോട് സംസാരിക്കുകയും അദ്ദേഹം അറിയാതെ അത് റെക്കോർഡ് ചെയ്യുകയും ചിതറിയ ഓർമ്മകളിൽ നിന്നു വന്ന വാക്കുകളെ വളച്ചൊടിച്ചു വ്യാഖ്യാനിച്ച്, ''സുവിശേഷകൻ ബൈബിൾ തള്ളിപ്പറയുന്നു" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിക്കാനുമുള്ള വഞ്ചനാത്മകമായ കുടിലബുദ്ധി ഇസ്ലാമിസ്റ്റുകൾക്കു മാത്രമേ ഉണ്ടാകൂ. ഇതുപോലെയുള്ള വഞ്ചനയ്ക്ക് അല്ലാഹുവും മുഹമ്മദും അനുയായികൾക്കു അനുവാദം നല്കിയിട്ടുണ്ട് എന്നതാണ് യാതൊരു ലജ്ജയുമില്ലാതെ ഇവർ ഇതേവിധം പ്രവർത്തിക്കുന്നതിനു കാരണം.

മുഹമ്മദ് ഈസാ ഉന്നയിച്ചിരിക്കുന്ന ചോദ്യങ്ങൾക്കു ബൈബിളിന്റെ അടിസ്ഥാനത്തിലുള്ള മറുപടി മറ്റൊരു ലേഖനത്തിൽ പറയുന്നതിനാൽ എന്താണ് തഖിയ്യ എന്നും ഇക്കാലഘട്ടത്തിലെ ദാവാക്കാർ അത് എങ്ങനെയാണ് തങ്ങളുടെ മതപ്രചരണത്തിനായി ഉപയോഗിക്കുന്നത് എന്നും ഈ ലേഖനത്തിൽ പറയാം.

"അനുവദനീയമായ നുണ" അല്ലെങ്കിൽ "നിയമവിധേയമായ കള്ളം" എന്ന ആശയത്തിലാണ് ഇസ്ലാമിക സാഹിത്യങ്ങളിൽ ''തഖിയ്യ''എന്ന പദം കാണപ്പെടുന്നത്. ക്രിസ്റ്റ്യാനിറ്റിയിൽ നിന്നു വിഭിന്നമായി, ചില പ്രത്യേക സാഹചര്യങ്ങളിൽ നുണ പറയാൻ അല്ലാഹുവും മുഹമ്മദും തങ്ങളുടെ അനുയായികൾക്കു അനുവാദം നല്കിയിട്ടുണ്ട്. "തഖാ"എന്നും "തഖി"എന്നും ഉള്ള സംജ്ഞകളിൽ നിന്നു രൂപം കൊണ്ടതാണ് തഖിയ്യ എന്ന പദം. ഈ സംജ്ഞകൾക്ക് "കാവൽ ചെയ്യുക" "സംരക്ഷിക്കുക" എന്നൊക്കെയാണ് വാച്യാർത്ഥം. ഇസ്ലാമിക പരിപ്രേക്ഷ്യത്തിൽ ഈ പ്രയോഗം അർത്ഥമാക്കുന്നത് "ഇസ്ലാമിക വിശ്വാസത്തെ കാവൽ ചെയ്യുക അല്ലെങ്കിൽ സംരക്ഷിക്കുക" എന്നതാണ്. ന്യൂനപക്ഷം വരുന്ന ഷിയാ മുസ്ലീങ്ങളാണ് ആദ്യകാലങ്ങളിൽ അധികവും തഖിയ്യ ഉപയോഗിച്ചിരുന്നത്. ഭൂരിപക്ഷമുള്ള സുന്നി മുസ്ലീങ്ങളിൽ നിന്നു തങ്ങളുടെ വിശ്വാസം സംരക്ഷിച്ചു നിർത്തേണ്ടതിന് അവർ തഖിയ്യ ഉപയോഗിച്ചിരുന്നതായി ഷിയാക്കളുടെ ചരിത്ര പുസ്തകങ്ങളിൽ കാണാൻ കഴിയും. സുന്നികളുടെ ഇടയിൽ ഷിയാക്കൾ തങ്ങളുടെ യഥാർത്ഥ വിശ്വാസം വെളിപ്പെടുത്താതെ സുന്നികളെപ്പോലെ തന്നെ ജീവിച്ചുകൊണ്ടാണ് ഷിയാ വിശ്വാസത്തെ സംരക്ഷിച്ചത്, ഇത് തഖിയ്യയാണ്.

ഇന്നും പാക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും ഉള്ള ഷിയാ മുസ്ലീങ്ങൾ തങ്ങളുടെ ജീവരക്ഷയ്ക്കു വേണ്ടി തഖിയ്യ ഉപ

യോഗിക്കുന്നുണ്ട്. ഷിയാക്കളെ കണ്ടുപിടിക്കേണ്ടതിനു അവിടങ്ങളിലെ സുന്നികൾ ഉപയോഗിക്കുന്ന മാർഗ്ഗം, ഷിയാക്കൾ ആണെന്നു തങ്ങൾക്കു സംശയമുള്ളവരോട് നാലാം ഖലീഫ അലിയേയും കുടുംബത്തേയും ശപിക്കാൻ ആവശ്യപ്പെടുന്നതാണ്. (മുഹമ്മദിന്റെ പിതൃസഹോദരന്റെ പുത്രനും മകൾ ഫാത്തിമയുടെ ഭർത്താവുമാണ് അലി എന്നോർക്കണം. മുഹമ്മദിന്റെ മകളും പേരക്കുട്ടികളും അടങ്ങുന്നതാണ് അലിയുടെ കുടുംബം!). മുഹമ്മദിനേക്കാൾ അധികം അലിയെ സ്നേഹിക്കു ഷിയാക്കൾ ഒരിക്കലും അത് ചെയ്യുകയില്ല എന്നു സുന്നികൾക്കറിയാം. ഇങ്ങനെ ധാരാളം ഷിയാക്കൾ തിരിച്ചറിഞ്ഞു കൊല്ലപ്പെടാൻ തുടങ്ങിയപ്പോൾ അവിടങ്ങളിൽ ഉള്ള ഷിയാചീത്ത തന്നെ. നിങ്ങളുടെ രക്ഷിതാവിന്റെ കല്പന കാത്തിരിക്കാതെ നിങ്ങൾ ധൃതികാട്ടിയോ? അദ്ദേഹം പലകകൾ താഴെയിടുകയും തന്റെ സഹോദരന്റെ തല പിടിച്ച് തന്റെ അടുത്തേക്ക് വലിക്കുകയും ചെയ്തു. അവൻ (സഹോദരൻ) പറഞ്ഞു: എന്റെ ഉമ്മയുടെ മകനേ, ജനങ്ങൾ എന്നെ ദുർബ്ബലനായി ഗണിച്ചു. അവരെന്നെ കൊന്നേക്കുമായിരുന്നു. അതിനാൽ (എന്നോട് കയർത്തുകൊണ്ട്) നീ ശത്രുക്കൾക്കു സന്തോഷത്തിനു ഇടവരുത്തരുത്. അക്രമികളായ ജനങ്ങളുടെ കൂട്ടത്തിൽ എന്നെ കണക്കാക്കുകയും ചെയ്യരുത്" (സൂറാ 7:150–151).

ഈ ആയത്ത് വളരെ പ്രാധാന്യമുള്ളതാണ്. കാരണം, എല്ലാ മുസ്ലീങ്ങളും മൂസായുടെ സഹോദരനായ ഹാറൂനെ പ്രവാചകനായി പരിഗണിക്കുന്നവരാണ്. പ്രവാചകന്മാർ തെറ്റു ചെയ്യുകയില്ല എന്നത് ലോകത്തുള്ള സകല മുസ്ലീങ്ങളുടേയും ദൃഢവിശ്വാസമാണ്! "പ്രവാചകരിൽ ഉത്തമമായ മാതൃകയുണ്ട്" എന്നു ഖുർആനിൽ പറഞ്ഞിരിക്കുന്നതിനാൽ പ്രവാചകന്മാർ ചെയ്ത ഏതു പ്രവൃത്തിയും അവർക്കു അനുകരണീയമാണ്. തന്റെ ജീവനു ആപത്ത് വന്നപ്പോൾ ഹാറൂൻ അല്ലാഹുവിനെ പുറമേക്ക് തള്ളിപ്പറഞ്ഞു കാളക്കുട്ടിയെ ഉണ്ടാക്കി തന്റെ ജീവൻ രക്ഷിച്ചത് ആദ്യത്തെ തഖിയ്യ ആണെന്നു ഷിയാക്കൾ വിശ്വസിക്കുന്നു!

**അല്ലാഹുവിന്റെ ഈ കല്പനയെക്കുറിച്ച് അറിയാവുന്ന ഒരു മുസ്ലീമിന് ആത്മാർത്ഥ സ്നേഹം അഭിനയിക്കാതെ ഒരിക്കലും അവനെ ആത്മാർത്ഥ സ്നേഹിതനായി പരിഗണിക്കാൻ സാധിക്കില്ല.**

വിശ്വാസികൾ ഹൃദയത്തിൽ അലിയെ ദൃഢമായി വിശ്വസിച്ചുകൊണ്ടു തന്നെ പുറമേക്ക് അലിയെ തള്ളിപ്പറയുകയും ശപിക്കകയും അങ്ങനെ തങ്ങളുടെ ജീവൻ സംരക്ഷിയ്ക്കുകയും ചെയ്തു വരുന്നു. ഈ വിധത്തിലുള്ള തഖിയ്യ പ്രയോഗിക്കുവാൻ മുഹമ്മദ് അനുവദിച്ചിട്ടുള്ളതിനാൽ ആണ് അവർ അപ്രകാരം ചെയ്യുന്നത്.

ഷിയാക്കളുടെ ഈ പ്രവൃത്തിയെ അവർ ന്യായീകരിക്കുന്നത് ഖുർആനിൽ ഉള്ള ഒരു ആയത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതാണ് ആ ആയത്ത്:

"കുപിതനും ദുഃഖിതനുമായിക്കൊണ്ട് തന്റെ ജനങ്ങളിലേക്കു മടങ്ങി വന്നിട്ട് മൂസാ പറഞ്ഞു: ഞാൻ പോയ ശേഷം എന്റെ പിന്നിൽ നിങ്ങൾ പ്രവർത്തിച്ച കാര്യം വളരെ

മറ്റൊരു പ്രധാന സംഗതി അമ്മാർ ഇബ്ൻ അൽ-യാസിറുമായി ബന്ധപ്പെട്ടതാണ്. അമ്മാറിനെ ശത്രുക്കൾ തടവിലാക്കുകയും പീഡിപ്പിക്കുകയും ചെയ്തപ്പോൾ

അമ്മാർ മുഹമ്മദിനെ "ഹൃദയത്തിൽ വിശ്വസിക്കുകയും വായ്കൊണ്ട് തള്ളിപ്പറയുകയും," അങ്ങനെ ജീവൻ രക്ഷപ്പെടുത്തുകയും ചെയ്തു. പിന്നീട് അദ്ദേഹം മദീനയിൽ എത്തി മുഹമ്മദിനെ കണ്ടു. മദീനയിൽ എത്തിയപ്പോൾ മുസ്ലീങ്ങൾ എല്ലാവരും അമ്മാറിനെ കപടവിശ്വാസി എന്നു വിളിച്ച് ആക്ഷേപിച്ചു. എന്നാൽ മുഹമ്മദിന്റെ മുമ്പാകെ അമ്മാർ മാപ്പപേക്ഷിച്ചപ്പോൾ മുഹമ്മദ് മാപ്പുകൊടുത്തെന്നു മാത്രമല്ല, ഇനിയും ശത്രുക്കളിൽ നിന്നു പീഢനം ഉണ്ടാകുകയാണെങ്കിൽ മുമ്പു ചെയ്തതു പോലെ അല്ലാഹുവിനേയും തന്നേയും തള്ളിപ്പറഞ്ഞു കൊണ്ട് ശത്രുക്കളിൽ നിന്നു രക്ഷപ്പെടുവാൻ അനുവാദം കൊടുക്കുകയും ചെയ്തു. അപ്പോൾ അവതരിച്ച ആയത്താണ് ഇത്:

" വിശ്വസിച്ചതിനു ശേഷം അല്ലാഹുവിൽ അവിശ്വസിച്ചവരാരോ അവരുടെ- തങ്ങളുടെ ഹൃദയം വിശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർബ്ബന്ധിക്കപ്പെട്ടവരല്ല; പ്രത്യുത, തുറന്ന മനസ്സോടെ അവിശ്വാസം സ്വീകരിച്ചവരാരോ അവരുടെ- മേൽ അല്ലാഹുവിങ്കൽ നിന്നുള്ള കോപമുണ്ടായിരിക്കും. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ടായിരിക്കും" (സൂറാ.16:106).

ഈ ആയത്തിന് പ്രമുഖ ഇസ്ലാമിക വ്യാഖ്യാതാവായ മൌദൂദി കൊടുക്കുന്ന വിശദീകരണം നോക്കുക. ശരീരം തുണ്ടം തുണ്ടമാക്കി മുറിക്കപ്പെട്ടാലും സത്യത്തിന്റെ വചനം മാത്രം ഉറക്കെ പ്രഖ്യാപിക്കുകയാണ് അഭികാമ്യമായ മാർഗ്ഗം എന്നു മൌദൂദി പറയുന്നുണ്ടെങ്കിലും പിന്നെ പറയുന്നത് ഇപ്രകാരമാണ്: "അമ്മാറുബ്നു യാസിറിന്റെ കൺമുമ്പിൽ വെച്ച് കഠിനതരമായ മർദ്ദനങ്ങളേറ്റ് അദ്ദേഹത്തിന്റെ മാതാവും പിതാവും രക്തസാക്ഷികളാകുന്നു. പിന്നീട് ശത്രുക്കൾ പറയാൻ ആവശ്യപ്പെടുന്നതെല്ലാം ഏറ്റുപറയാൻ നിർബ്ബന്ധിതനാകുമാറ് അദ്ദേഹവും അതിക്രൂരമായി പീഡിപ്പിക്കപ്പെടുന്നു. പക്ഷേ, ഉടനെത്തന്നെ കരഞ്ഞുകൊണ്ട് അദ്ദേഹം നബി(സ)യുടെ സന്നിധിയിൽ വന്നു ബോധിപ്പിക്കുകയാണ്: 'അല്ലാഹുവിന്റെ പ്രവാചകരേ, ഞാൻ അങ്ങയെപ്പറ്റി ദുഷിച്ചു പറയുകയും അവരുടെ ദൈവങ്ങളെക്കുറിച്ച് നല്ലത് പറയുകയും ചെയ്തപ്പോൾ മാത്രമാണ് അവർ എന്നെ വിട്ടയച്ചത്'. തിരുമേനി ചോദിച്ചു: 'നിന്റെ ഹൃദയം എന്തു പറയുന്നു' 'ഹൃദയം സത്യവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുന്നു.' ഉടനെ തിരുമേനി പറഞ്ഞു: ' അവർ ഇനിയും മർദ്ദനങ്ങൾ ആവർത്തിക്കുകയാണെങ്കിൽ നീ വീണ്ടും അങ്ങനെ പറഞ്ഞുകൊള്ളുക' (അബുൽ അ്അലാ മൌദൂദി, തഫ്ഹീമുൽ ഖുർആൻ, വാല്യം 2, പുറം 632).

**ഖുർആൻ അനുസരിച്ച് ഒരു മുസൽമാൻ അമുസ്ലീങ്ങളെ സ്നേഹിതരാക്കി വെക്കരുത്. ആരെങ്കിലും അങ്ങനെ അമുസ്ലീങ്ങളെ സ്നേഹിതരാക്കിയാൽ അവന്നു അല്ലാഹുവുമായി യാതൊരു ബന്ധവുമില്ല**

ഈ ആയത്തനുസരിച്ച് ജീവനു ഭീഷണി വരുന്ന നിർബ്ബന്ധഘട്ടത്തിൽ, അള്ളാഹുവിൽ വിശ്വസിച്ചുകൊണ്ടു തന്നെ ഒരു മുസൽമാന് അല്ലാഹുവിനെയും മുഹമ്മദിനെയും തള്ളിപ്പറഞ്ഞു ശ്രീരാമന് ജയ് വിളിക്കാം, ശ്രീകൃഷ്ണനെ തോളിലേറ്റാം, പരമശിവന് സ്തുതി പാടാം, ഗണേശ പൂജ നടത്താം, മഹാവിഷ്ണുവിനെ കുമ്പിടാം,

> ‘‘ജഢപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചത്; അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നന്നേക്കും വാഴ്ത്തപ്പെട്ടവൻ.’’ (റോമർ 9:5)

ഗുരുവായൂരിൽ ചെന്നു ഭജനമിരിക്കാം, ചോറ്റാനിക്കരയിൽ എത്തി വ്രതം നോൽക്കാം, കൊടുങ്ങല്ലൂരിൽ പോയി ശയനപ്രദക്ഷിണം നടത്താം, എന്തും ചെയ്യാം. ഹൃദയത്തിൽ അല്ലാഹുവിനെ തള്ളിപ്പറയാതിരുന്നാൽ മാത്രം മതി!!!

ക്രിസ്തുവിനെ തള്ളിപ്പറയുന്നതിനേക്കാൾ ഉചിതം സ്വന്തം ജീവൻ കളയുന്നതാണ് എന്നു ചിന്തിക്കുന്ന ദൈവമക്കൾക്ക് ഈ തത്വം ഒരിക്കലും മനസ്സിലാക്കാൻ പറ്റില്ല. അവനെ സംബന്ധിച്ചിടത്തോളം “ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്താം’’ (മത്തായി 16:25) എന്നും “മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും” (മത്തായി 10:33) എന്നുമുള്ള കർത്താവിന്റെ വാക്കുകളാണ് സ്വന്തം ജീവരക്ഷയേക്കൾ വലുത്!!!

ഇക്കാലത്ത്, സുന്നി മുസ്ലീങ്ങൾ അമ്മാറിന്റെ പ്രവൃത്തിയെ അതിനിശിതമായി വിമർശിക്കുന്നുണ്ട്. എങ്കിലും അവരും തഖിയ ഉപയോഗിക്കുന്നു. അവർ തഖിയ്യ ഉപയോഗിക്കുന്നതും അല്ലാഹു പറഞ്ഞിട്ടാണ്. ഖുർആനിൽ നിന്നുള്ള ഈ ആയത്ത് നമുക്ക് നോക്കാം:

‘‘സത്യവിശ്വാസികൾ സത്യവിശ്വാസികളെയല്ലാതെ സത്യനിഷേധികളെ മിത്രങ്ങളാക്കി വെക്കരുത്. അങ്ങനെ വല്ലവനും ചെയ്യുന്ന പക്ഷം അല്ലാഹുവുമായി അവന്നു യാതൊരു ബന്ധവുമില്ല. നിങ്ങൾ അവരോട് കരുതലോടെ വർത്തിക്കുകയാണെങ്കിലല്ലാതെ അല്ലാഹു അവനെപ്പറ്റി നിങ്ങൾക്കു താക്കീത് നൽകുന്നു. അല്ലാഹുവിങ്കലേക്കത്രേ (നിങ്ങൾ) തിരിച്ചുചെല്ലേണ്ടത്” (സൂറാ 3:28).

ഖുർആൻ അനുസരിച്ച് ഒരു മുസൽമാൻ അമുസ്ലീങ്ങളെ സ്നേഹിതരാക്കി വെക്കരുത്. ആരെങ്കിലും അങ്ങനെ അമുസ്ലീങ്ങളെ സ്നേഹിതരാക്കിയാൽ അവന്നു അല്ലാഹുവുമായി യാതൊരു ബന്ധവുമില്ല എന്നാൽ അമുസ്ലീങ്ങളെ സ്നേഹിതരാക്കാൻ വേറെ ഒരു ഉപാധി അല്ലാഹു പറയുന്നത് അതേ ആയത്തിൽ തന്നെയുണ്ട്, നിങ്ങൾ അവരോട് കരുതലോടെ വർത്തിക്കുകയാണെങ്കിലല്ലാതെ” എന്ന അല്ലാഹുവിന്റെ വാക്കുകൾ ശ്രദ്ധിച്ചോ? ഈ ആയത്തിന്റെ ഇംഗ്ലീഷ് തർജ്ജമ താഴെ കൊടുക്കുന്നു:

Let not the believers take disbelievers for their friends in preference to believ ers. Whoso doeth that hath no connection with Allah unless (it be) that ye but guard yourselves against them, taking (as it were) security. Allah biddeth you beware (only) of Himself. Unto Allah is the journeying. (S. 3: 28, Pickthall).

**“Allah unless (it be) that ye but guard yourselves against them, taking (as it were) security”**എന്നാണ് അല്ലാഹു പറയുന്നത്. അതായത്, ഒരു മുസൽമാൻ മറ്റേ

"'പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു.'' (യോഹന്നാൻ 3:36)

മറ്റേതെങ്കിലും മതത്തിലുൾപ്പെട്ട ഒരു വ്യക്തിയോട് ഒരിക്കലും ആത്മാർത്ഥത യുള്ള സ്നേഹബന്ധം ഉണ്ടാകരുതെന്നാണ് അല്ലാഹു ആഗ്രഹിക്കുന്നത്. ഇത് യഥാർത്ഥ ത്തിൽ വഞ്ചനയാണ്. പുറമേക്ക് എത്രയൊക്കെ സ്നേഹം കാണിച്ചാലും അകത്ത്, അവനെ അവിശ്വസിക്കുകയും അവനെതിരെ കരുതലോടെ ഇരിക്കുകയും വേണം. ഇതും തഖിയ ആണ്. കാരണം, മറ്റവൻ ഇവനെ ആത്മാർത്ഥസ്നേഹിതനായി പരിഗണിക്കുന്നുണ്ട്. അവൻ ഇവനെ അന്ധമായി അവിശ്വസിക്കുന്നുമുണ്ടാകും. പക്ഷേ, അല്ലാഹുവിന്റെ ഈ കല്പനയെക്കുറിച്ച് അറിയാവുന്ന ഒരു മുസ്ലീമിന് ആത്മാർത്ഥ സ്നേഹം അഭിനയിക്കാമെന്നല്ലാതെ ഒരിക്കലും അവനെ ആത്മാർത്ഥ സ്നേഹിതനായി പരിഗണിക്കാൻ സാധിക്കില്ല. ഭാഗ്യവശാൽ നമ്മുടെ നാട്ടിലുള്ള പല മുസ്ലീങ്ങൾക്കും ഇങ്ങനെയൊരു ആയത്ത് ഖുർആനിൽ ഉണ്ടെന്നു അറിയാത്തതിനാൽ അവർ അന്യമതത്തിൽപ്പെട്ട ആളുകളുമായി ആത്മാർത്ഥ സൗഹൃദം പുലർത്തുന്നുണ്ട്! എന്നാൽ ഈ ആയത്തിനെപ്പറ്റി അറിയാവുന്ന മുസ്ലീങ്ങൾ ഇപ്പോഴും അല്ലാഹുവിന്റെ കല്പന അക്ഷരംപ്രതി നടപ്പാക്കുന്നുമുണ്ട്. ഈയൊരു സ്ഥലത്ത് മാത്രമല്ല അല്ലാഹു ഇങ്ങനെ പറഞ്ഞിരിക്കുന്നത്. വേറെ ചില ആയത്തകൾ കൂടി നോക്കാം:

''സത്യവിശ്വാസികളേ, നിങ്ങൾ സത്യവിശ്വാസികളെയല്ലാതെ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അല്ലാഹുവിന് നിങ്ങൾക്കെതിരിൽ വ്യക്തമായ തെളിവുണ്ടാക്കിവെക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?" (സൂറാ 4:144).

"സത്യവിശ്വാസികളേ, യഹൂദരേയും ക്രൈസ്തവരേയും നിങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ, അന്യോന്യം ഉറ്റമിത്രങ്ങളാണ് താനും. നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച." (സൂറാ 5:51).

ഇത്രയും വ്യക്തമായ ആയത്തകൾ ഉണ്ടായിട്ടും മുസ്ലീങ്ങൾ അമുസ്ലീങ്ങളുമായി സൗഹൃദത്തിൽ ഏർപ്പെടുന്നതിനു പുറകിൽ രണ്ടു കാരണങ്ങളാണ് ഉള്ളത്:

1. ഖുർആൻ മാതൃഭാഷയിൽ വായിക്കാതെ അറബിയിൽ മാത്രം ഓതുന്നതുകൊണ്ട് അതിൽ എഴുതിയിരി ക്കുന്നതിന്റെ അർത്ഥം ഗ്രഹിക്കാത്തതിനാൽ അമുസ്ലീങ്ങളുമായി മുസ്ലീങ്ങൾ യഥാർത്ഥം സൗഹൃദം പുലർത്തുന്നു.

2. അല്ലാഹു കല്പിച്ചതു പോലെ തന്നെ അകത്ത് ഒന്നും പുറത്തു മറ്റൊന്നുമായിട്ടുള്ള സൗഹൃദം അഥവാ വഞ്ചനാത്മകമായ സൗഹൃദം.

അല്ലാഹു അനുവദിച്ചിരിക്കുന്നതുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുന്നവർക്ക്

കള്ളത്തരങ്ങൾ കാണിക്കാൻ യാതൊരു മടിയും മനഃസാക്ഷിക്കുത്തും ഇല്ല. ആദ്യ മുസ്ലീമും ഇസ്ലാമിന്റെ ഏക പ്രവാചകനുമായ മുഹമ്മദ് തഖിയ്യ ഉപയോഗിക്കാൻ അനുയായികൾക്കു അനുവാദം കൊടുത്തത് നാം നേരത്തെ അമ്മാറിന്റെ കാര്യത്തിൽ കണ്ട താണല്ലോ. അത് മുസ്ലീമിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടിയായിരുന്നു എന്നൊരു ന്യായമെങ്കിലും പറയാം. എന്നാൽ, എതിരാളിയുടെ ജീവൻ എടുക്കാൻ വേണ്ടിയും തഖിയ്യ ഉപയോഗിക്കാൻ "സമാധാനത്തിന്റെ പ്രവാചകൻ" അനുയായികൾക്കു അനുവാദം കൊടുക്കുന്നുണ്ട്. ഹദീസിൽ നിന്നും നമുക്ക് അത് പരിശോധിക്കാം:

പറഞ്ഞു: 'തീർച്ചയായും ഇനി അവനെ നിങ്ങൾ വെറുത്തു മടുക്കുക തന്നെ ചെയ്യും' അദ്ദേഹം പറഞ്ഞു: 'ഇപ്പോൾ ഞങ്ങൾ അദ്ദേഹത്തെ അനുഗമിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ കാര്യം എവിടെ എത്തിച്ചേരുമെന്ന് ഞങ്ങൾ നോക്കി (മനസ്സിലാക്കുന്നതുവരെ) അദ്ദേഹത്തെ കൈവിടുന്നത് ഞങ്ങൾ ഇഷ്ടപ്പെടുന്നുമില്ല. നിങ്ങൾ എനിക്കു കുറച്ചു കടം തരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.' അവൻ ചോദിച്ചു: 'നിങ്ങൾ എനിക്കു എന്ത് പണയം തരും?' അദ്ദേഹം ചോദിച്ചു: 'എന്ത് പണയം തരണം?' അവൻ പറഞ്ഞു: 'നിങ്ങളുടെ സ്ത്രീകളെ പണയം തരണം.' അദ്ദേഹം പറഞ്ഞു:

**എന്നിരുന്നാൽത്തന്നെയും മുഹമ്മദ് ഒരിക്കലും മതപ്രചാരണത്തിനു വേണ്ടി തഖിയ ഉപയോഗിച്ചതായി ഇസ്ലാമിക ഗ്രന്ഥങ്ങളിൽ ഇതുവരെ ഈ ലേഖകൻ വായിച്ചിട്ടില്ല. എന്നാൽ ആധുനിക ദാവാക്കാർ മുഹമ്മദിനെയും കടത്തി വെട്ടിക്കൊണ്ടു തങ്ങൾ മുഹമ്മദിനെക്കാൾ മെച്ചപ്പെട്ട അനുയായികൾ തന്നെ എന്ന് അല്ലാഹുവിന്റെ മുമ്പാകെ തെളിയിച്ചു കൊണ്ടിരിക്കുകയാണ്.**

"ജാബിർ നിവേദനം റസൂൽ പറഞ്ഞു: കഅ്ബ് ബ്നു അശറഫിനെ (എതിരിടാൻ ആരുണ്ട്?). അവൻ അല്ലാഹുവിനെയും അവന്റെ ദൂതനേയും ദ്രോഹിച്ചിരിക്കുന്നു. അപ്പോൾ മുഹമ്മദ് ബ്നു മസലമത്ത് പറഞ്ഞു: ദൈവദൂതരേ, അവനെ ഞാൻ വധിക്കുന്നത് താങ്കൾക്കിഷ്ടമാണോ? നബി പറഞ്ഞു: 'അതെ,' അദ്ദേഹം പറഞ്ഞു: എനിക്കുചിതമായത് പറയാൻ താങ്കൾ അനുവാദം തന്നാലും' നബി പറഞ്ഞു: 'പറഞ്ഞുകൊള്ളുക.' അദ്ദേഹം അവന്റെയടുത്ത് ചെന്നു അവർ തമ്മിലുള്ള സ്നേഹബന്ധത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടു പറഞ്ഞു: 'ഈ മനുഷ്യൻ (മുഹമ്മദ്) ധർമ്മം ആഗ്രഹിക്കുന്നു. ഞങ്ങളെ ക്ഷീണിപ്പിക്കുന്നു.' ഇത് കേട്ടപ്പോൾ അവൻ

'നീ അറബികളിലെ അതിസുന്ദരനാണ്. ഞങ്ങളുടെ സ്ത്രീകളെ നിനക്ക് പണയം തരണമെന്നോ?' അപ്പോൾ അവൻ ചോദിച്ചു: 'എന്നാൽ നിങ്ങളുടെ ആൺമക്കളെ പണയം തരുമോ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അപ്പോൾ ഞങ്ങളിൽ ഒരാളുടെ പുത്രൻ ആ പേരിൽ പഴിക്കപ്പെടുകയില്ലേ. രണ്ടു വസ്ഖ് ഈത്തപ്പഴത്തിന് പണയം വെക്കപ്പെട്ടവനല്ലേ നീ എന്നു പറഞ്ഞുകൊണ്ട്. എന്നാൽ നിനക്ക് ഞങ്ങൾ ആയുധം പണയം തരാം' അവൻ പറഞ്ഞു: 'ശരി, അങ്ങനെയാകട്ടെ.' ഹാരിസ്, അബു അബ്സ് ബ്നു ജബ്ര്, അബ്ബാദ് ബ്നു ബിശ്ര് എന്നിവരുമായി ചെല്ലാമെന്ന് അവനോടു വാഗ്ദത്തം ചെയ്തു..

"ജാബിർ പറയുന്നു: 'അങ്ങനെ അവർ രാത്രിയിൽ

രാത്രിയിൽ ചെന്നു വിളിച്ചു. അപ്പോൾ അവൻ അവരുടെ അടുക്കലേക്ക് ഇറങ്ങിച്ചെന്നു. (ഹദീസ് റിപ്പോർട്ടർമാരിലെ) സുഫ്യാൻ പറയുന്നു: 'തന്റെ ഗുരുവായ അംറ് അല്ലാത്തവർ പറയുന്നു: അവനോടു അവന്റെ ഭാര്യ പറഞ്ഞു: 'രക്തം (തേടുന്നവന്റെ) ശബ്ദം പോലുള്ള ശബ്ദം ഞാൻ കേൾക്കുന്നു.' അവൻ പറഞ്ഞു: 'അത് മുഹമ്മദ് ബ്നു മസലമയും അദ്ദേഹത്തിന്റെ മുലകുടിബന്ധമുള്ള അബുനാഇലയുമാണ്. മാന്യൻമാരായ ആളുകൾ രാത്രി ഒരു കുത്തിലേക്കാണ് ക്ഷണിക്കുന്നതെങ്കിലും അതിനു ഉത്തരമേകും.' മുഹമ്മദ് ബ്നു മസലമ പറയുകയാണ്: 'അവൻ വന്നാൽ അവന്റെ തലയുടെ നേരേ ഞാൻ കൈ നീട്ടും. എനിക്കു അവൻ വശപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ അവന്റെ കഥ കഴിക്കുവിൻ. അങ്ങനെ അവൻ ഇറങ്ങിവന്നപ്പോൾ അവൻ വന്നത് നല്ല ഉടയാടകളോടെയാണ്.. 'നിന്നിൽ നിന്നും ഞങ്ങൾക്ക് സുഗന്ധം അനുഭവപ്പെടുന്നല്ലോ.' അവൻ പറഞ്ഞു: 'അതെ, എന്റെകൂടെ ഇന്നവളുണ്ട്. അവൾ അറബികളിൽ ഏറെ സുഗന്ധമുള്ളവളാണ്. അദ്ദേഹം ചോദിച്ചു: 'അതൊന്നു മണക്കാൻ എന്നെ അനുവദിക്കാമോ?' അവൻ പറഞ്ഞു: 'ഓ, മണത്തോളൂ.' അങ്ങനെ അവന്റെ തല പിടിച്ചു മണത്തു. പിന്നെയും അദ്ദേഹം ചോദിച്ചു: 'ഞാൻ ഒന്നു കൂടി മണക്കട്ടെ.' അദ്ദേഹം പറയുന്നു: അപ്പോൾ എനിക്കു അവന്റെ തല(മുടി) പിടിച്ചു ഒതുക്കാൻ കഴിഞ്ഞു. എന്നിട്ടു പറഞ്ഞു: ശരി, നോക്കിക്കോളൂ; അങ്ങനെ അവർ അവനെ വധിച്ചു. (സ്വഹീഹ് മുസ്ലീം, വാല്യം 2, ഭാഗം 32, ഹദീസ് നമ്പർ119 (1801).

ഈ ഹദീസിൽ നിന്നും ഏതൊരു വ്യക്തിക്കും മനസ്സിലാകുന്ന കാര്യങ്ങൾ ഇവയാണ്:

1. ഒരു മുസ്ലീമിന് ശത്രുവിമന കൊല്ലാൻ നുണപറയാം!

2. ഒരു മുസ്ലീമിന് മറ്റു മനുഷ്യരോട് വിശ്വാസവഞ്ചന കാണിക്കാം!!

3. നിരായുധനായ ഒരു ധീരനെ ഇരുളിന്റെ മറവിൽ കൂടെയുള്ളവരുടെ ബലത്തിൽ ഒരു മുസ്ലീമിന് ചതിച്ചുകൊല്ലാം!!!

അല്ലാഹുവിന്റെ പ്രവാചകൻ തന്റെ അനുയായികൾക്ക് കാണിച്ചു കൊടുത്ത മാതൃകയാണിത്!!

എന്നിരുന്നാൽത്തന്നെയും മുഹമ്മദ് ഒരിക്കലും മതപ്രചാരണത്തിനു വേണ്ടി തഖിയ്യ ഉപയോഗിച്ചതായി ഇസ്ലാമിക ഗ്രന്ഥങ്ങളിൽ ഇതുവരെ ഈ ലേഖകൻ വായിച്ചിട്ടില്ല. എന്നാൽ ആധുനിക ദാവാക്കാർ മുഹമ്മദിനെയും കടത്തി വെട്ടിക്കൊണ്ടു തങ്ങൾ മുഹമ്മദിനെക്കാൾ മെച്ചപ്പെട്ട അനുയായികൾ തന്നെ എന്ന് അല്ലാഹുവിന്റെ മുമ്പാകെ തെളിയിച്ചു കൊണ്ടിരിക്കുകയാണ്. "ഗുരുവിനെപ്പോലെ ആകുന്നത് ശിഷ്യന് മതി" എന്നാണ് യേശുക്രിസ്തു പറഞ്ഞത്. അതുകൊണ്ട് യേശുക്രിസ്തുവിന്റെ അനുയായികൾ തങ്ങളുടെ ഗുരുവിനോളം മാത്രമേ വളരാൻ ശ്രമിക്കുന്നുള്ളു. എന്നാൽ അങ്ങനെയൊരു വാചകം മുഹമ്മദ് പറഞ്ഞിട്ടില്ലാത്തതിനാലാണെന്നു തോന്നുന്നു ഇവർ മതപ്രചരണ രംഗത്തും തഖിയ ഉപയോഗിച്ച് മുഹമ്മദിനെ കടത്തി വെട്ടാൻ ശ്രമിക്കുന്നത്!! വഞ്ചനകൊണ്ട് തിരുവട്ടാർ സാറിനെ ആക്രമിക്കാനുള്ള മുഹമ്മദ് ഈസായുടെ ഈ വ്യർത്ഥപരിശ്രമം കാണുമ്പോൾ അതാണ് തോന്നിപ്പോകുന്നത്!!!

(ഇസ്ലാമിക വിഷയങ്ങൾ കൂടുതൽ അിറയാപും ബൈബിളിലെ സംശയങ്ങൾ തീർക്കാനുമായി സന്ദർശിക്കുക: www.sathyamargam.org)

**"അറിവനുസരിച്ച് സംസാരിക്കുകയും, വാസനകൾക്കനുസരിച്ച് ചിന്തിക്കയും ചെയ്യുമെങ്കിലും ആചാരങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവനാണ് മനുഷ്യൻ.' ബേക്കൺ.**

സ്ഥല പരിമിതി മൂലം ചില തുടർ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ക്ഷമിക്കുക. പത്രാധിപർ

> ''എല്ലാവരും പിതാവിനെ ബഹുമാ നിക്കുന്നതു പോലെ പുത്രനേയും ബഹുമാനിക്കേണ്ടതിനു പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു''
> (യോഹന്നാൻ 5:22).

# യഹോവയുടെ യുദ്ധം,

## അതിന്റെ കാരണവും യുദ്ധനിയമങ്ങളും

**ജെറി. വി. തോമസ്,മുംബൈ.**
**അനിൽ കുമാർ വി അയ്യപ്പൻ.**

ബൈബിളിനും ക്രിസ്തുമാർഗ്ഗത്തിനും എതിരെ നൂറ്റാണ്ടുകളായി വിമർശകന്മാർ ഉന്നയിക്കുന്ന ആരോപണമാണ് പഴയനിയമ ത്തിലെ യഹോവ യുദ്ധക്കൊതിയനാണെ ന്നുള്ളത്. യുക്തിവാദ പ്രസ്ഥാനക്കാർ ആണ് പൊതുവെ ഈ വാദം ഉന്നയിക്കാറുള്ളത്. ബൈബിളിനെ ആക്രമിക്കാനുള്ള കോപ്പ് ഒരിക്കലും സ്വന്തമായി ഉണ്ടാക്കിയെടുക്കാൻ കഴിവില്ലാത്ത ഇസ്ലാമിസ്റ്റുകൾ മറ്റു പലതിലും എന്ന പോലെ ഈ വിഷയത്തിലും യുക്തി വാദികളുടെ ആരോപണങ്ങൾ ദൈവവചനം എന്ന പോലെ സ്വീകരിച്ച് ബൈബിളിനെ ആക്രമിക്കുകയാണ്. അങ്ങനെ ആക്രമിക്കുന്ന തിനു മുമ്പ് അവർ അവരുടെ സ്വന്തം മതഗ്രന്ഥം ഒരുവട്ടമെങ്കിലും മനസ്സിരുത്തി വായിച്ചിരുന്നെങ്കിൽ കുറഞ്ഞപക്ഷം ഈ ആരോപണമെങ്കിലും ബൈബിളിനെതിരെ ഉന്നയിക്കുമായിരുന്നില്ല.

ബൈബിൾ വെളിപ്പെടുത്തുന്ന സത്യ ദൈവവും ഖുർആൻ വെളിപ്പെടുത്തുന്ന അല്ലാഹുവും ഒരാളാണെന്നു രക്ഷിക്കപ്പെട്ട ഒരു ക്രിസ്ത്യാനിയും വിശ്വസിക്കുകയില്ല. അതുകൊണ്ടുതന്നെ, ഖുർആൻ ദൈവവചന മല്ലെന്നും അല്ലാഹു ദൈവമല്ലെന്നും വാദി ക്കുന്നതിനു അവനു തടസ്സങ്ങളില്ല. എന്നാൽ അതല്ല ഒരു മുസ്ലീമിന്റെ അവസ്ഥ. അല്ലാഹു പറയുന്നത്: “താൻ തന്നെയാണ് മൂസയേയും ഈസയേയും അയച്ച ദൈവം”(സൂറാ 3:3,4) എന്നാണ്. അതുകൊണ്ടു യഹോവയ്ക്കെ തിരെ ആരോപണം ഉന്നയിക്കുന്ന ഒരു മുസ്ലീം അവന്റെ മതഗ്രന്ഥം പറയുന്നതിന്റെ അടിസ്ഥാനത്തിൽ ആരോപണം ഉന്നയിക്കു ന്നത് “നിങ്ങളുടെ ദൈവവും ഞങ്ങളുടെ ദൈവവും'' (സൂറാ 29:46) ഒന്നാണെന്നു പറയുന്ന അല്ലാഹുവിനു നേരെ തന്നെയാണ്. അന്ധമായ ബൈബിൾ വിരോധത്തിൽ കടുത്തുപോയ മനസ്സുമായി ജീവിക്കുന്ന ഇസ്ലാമിസ്റ്റുകൾക്ക് ഈ ബോധം ഇപ്പോഴും ഉണ്ടായിട്ടില്ല.

ഇനി ബൈബിളിലെ യുദ്ധങ്ങളുടെ കാര്യത്തിലാണെങ്കിലോ ഒരു ആയത്ത് മാത്രം മതി മുസ്ലീങ്ങൾക്ക് ബൈബിളിനെതിരെ

**"കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗവും ആകുന്നു."**

( സദൃശ്യവാക്യങ്ങൾ 6:23)

തിരിയുവാൻ ധാർമ്മിക യോഗ്യത ഇല്ല എന്നു മനസ്സിലാക്കുവാൻ. ഇതാണ് ആ ആയത്ത്:

"എന്റെ ജനങ്ങളേ, അല്ലാഹു നിങ്ങൾക്കു വിധിച്ചിട്ടുള്ള പവിത്രഭൂമിയിൽ നിങ്ങൾ പ്രവേശിക്കുവിൻ. നിങ്ങൾ പിന്നാക്കം മടങ്ങരുത്. എങ്കിൽ നിങ്ങൾ നഷ്ടക്കാരായി മാറും"(സൂറാ 5:21).

യിസ്രായേൽ മക്കളോട് കനാനിൽ പ്രവേശിക്കുവാൻ അല്ലാഹു ആവശ്യപ്പെടുന്ന ആയത്താണിത്. (ഇതിനു എം.എം. അക്ബർ മൗലവിയുടെ ഖുർആനിൽ ഉള്ള അടിക്കുറിപ്പ് നോക്കുക: "അല്ലാഹു ഒരിടത്ത് ഒരു വിഭാഗത്തെ അധിവസിപ്പിക്കുമെന്നു പറഞ്ഞാൽ അവിടെയുള്ളവരെയൊക്കെ കുടിയൊഴിപ്പിച്ച് സ്ഥലം കാലിയാക്കി ഏല്പിച്ചു കൊടുക്കുമെന്നല്ല അതിന്റെ അർത്ഥം. അച്ചടക്കത്തോടും ധീരതയോടും കൂടി മുന്നേറുകയും, എതിർപ്പുകളെ അതിജയിക്കുകയും ചെയ്തുകൊണ്ട് അവിടെ അധിനിവേശം നടത്തുന്നവരെ അല്ലാഹു അനുഗ്രഹിക്കും. അതാണ് അല്ലാഹുവിന്റെ നടപടി ക്രമം"). ഖുർആൻ അനുസരിച്ച് അല്ലാഹുവാണ് അവരോട് അധിനിവേശം നടത്തുവാൻ കല്പിച്ചിരിക്കുന്നത്!!! അല്ലാഹു പറഞ്ഞത് അനുസരിച്ച് യിസ്രായേൽ ജനം അധിനിവേശം നടത്തിയത് തെറ്റായിപ്പോയി എന്നു ഒരു മുസ്ലീമിനു തോന്നുന്നുണ്ടെങ്കിൽ യിസ്രായേൽ ജനത്തെ കുറ്റപ്പെടുത്തുന്നതിനു മുമ്പ് ഒരു മുസ്ലീം ചോദ്യം ചെയ്യേണ്ടത് ഇങ്ങനെയൊരു കല്പന ഞാനാണു കൊടുത്തത് എന്നു ഖുർആനിൽ അവകാശപ്പെടുന്ന അല്ലാഹുവിനെയല്ലേ? അത് ചെയ്യാതെ ബൈബിളിനും യിസ്രായേലിനും ക്രിസ്ത്യാനികൾക്കും നേരെ ചാടിപ്പുറപ്പെടുന്നതെന്തിനാണ്?

ഇത്രയും പറഞ്ഞത് യിസ്രായേൽ യുദ്ധം ചെയ്തു എന്നു പറഞ്ഞ് ബൈബിളിനു നേരെ ആരോപണം ഉന്നയിക്കുവാൻ ഒരു യുക്തിവാദിക്കുള്ള അർഹത ഒരു മുസ്ലീമിനില്ല എന്നു കാണിക്കാനാണ്. പ്രത്യേകിച്ചും അല്ലാഹുവിന്റെ യുദ്ധനിയമങ്ങളെപ്പറ്റി പഠിക്കുമ്പോൾ നമുക്കത് ശരിക്കും ബോദ്ധ്യമാകുകയും ചെയ്യും. ഇനി നമുക്ക് യുക്തിവാദികൾ ബൈബിളിനെതിരെ ഉന്നയിക്കുന്ന ആരോപണം ബൈബിളിന്റെയും ചരിത്രത്തിന്റെയും അടിസ്ഥാനത്തിൽ ഒന്നു പരിശോധിച്ചു നോക്കാം:

ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം സ്നേഹമാകുന്നു. അവിടുന്ന് പരമകാരുണികനുമാണ്. അപ്പോൾത്തന്നെ അവിടുന്ന് നീതിമാനുമാകുന്നു! അവിടുന്ന് കാരുണ്യവാനും നീതിമാനും ആകുന്നു എന്നുള്ളത് കേവലം വാക്കുകൾ കൊണ്ടു മാത്രം പറയുന്ന കാര്യമല്ല, പഴയ-പുതിയ നിയമത്തിൽ ഉടനീളം പരിശോധിച്ചു നോക്കുക. അവിടുത്തെ പ്രവൃത്തികളിൽ നിന്നു നമുക്കു വെളിപ്പെടുന്ന അവിടുത്തെ സ്വഭാവസവിശേഷതയാണ് അവിടുന്ന് കാരുണ്യവാൻ ആകുന്നു, അവിടുന്ന് നീതിമാൻ ആകുന്നു എന്നുള്ളത്. പലർക്കും ഉള്ള ഒരു ധാരണയാണ് പഴയനിയമത്തിലെ യഹോവ യുദ്ധം ചെയ്യാൻ കല്പന പുറപ്പെടവിച്ചതു പോലെയാണ് അല്ലാഹു ഖുർആനിൽ യുദ്ധം ചെയ്യാൻ കല്പിച്ചത് എന്ന്. അല്ലാഹുവിന്റെ കാര്യം നമുക്ക് പിന്നീട് പരിശോധിക്കാം.

യഹോവയായ ദൈവം കനാന്യരെ

ഉന്മൂലനം ചെയ്യാൻ മോശയോടു പറയുന്നതിനു മുമ്പേ, ദൈവം അതേപ്പറ്റി പിതാവായ അബ്രഹാമിനോടു പറഞ്ഞിരുന്നു:

''സൂര്യൻ അസ്തമിക്കുമ്പോൾ അബ്രാമിനു ഒരു ഗാഢനിദ്ര വന്നു; ഭീതിയും അന്ധതമസ്സും അവന്റെ മേൽ വീണു. അപ്പോൾ അവൻ അബ്രാമിനോട്: നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്ന് ആ ദേശക്കാരെ സേവിക്കും; അവർ അവരെ പീഡിപ്പിക്കുമെന്നു നു അറിഞ്ഞുകൊൾക. എന്നാൽ അവർ സേവിക്കുന്ന ജാതിയെ ഞാൻ വിധിക്കും; അതിനുശേഷം അവർ വളരെ സമ്പത്തോടുംകൂടെ പുറപ്പെട്ടു പോരും. നീയോ സമാധാനത്തോടെ നിന്റെ പിതാക്കന്മാരോടു ചേരും; നല്ല വാർദ്ധക്യത്തിൽ അടക്കപ്പെടും. നാലാം തലമുറക്കാർ ഇവിടേക്കു മടങ്ങി വരും; അമോര്യരുടെ അക്രമം ഇതുവരെ തികഞ്ഞിട്ടില്ല എന്നു അരുളിച്ചെയ്തു. സൂര്യൻ അസ്തമിച്ച് ഇരുട്ടായ ശേഷം ഇതാ, പുകയുന്ന ഒരു തീച്ചൂള; ആ ഭാഗങ്ങളുടെ നടുവെ ജ്വലിക്കുന്ന ഒരു പന്തം കടന്നുപോയി. അന്ന് യഹോവ അബ്രാമിനോടു ഒരു നിയമം ചെയ്തു: നിന്റെ സന്തതിക്കു ഞാൻ മിസ്രയീം നദി തുടങ്ങി ഫ്രാത്ത് നദിയായ മഹാനദി വരെയുള്ള ഈ ദേശത്തെ, കേന്യർ, മകനിസ്യർ, കദ്മോന്യർ, ഹിത്യർ, പെരിസ്യർ, രെഫായീമ്യർ, അമോര്യർ, കനാന്യർ, ഗിർഗ്ഗശ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തെ തന്നേ, തന്നിരിക്കുന്നു എന്നു അരുളിച്ചെയ്തു" (ഉല്പത്തി 15:12-21).

ഇവിടെ ദൈവം പറയുന്നത്, "കനാൻ നാട്ടിലുള്ളവരുടെ മേൽ ശിക്ഷാവിധി നടപ്പാക്കുന്നത് ദീർഘമായ 400 വർഷങ്ങൾ കഴിഞ്ഞിട്ടായിരിക്കും''എന്നാണ്. മ്ലേച്ഛതയിൽ ജീവിച്ച കനാൻ നാട്ടിലെ നിവാസികൾക്കു മാനസാന്തരപ്പെടാൻ ഒരു കാലയളവു ദൈവം നല്കി. ആ കാലയളവു 5 വർഷമോ 10 വർഷമോ 23 വർഷമോ ഒന്നുമല്ല, ദീർഘമായ 400 വർഷങ്ങളാണ്. മാത്രമല്ല, ദൈവം അവരുടെ ഇടയിലേക്ക് തന്റെ പ്രവാചകന്മാരെ അയയ്ക്കുകയും ചെയ്തിരുന്നു. ഉല്പത്തി 14:18-ൽ നാം വായിക്കുന്നത്: ''ശാലേം രാജാവായ മൽക്കീ സേദെക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു; അവൻ "അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു" എന്നാണ്. "അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്ന'' മൽക്കീ സേദെക്ക് അവരുടെ മദ്ധ്യത്തിൽ ഉണ്ടായിരുന്നു. പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ്, യാക്കോബിന്റെ 12 മക്കൾ എല്ലാം അവരുടെ മദ്ധ്യത്തിൽ ഉണ്ടായിരുന്നു. അബ്രഹാമിനെക്കുറിച്ച് ജനം പറയുന്നത് ''നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രഭു ആകുന്നു" എന്നാണ് ( ഉല്പത്തി 23: 6). ഇങ്ങനെ ദീർഘമായ ഒരു കാലയളവു കൊടുക്കുക മാത്രമല്ല, ദൈവത്തിന്റെ സാക്ഷികൾ ആ കാലയളവിൽ അവരുടെ മുമ്പാകെ ജീവിച്ചിട്ടുള്ളതുമാണ്. എന്നിട്ടും അവർ തങ്ങളുടെ അതിക്രമം വിട്ടു

**എന്തായിരുന്നു അവരുടെ അതിക്രമം? യഹോവയിൽ വിശ്വസിച്ചില്ല എന്നതായിരുന്നോ അവരുടെ അതിക്രമം? ഒരിക്കലുമല്ല! അവരുടെ അതിക്രമത്തിന്റെ പട്ടിക ലേവ്യാ പുസ്തകം 18,20 അദ്ധ്യായങ്ങളിൽ കൊടുത്തിട്ടുണ്ട്.**

"അവൻ (ക്രിസ്തു) സർവ്വത്തിനും മുമ്പേ ഉള്ളവൻ, അവൻ സകല ത്തിനും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്ന." (കൊലോസ്യർ 1:7,8).

തിരിഞ്ഞു മാനസാന്തരപ്പെട്ടില്ല!!!

എന്തായിരുന്നു അവരുടെ അതിക്രമം? യഹോവയിൽ വിശ്വസിച്ചില്ല എന്നതായിരുന്നോ അവരുടെ അതിക്രമം? ഒരിക്കലുമല്ല! അവരുടെ അതിക്രമത്തിന്റെ പട്ടിക ലേവ്യാപുസ്തകം 18,20 അദ്ധ്യായങ്ങളിൽ കൊടുത്തിട്ടുണ്ട്. നമുക്കതൊന്നു പരിശോധിക്കാം:

"നിങ്ങളിൽ ആരും തനിക്കു രക്തസംബന്ധമുള്ള യാതൊരുത്തരുടെയും നഗ്നത അനാവൃതമാക്കുവാൻ തക്കവണ്ണം അവരോടു അടുക്കരുത്; ഞാൻ യഹോവ ആകുന്നു. നിന്റെ അപ്പന്റെ നഗ്നതയും അമ്മയുടെ നഗ്നതയും അനാവൃതമാക്കരുത്. അവൾ നിന്റെ അമ്മയാകുന്നു; അവളുടെ നഗ്നത അനാവൃതമാക്കരുത്. അപ്പന്റെ ഭാര്യയുടെ നഗ്നത അനാവൃതമാക്കരുത്; അത് നിന്റെ അപ്പന്റെ നഗ്നതയല്ലോ. അപ്പന്റെ മകളോ അമ്മേയുടെ മകളോ ആയ നിന്റെ സഹോദരിയുടെ നഗ്നത അനാവൃതമാക്കരുത്. വീട്ടിൽ ജനിച്ചവരായാലും പുറമെ ജനിച്ചവരായാലും അവരുടെ നഗ്നത അനാവൃതമാക്കരുത്. നിന്റെ മകന്റെ മകളുടെ നഗ്നതയോ മകളുടെ മകളുടെ നഗ്നതയോ അനാവൃതമാക്കരുത്; അവരുടെ നഗ്നത നിന്റേതു തന്നെയല്ലോ. നിന്റെ അപ്പനു ജനിച്ചവളും അവന്റെ ഭാര്യയുടെ മകളുമായവളുടെ നഗ്നത അനാവൃതമാക്കരുത്; അവൾ നിന്റെ സഹോദരിയല്ലയോ.

അപ്പന്റെ സഹോദരിയുടെ നഗ്നത അനാവൃതമാക്കരുത്; അവൾ അപ്പന്റെ അടുത്ത ചാർച്ചക്കാരിയല്ലോ. അമ്മയുടെ സഹോദരിയുടെ നഗ്നത അനാവൃതമാക്കരുത്; അവൾ നിന്റെ അമ്മയുടെ അടുത്ത ചാർച്ചക്കാരിയല്ലോ. അപ്പന്റെ സഹോദരന്റെ നഗ്നത അനാവൃതമാക്കരുത്; അവന്റെ ഭാര്യയോടു അടുക്കുകയുമരുത്; അവൾ നിന്റെ ഇളയമ്മയല്ലോ. നിന്റെ മരുമകളുടെ നഗ്നത അനാവൃതമാക്കരുത്; അവൾ നിന്റെ മകന്റെ ഭാര്യയല്ലോ; അവളുടെ നഗ്നത അനാവൃതമാക്കരുത്. സഹോദരന്റെ ഭാര്യയുടെ നഗ്നത അനാവൃതമാക്കരുത്; അതു നിന്റെ സഹോദരന്റെ നഗ്നതയല്ലോ. ഒരു സ്ത്രീയുടെയും അവളുടെ മകളുടെയും നഗ്നത അനാവൃതമാക്കരുത്; അവളുടെ മകന്റെയോ മകളുടെയോ മകളുടെ നഗ്നത അനാവൃതമാക്കുമാറ് അവളെ പരിഗ്രഹിക്കരുത്. അവർ അടുത്ത ചാർച്ചക്കാരല്ലോ; അത് ദുഷ്ക്കർമ്മം. ഭാര്യ ജീവനോടെ ഇരിക്കുമ്പോൾ അവളെ ദുഃഖിപ്പിപ്പാൻ അവളുടെ സഹോദരിയുടെ നഗ്നത അനാവൃതമാക്കുമാറ് അവളെ കൂടെ പരിഗ്രഹിക്കരുത്. ഒരു സ്ത്രീ ഋതു നിമിത്തം അശുദ്ധയായിരിക്കുമ്പോൾ അവളുടെ നഗ്നത അനാവൃതമാക്കുമാറ് അവളോടു അടുക്കരുത്. കൂട്ടുകാരന്റെ ഭാര്യയോടുകൂടെ ശയിച്ച് അവളെക്കൊണ്ട് നിന്നെ അശുദ്ധനാക്കരുത്. നിന്റെ സന്തതിയിൽ ഒന്നിനെയും മോലേക്കിനു അർപ്പിച്ചു നിന്റെ ദൈവത്തിന്റെ നാമത്തെ അശുദ്ധമാക്കരുത്; ഞാൻ യഹോവ ആകുന്നു. സ്ത്രീയോടെന്ന പോലെ പുരുഷനോടുകൂടെ ശയിക്കരുത്; അത് മ്ലേച്ഛത. യാതൊരു മൃഗത്തോടു കൂടെയും ശയിച്ചു അതിനാൽ നിന്നെ അശുദ്ധനാക്കരുത്. യാതൊരു സ്ത്രീയും ഒരു മൃഗത്തോടും കൂടെ

ശയിക്കേണ്ടതിനു അതിന്റെ മുമ്പിൽ നില്ക്കയും അരുത്; അത് നികൃഷ്ടം. ഇവയിൽ ഒന്നുകൊണ്ടും നിങ്ങളെത്തന്നെ അശുദ്ധരാക്കരുത്; ഞാൻ നിങ്ങളുടെ മുമ്പിൽ നിന്നു നീക്കിക്കളയുന്ന ജാതികൾ ഇവയാൽ ഒക്കെയും തങ്ങളെത്തന്നെ അശുദ്ധരാക്കിയിരിക്കുന്നു" (ലേവ്യാ 18:6-24).

ഇനി ലേവ്യാ പുസ്തകം 20-ാം അദ്ധ്യായത്തിൽ നിന്നു നോക്കാം:

"നീ യിസ്രായേൽ മക്കളോടു പറയേണ്ടതെന്തെന്നാൽ: യിസ്രായേൽ മക്കളിലോ യിസ്രായേലിൽ വന്നു പാർക്കുന്ന പരദേശികളിലോ ആരെങ്കിലും തന്റെ സന്തതികളിൽ ഒന്നിനെ മോലേക്കിനു കൊടുത്താൽ അവൻ മരണശിക്ഷ അനുഭവിക്കേണം; ദേശത്തിലെ ജനം അവനെ കല്ലെറിയേണം. അവൻ തന്റെ സന്തതിയെ മോലേക്കിനു കൊടുത്തതിനാൽ എന്റെ വിശുദ്ധമന്ദിരം മലിനമാക്കുകയും എന്റെ നാമം അശുദ്ധമാക്കുകയും ചെയ്തതുകൊണ്ട് ഞാൻ അവന്റെ നേരെ ദൃഷ്ടി വെച്ചു അവനെ അവന്റെ ജനത്തിൽ നിന്നു ഛേദിച്ചുകളയും"(ലേവ്യാ 20:2,3).

"ഒരുത്തന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്നവൻ, കൂട്ടുകാരന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്ന വ്യഭിചാരിയും വ്യഭിചാരിണിയും തന്നേ, മരണശിക്ഷ അനുഭവിക്കേണം. അപ്പന്റെ ഭാര്യയോടുകൂടെ ശയിക്കുന്നവൻ അപ്പന്റെ നഗ്നത അനാവൃതമാക്കുന്നു; ഇരുവരും മരണശിക്ഷ അനുഭവിക്കേണം; അവരുടെ രക്തം അവരുടെമേൽ ഇരിക്കും. ഒരുത്തൻ മരുമകളോടുകൂടെ ശയിച്ചാൽ ഇരുവരും മരണശിക്ഷ അനുഭവിക്കേണം; അവർ നികൃഷ്ടകർമ്മം ചെയ്തു; അവരുടെ രക്തം അവരുടെമേൽ ഇരിക്കും. സ്ത്രീയോടുകൂടെ ശയിക്കുന്നതു പോലെ ഒരുത്തൻ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും മ്ലേച്ഛത ചെയ്തു; അവർ മരണശിക്ഷ അനുഭവിക്കേണം; അവരുടെ രക്തം അവരുടെമേൽ ഇരിക്കും. ഒരു പുരുഷൻ ഒരു സ്ത്രീയേയും അവളുടെ അമ്മയേയും പരിഗ്രഹിച്ചാൽ അതു ദുഷ്ക്കർമ്മം; നിങ്ങളുടെ ഇടയിൽ ദുഷ്ക്കർമ്മം ഇല്ലാതിരിക്കേണ്ടതിനു അവനെയും അവരേയും തീയിൽ ഇട്ടു ചുട്ടുകളയേണം. ഒരു പുരുഷൻ മൃഗത്തോടു കൂടെ ശയിച്ചാൽ അവൻ മരണശിക്ഷ അനുഭവിക്കേണം; മൃഗത്തേയും കൊല്ലേണം. ഒരു സ്ത്രീയും യാതൊരു മൃഗത്തോടെങ്കിലും ചേർന്നു ശയിച്ചാൽ സ്ത്രീയേയും മൃഗത്തേയും കൊല്ലേണം; അവർ മരണശിക്ഷ അനുഭവിക്കേണം; അവരുടെ രക്തം അവരുടെമേൽ ഇരിക്കും. ഒരു പുരുഷൻ തന്റെ അപ്പന്റെ മകളോ അമ്മയുടെ മകളോ ആയ തന്റെ സഹോദരിയെ പരിഗ്രഹിച്ചു അവളുടെ നഗ്നത കാണുകയും അവൾ അവന്റെ നഗ്നത കാണുകയും ചെയ്താൽ അത് ലജ്ജാകരം; അവരെ അവരുടെ ജനത്തിന്റെ മുമ്പിൽ വെച്ചുതന്നേ സംഹരിച്ചുകളയേണം; അവൻ സഹോദരിയുടെ നഗ്നത അനാവൃതമാക്കി; അവൻ തന്റെ കുറ്റം വഹിക്കും. ഒരു പുരുഷൻ ഋതുവായ സ്ത്രീയോടു കൂടെ ശയിച്ചു അവളുടെ നഗ്നത അനാവൃതമാക്കിയാൽ അവൻ അവളുടെ സ്രവം അനാവൃതമാക്കി; അവളും തന്റെ രക്തസ്രവം അനാവൃതമാക്കി; ഇരുവരേയും അവരുടെ ജനത്തിന്റെ ഇടയിൽ നിന്നു ഛേദിച്ചുകളയേണം. നിന്റെ അപ്പന്റെ സഹോദരിയുടെയോ അമ്മയുടെ സഹോദരി

**നോക്കുക, ദൈവം കണ്ണുമടച്ച് ശിക്ഷിക്കുകയായിരുന്നില്ല.**

1. **അവർക്ക് മാനസാന്തരപ്പെടാൻ ദീർഘമായ ഒരു കാലയളവു കൊടുത്തു.**
2. **അവരുടെ ഇടയിലേക്ക് തന്റെ സാക്ഷികളെ അയച്ചു പ്രബോധിപ്പിച്ചു.**
3. **അവരുടെ അതിക്രമങ്ങൾ പട്ടികയിട്ടു നിരത്തി അഥവാ അവരുടെ കുറ്റപത്രം വായിച്ചു കേൾപ്പിച്ചു.**

യുടെയോ നഗ്നത അനാവൃതമാക്കരുത്; അങ്ങനെത്തവൻ തന്റെ അടുത്ത ചാർച്ച ക്കാരത്തിയെ അനാവൃതയാക്കുന്നുവല്ലോ; അവർ തങ്ങളുടെ കുറ്റം വഹിക്കും. ഒരു പുരുഷൻ ഇളയപ്പന്റെ ഭാര്യയോടു കൂടെ ശയിച്ചാൽ അവൻ ഇളയപ്പന്റെ നഗ്നത അനാവൃതമാക്കി; അവർ തങ്ങളുടെ പാപം വഹിക്കും; അവർ സന്തതിയില്ലാത്തവരായി മരിക്കേണം. ഒരുത്തൻ സഹോദരന്റെ ഭാര്യയെ പരിഗ്രഹിച്ചാൽ അതു മാലിന്യം; അവൻ സഹോദരന്റെ നഗ്നത അനാവൃതമാക്കി;അവർ സന്തതിയില്ലാത്തവർ ആയിരിക്കേണം" (ലേവ്യാ 20:10–21).

അവരുടെ കുറ്റം എന്തൊക്കെയാണെന്നു ദൈവം ഇവിടെ പറയുന്നു. അപ്പൻ മകളോടൊത്ത് ശയിക്കുന്നു, മകൻ അമ്മയോടൊത്ത്, പിതാമഹൻ പേരക്കുട്ടിയോടൊത്ത്, അമ്മായപ്പൻ മകന്റെ ഭാര്യയോടൊത്ത്, സഹോദരൻ സഹോദരിയോടൊത്ത്, മകൻ അപ്പന്റെ ഭാര്യയോടൊത്ത്, ഇളയപ്പന്റെ ഭാര്യയോടൊത്ത്, അമ്മയുടെ സഹോദരി യോടൊത്ത്, കൂട്ടുകാരന്റെ ഭാര്യയോടൊത്ത്, ഭാര്യയുടെ അമ്മയോടൊത്ത്, ഭാര്യയുടെ സഹോദരിയോടൊത്ത്, സഹോദരന്റെ ഭാര്യയോടൊത്ത്, സ്ത്രീയോടെന്ന പോലെ പുരുഷനോടൊത്ത് പുരുഷനോടെന്ന പോലെ സ്ത്രീയോടൊത്ത്, മൃഗത്തോടൊത്ത് ശയിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്ന ജനവിഭാഗമായിരുന്നു അവർ എന്നു ദൈവം വ്യക്തമായി പറയുന്നു!!

മാത്രമല്ല, മോലെക്ക് എന്ന ദേവനേയും അവർ ആരാധിച്ചിരുന്നു. ആരാണീ മോലെക്ക്? അമോര്യരുടെ ദേവനാണ് മോലെക്ക്. കൈകൾ രണ്ടും മുന്നോട്ടു നീട്ടി വിടർത്തിപ്പിടിച്ച് നില്ക്കുന്ന ഈ ദേവന്റെ പത്തുപതിനഞ്ചടി വലുപ്പമുള്ള ഉള്ളു പൊള്ളയായ ലോഹവിഗ്രഹം ഉണ്ടാക്കി അതിനകത്തും പുറത്തും മരം നിറച്ചു തീ കൊടുത്ത് വിഗ്രഹത്തെ ചുട്ടുപഴുപ്പിച്ചതിനു ശേഷം വിഗ്രഹത്തിനടുത്തുള്ള തട്ടിൽ കയറി നിന്നു തങ്ങളുടെ കുഞ്ഞുങ്ങളെ മോലെക്കിന്റെ ചുട്ടുപഴുത്ത കൈകളിലേക്ക് ഇട്ടുകൊടുക്കും. മോലെക്കിന്റെ കൈകളിൽ വീഴുന്ന കുഞ്ഞുങ്ങൾ നിമിഷങ്ങൾ കൊണ്ട് കരിക്കട്ടയായി മാറുകയും ചെയ്യും. ഈ കൊടുംക്രൂരതയ്ക്കാണ് അഗ്നിപ്രവേശം ചെയ്യിക്കുക എന്നു പറയുന്നത്. ഇത് മാത്രമല്ല, അന്നത്തെ കനാൻ ദേവീ-ദേവന്മാരിൽ ഭൂരിഭാഗവും മനുഷ്യരക്തം ആവശ്യപ്പെട്ടിരുന്നവരായിരുന്നു. അതുകൊണ്ടാണ് യഹോവയായ ദൈവം അന്യദൈവങ്ങളെ ആരാധിക്കരുതെന്ന് യിസ്രായേൽ മക്കളോട് അമർച്ചയായി കല്പിച്ചത്. എന്നിട്ടും പില്ക്കാലത്ത് യിസ്രായേൽ ഈ മ്ലേച്ഛകൃത്യം ചെയ്തിരുന്നു, രാജാക്കന്മാർ അടക്കം!! ഇതാ തെളിവുകൾ:

"അന്നു ശലോമോൻ യരുശലേമിനു എതിരെയുള്ള മലയിൽ **മോവാബ്യരുടെ മ്ലേച്ഛവിഗ്രഹമായ കെമോശിനും അമ്മോന്യരുടെ മ്ലേച്ഛവിഗ്രഹമായ മോലെക്കിനും** ഓരോ പൂജാഗിരി പണിതു. തങ്ങളുടെ ദേവന്മാർക്കും ധൂപം കാട്ടിയും ബലി കഴിച്ചും പോന്ന അന്യജാതിക്കാരത്തികളായ സകല ഭാര്യമാർക്കും വേണ്ടി അവൻ അങ്ങനെ ചെയ്തു" (1രാജാക്കന്മാർ 11:7,8).

"**അവർ തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും അഗ്നിപ്രവേശം ചെയ്യിച്ചു** പ്രശ്നവും ആഭിചാരവും പ്രയോഗിച്ചു യഹോവയെ കോപിപ്പിക്കേണ്ടതിനു അവന്നു അനിഷ്ടമായുള്ളതു ചെയ്‌വാൻ തങ്ങളെത്തന്നെ വിറ്റുകളഞ്ഞു"(2 രാജാക്കന്മാർ 17:17).

"**അവർ തങ്ങളുടെ മക്കളെ വിഗ്രഹങ്ങൾക്കു വേണ്ടി കൊന്ന ശേഷം** അന്നുതന്നേ അവർ എന്റെ വിശുദ്ധമന്ദിരത്തെ അശുദ്ധമാക്കേണ്ടതിനു അതിലേക്കു വന്നു; ഇങ്ങനെയത്രേ അവർ എന്റെ ആലയത്തിന്റെ നടുവിൽ ചെയ്തത്"(യെഹസ്കേൽ 23:39).

"അതുകൊണ്ടു നീ യിസ്രായേൽ ജനത്തോടു പറയേണ്ടത്: യഹോവയായ

# സീക്കോഴ്സ് പാത്ത്

> ''ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ; അതിനല്ലോ നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടിരിക്കുന്നത്; നന്ദിയുള്ളവരായി ഇരിപ്പിൻ.'' (കൊലോസ്യർ 3:15).

കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരുടെ മര്യാദപ്രകാരം നിങ്ങളെത്തന്നെ അശുദ്ധമാക്കുവാനും അവരുടെ മ്ലേച്ഛവിഗ്രഹങ്ങളോടു ചേർന്നു പരസംഗം ചെയ്യുവാനും പോകുന്നുവോ? നിങ്ങളുടെ വഴിപാടുകളെ കഴിക്കുന്നതിനാലും **നിങ്ങളുടെ മക്കളെ അഗ്നിപ്രവേശം ചെയ്യിക്കുന്നതിനാലും** നിങ്ങൾ ഇന്നുവരെ നിങ്ങളുടെ സകല വിഗ്രഹങ്ങളെയും കൊണ്ടു നിങ്ങളെത്തന്നെ അശുദ്ധമാക്കുന്നു; യിസ്രായേൽ ഗൃഹമേ, നിങ്ങൾ ചോദിച്ചാൽ ഞാൻ ഉത്തരമരുളുമോ? നിങ്ങൾ ചോദിച്ചാൽ, എന്നാണ ഞാൻ ഉത്തരമരുളുകയില്ല എന്നു യഹോവ യായ കർത്താവിന്റെ അരുളപ്പാട്" (യെഹസ്ക്കേൽ 20:31).

"അവൻ യിസ്രായേൽ രാജാക്കന്മാരുടെ വഴിയിൽ നടന്നു; യഹോവ **യിസ്രായേൽ മക്കളുടെ മുമ്പിൽ നിന്നു നീക്കിക്കളഞ്ഞ ജാതികളുടെ മ്ലേച്ഛതകൾക്കൊത്തവണ്ണം തന്റെ മകനെ അഗ്നിപ്രവേശവും ചെയ്യിച്ചു.** അവൻ പൂജാഗിരികളിലും കുന്നുകളിലും പച്ചവൃക്ഷത്തിൻ കീഴിലൊക്കെയും ബലികഴിച്ചും ധൂപം കാട്ടിയും പോന്നു" (2 രാജാ ക്കന്മാർ 16:3,4).

"അവർ തങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ ഒക്കെയും ഉപേക്ഷിച്ചുകളഞ്ഞു, തങ്ങൾക്കു രണ്ടു കാളക്കുട്ടികളുടെ വിഗ്രഹങ്ങൾ വാർപ്പിച്ച് അശേരാപ്രതിഷ്ഠയും ഉണ്ടാക്കി; ആകാശത്തിലെ സകല സൈന്യത്തേയും നമസ്ക്കരിച്ച് ബാലിനെയും സേവിച്ചു പോന്നു. **അവർ തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും അഗ്നിപ്രവേശം ചെയ്യിച്ചു** പ്രശ്നവും ആഭിചാരവും പ്രയോഗിച്ചു യഹോവയെ കോപിപ്പിക്കേണ്ടതിനു അവന്നു അനിഷ്ടമായുള്ളതു ചെയ്വാൻ തങ്ങളെത്തന്നെ വിറ്റുകളഞ്ഞു. അതു നിമിത്തം യഹോവ യിസ്രായേലിനോടു ഏറ്റവും കോപിച്ചു. അവരെ തന്റെ സന്നിധിയിൽ നിന്നു നീക്കിക്കളഞ്ഞു; യഹൂദാ ഗോത്രം മാത്രമല്ലാതെ ആരും ശേഷിച്ചില്ല" (2 രാജാക്കന്മാർ 17:17).

''അവ്വക്കാർ നിബ്ഹസിനെയും തർത്തക്കിമനയും ഉണ്ടാക്കി, **സെഫർവ്വക്കാർ സെഫർവ്വയീം ദേവന്മാരായ അദ്രമേലെക്കിനും അനമേലെക്കിനും തങ്ങളുടെ മക്കളെ അഗ്നിപ്രവേശനം ചെയ്യിച്ചു**'' (2രാജാക്കന്മാർ 17:31).

"**അവൻ തന്റെ മകനെ അഗ്നിപ്രവേശം ചെയ്യിക്കയും** മുഹൂർത്തം നോക്കുകയും ആഭിചാരം പ്രയോഗിക്കുകയും വെളിച്ചപ്പാടന്മാരെയും ലക്ഷണം പറയുന്നവരെയും നിയമിക്കയും ചെയ്തു. യഹോവയെ കോപിപ്പിപ്പാൻ തക്കവണ്ണം അവന്നു അനിഷ്ടമായുള്ളതു പലതും ചെയ്തു"(2 രാജാക്കന്മാർ 21:6).

"അവൻ യിസ്രായേൽ രാജാക്കന്മാരുടെ വഴികളിൽ നടന്നു; ബാൽവിഗ്രഹങ്ങളെ വാർത്തുണ്ടാക്കി. അവൻ ബെൻ-ഹിന്നോം താഴ്വരയിൽ ധൂപം കാട്ടുകയും **യിസ്രായേൽ മക്കളുടെ മുമ്പിൽ നിന്നു യഹോവ നീക്കിക്കളഞ്ഞ ജാതികളുടെ മ്ലേച്ഛാചാരപ്രകാരം തന്റെ പുത്രന്മാരെ അഗ്നിപ്രവേശം ചെയ്യിക്കയും ചെയ്തു.** അവൻ പൂജാഗിരികളിലും കുന്നുകളിലും പച്ചവൃക്ഷത്തിൻ കീഴിലൊക്കെയും ബലി കഴിച്ചും ധൂപം കാട്ടിയും പോന്നു" (2 ദിനവൃത്താന്തം 28:2-4).

**"നീ എനിക്കു പ്രസവിച്ച നിന്റെ പുത്രന്മാരെയും പുത്രിമാരെയും നീ എടുത്തു അവയ്ക്കു ഭോജനബലിയായി അർപ്പിച്ചു. നിന്റെ പരസംഗം പോരാഞ്ഞിട്ടോ നീ എന്റെ മക്കളെ അറുത്തു അഗ്നിപ്രവേശം ചെയ്യിച്ചു അവയ്ക്കു ഏല്പിച്ചു കൊടുത്തതു?"**(യെഹസ്ക്കേൽ 16:20,21).

"ഞാൻ യഹോവ എന്നു അവർ അറിവാൻ തക്കവണ്ണം ഞാൻ അവരെ ശൂന്യമാക്കേണ്ടതിനു അവർ **എല്ലാ കടിഞ്ഞൂലുകളെയും അഗ്നിപ്രവേശം ചെയ്യിച്ചതിനാൽ** ഞാൻ അവരെ അവരുടെ സ്വന്തവഴിപാടുകളാൽ അശുദ്ധമാക്കി"(യെഹസ്ക്കേൽ 20:26).

താൻ മാത്രം സത്യദൈവം എന്നുള്ളതുകൊണ്ടു മാത്രമല്ല അന്യദേവന്മാരെ സേവിക്കരുത് എന്നു യഹോവ കല്പനയിട്ടത്, **ഈ മ്ലേച്ഛമായ അവസ്ഥയിലേക്ക് അവയെ ആരാധിക്കുന്നവർ പോകേണ്ടി വരും എന്നുള്ളതുകൊണ്ടും കൂടിയാണ്.** "ഞാൻ വിശുദ്ധനായിരിക്കുന്നതു പോലെ നിങ്ങളും വിശുദ്ധരായിരിക്കുവിൻ" എന്നു യഹോവയായ ദൈവം ന്യായപ്രമാണത്തിൽ ആവർത്തിച്ചു കല്പനയിടുന്നതിന്റെയും കാരണവും ഇതു തന്നെ. കനാൻ ദേശത്തുണ്ടായിരുന്നവർ ഈ മ്ലേച്ഛതകൾ പ്രവർത്തിച്ചിരുന്നവരാണ്. ദൈവവചനം പറയുന്നത് നോക്കുക:

"ഇവയിൽ ഒന്നുകൊണ്ടും നിങ്ങളെത്തന്നെ അശുദ്ധരാക്കരുത്; **ഞാൻ നിങ്ങളുടെ മുമ്പിൽ നിന്നു നീക്കിക്കളയുന്ന ജാതികൾ ഇവയാൽ ഒക്കെയും തങ്ങളെത്തന്നെ അശുദ്ധരാക്കിയിരിക്കുന്നു. ദേശവും അശുദ്ധമായിത്തീർന്നു; അതുകൊണ്ട് ഞാൻ അതിന്റെ അകൃത്യം അതിന്മേൽ സന്ദർശിക്കുന്നു; ദേശം തന്റെ നിവാസികളെ ഛർദ്ദിച്ചു കളയുന്നു. ഈ മ്ലേച്ഛതയൊക്കെയും നിങ്ങൾക്കു മുമ്പേ ആ ദേശത്തുണ്ടായിരുന്ന മനുഷ്യർ ചെയ്തു, ദേശം അശുദ്ധമായിത്തീർന്നു.** നിങ്ങൾക്കു മുമ്പേ ഉണ്ടായിരുന്ന ജാതികളെ ദേശം ഛർദ്ദിച്ചു കളഞ്ഞതു പോലെ നിങ്ങൾ അതിനെ അശുദ്ധമാക്കീട്ടു നിങ്ങളെയും ഛർദ്ദിച്ചു കളയാതിരിപ്പാൻ നിങ്ങൾ എന്റെ ചട്ടങ്ങളും വിധികളും പ്രമാണിക്കേണം" (ലേവ്യാ 18:24-27).

"ആകയാൽ നിങ്ങൾക്കു മുമ്പേ നടന്ന ഈ മ്ലേച്ഛമര്യാദകളിൽ യാതൊന്നും ചെയ്യാതെയും അവയാൽ അശുദ്ധരാകാതെയും ഇരിപ്പാൻ നിങ്ങൾ എന്റെ പ്രമാണങ്ങളെ പ്രമാണിക്കേണം; ഞാൻ നിങ്ങളുടെ ദൈവമായ യഹോവയാകുന്നു"( ലേവ്യാ 18:30).

> ദൈവവചനത്തിനു വിരുദ്ധമായി പ്രവർത്തിച്ച ദൈവത്തിന്റെ ജനത്തിനു ശിക്ഷ കൊടുത്തതിനു ശേഷമാണ് ദൈവം അതിനു കാരണക്കാരായവരെ- അതായത് മിദ്യാന്യരെ- ശിക്ഷിക്കുന്നത്.

"ആകയാൽ നിങ്ങൾ കുടിയിരിക്കേണ്ടതിനു ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന ദേശം നിങ്ങളെ ഛർദ്ദിച്ചു കളയാതിരിപ്പാൻ എന്റെ എല്ലാ ചട്ടങ്ങളും സകല വിധികളും പ്രമാണിച്ചു ആചരിക്കേണം. ഞാൻ നിങ്ങളുടെ മുമ്പിൽ നിന്നു നീക്കിക്കളയുന്ന ജാതിയുടെ ചട്ടങ്ങളെ അനുസരിച്ചു നടക്കരുത്; **ഈ കാര്യങ്ങളെ ഒക്കെയും ചെയ്തതുകൊണ്ട് അവർ എനിക്കു അറെപ്പായിത്തീർന്നു"** (ലേവ്യാ 20:22,23).

"നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു എത്തിയ ശേഷം **അവിടുത്തെ ജാതികളുടെ മ്ലേച്ഛതകൾ** നീ പഠിക്കരുത്. തന്റെ മകനെയോ മകളെയൊ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാ

**"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ." (എബ്രായർ 13:8).**

രൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അജ്ഞനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവയ്ക്കു വെറുപ്പ് ആകുന്നു; **ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളയുന്നു.** നിന്റെ ദൈവമായ യഹോവയുടെ മുമ്പിൽ നീ നിഷ്ക്കളങ്കനായിരിക്കേണം. **നീ നീക്കിക്കളവാനിരിക്കുന്ന ജാതികൾ മുഹൂർത്തക്കാരുടെയും പ്രശ്നക്കാരുടെയും വാക്കു കേട്ടു നടന്നു; നീയോ അങ്ങനെ ചെയ്‌വാൻ നിന്റെ ദൈവമായ യഹോവ അനുവദിച്ചിട്ടില്ല**" (ആവർത്തനം 18:9–14).

"നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തുള്ള ജാതികളെ നിന്റെ ദൈവമായ യഹോവ നിന്റെ മുമ്പിൽ നിന്നു ഛേദിച്ചു കളയുമ്പോഴും നീ അവരെ നീക്കിക്കളഞ്ഞു അവരുടെ ദേശത്തു പാർക്കുമ്പോഴും അവർ നിന്റെ മുമ്പിൽ നിന്നു നശിച്ച ശേഷം നീ അവരുടെ നടപടി അനുസരിച്ച് കണിയിൽ അകപ്പെടുകയും **ഈ ജാതികൾ തങ്ങളുടെ ദേവന്മാരെ സേവിച്ച വിധം** ഞാനും ചെയ്യുമെന്നു പറഞ്ഞു അവന്മാരുടെ ദേവന്മാരെക്കുറിച്ച് അന്വേഷിക്കയും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചു കൊള്ളേണം. നിന്റെ ദൈവമായ യഹോവയെ അങ്ങനെ സേവിക്കേണ്ടതല്ല; **യഹോവ വെറുക്കുന്ന സകല മ്ലേച്ഛതയും അവർ തങ്ങളുടെ ദേവപൂജയിൽ ചെയ്തു തങ്ങളുടെ പുത്രീപുത്രന്മാരെപ്പോലും അവർ തങ്ങളുടെ ദേവീദേവന്മാർക്കു അഗ്നിപ്രവേശം ചെയ്യിച്ചുവല്ലോ"** (ആവർത്തനം 12:29–31).

"യിസ്രായേലേ, കേൾക്ക; നീ ഇന്നു യോർദ്ദാൻ കടന്നു നിന്നെക്കാൾ വലുപ്പവും ബലവുമുള്ള ജാതികളെയും ആകാശത്തോളം ഉയർന്ന മതിലുള്ള വലിയ പട്ടണങ്ങളെയും വലുപ്പവും പൊക്കവുമുള്ള അനാക്യരെന്ന ജാതിയെയും അടക്കുവാൻ പോകുന്നു; നീ അവരെ അറിയുന്നുവല്ലോ; അനാക്യരുടെ മുമ്പാകെ നില്ക്കാകുന്നവൻ ആർ എന്നിങ്ങനെയുള്ള ചൊല്ലു നീ കേട്ടിരിക്കുന്നു. എന്നാൽ നിന്റെ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയായി നിനക്കു മുമ്പിൽ കടന്നു പോകുന്നു എന്നു നീ ഇന്നു അറിഞ്ഞുകൊൾക. അവൻ അവരെ നശിപ്പിക്കുകയും നിന്റെ മുമ്പിൽ താഴ്ത്തുകയും ചെയ്യും; അങ്ങനെ യഹോവ നിന്നോടു അരുളിച്ചെയ്തതു പോലെ നീ അവരെ നീക്കിക്കളകയും ക്ഷണത്തിൽ നശിപ്പിക്കയും ചെയ്യും. നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളഞ്ഞ ശേഷം എന്റെ നീതി നിമിത്തം ഈ ദേശം കൈവശമാക്കുവാൻ യഹോവ എന്നെ കൊണ്ടുവന്നു എന്നു നിന്റെ ഹൃദയത്തിൽ പറയരുത്; **ആ ജാതിയുടെ ദുഷ്ടത നിമിത്തമത്രേ യഹോവ അവരെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളയുന്നത്.** നീ അവരുടെ ദേശം കൈവശമാക്കുവാൻ ചെല്ലുന്നത് നിന്റെ നീതി നിമിത്തവും നിന്റെ ഹൃദയപരമാർത്ഥം നിമിത്തവുമല്ല, **ആ ജാതിയുടെ ദുഷ്ടത നിമിത്തവും** അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്ന നിന്റെ പിതാക്കന്മാരോടു യഹോവ സത്യം ചെയ്ത വചനം നിവർത്തിക്കേണ്ടതിനും അത്രേ നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്നു നീ

ക്കിക്കളയുന്നത്. **ആകയാൽ നിന്റെ ദൈവമായ യഹോവ നിനക്കു ആ നല്ല ദേശം അവകാശമായി തരുന്നത് നിന്റെനീതി നിമിത്തം അല്ലെന്നു അറിഞ്ഞുകൊൾക;** നീ ദുശ്ശാഠ്യമുള്ള ജനമല്ലോ; നീ മരുഭൂമിയിൽ വെച്ചു നിന്റെ ദൈവമായ യഹോവയെ കോപിപ്പിച്ചു എന്നു ഓർക്ക; മറന്നു കളയരുത്; മിസ്രയീം ദേശത്തു നിന്നു പുറപ്പെട്ട നാൾ മുതൽ ഈ സ്ഥലത്തു വരുന്നതുവരെയും നിങ്ങൾ യഹോവയോടു മത്സരിക്കുന്നവരായിരുന്നു"(ആവർത്തനം 9:1–7).

തെളിവുകൾ ഇത്ര മതിയാകുമെന്നു കരുതുന്നു. പാപം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിയ നാലു സന്ദർഭങ്ങൾ പഴയനിയമത്തിൽ നമുക്കു കാണാൻ കഴിയും.

നോഹയുടെ കാലത്താണ് ഒന്നാമത്തേത്. ദൈവം ജലപ്രളയത്താൽ ആ തലമുറയെ ന്യായം വിധിച്ചു. സോദോം ഗോമൊറാ ആദ്മാ, സെബോയീം, സോബർ (ഇന്നത്തെ ചാവുകടൽ) പ്രദേശങ്ങളിലെ ജനങ്ങളുടെ പാപമായിരുന്നു അടുത്തത്. അന്നു അഗ്നിയും ഗന്ധകവും ഉപയോഗിച്ച് യഹോവ ന്യായവിധി നടത്തി. കനാനും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ പാപമായിരുന്നു അടുത്തത്. അവരുടെ മേൽ ന്യായവിധി നടത്താൻ ദൈവം ഉപയോഗിച്ചത് വെള്ളമോ അഗ്നിയോ ആയിരുന്നില്ല, യിസ്രായേൽ ജനത്തെ ആയിരുന്നു. അതിനു കാരണം ദൈവം പറയുന്നത് "**യിസ്രായേൽ അതു കണ്ടു ഭയപ്പെടണം**" എന്നാണ്. ആ പ്രദേശത്തു യിസ്രായേൽ താമസിക്കുമ്പോൾ ഇങ്ങനെയുള്ള മ്ലേച്ഛത പ്രവർത്തിച്ചാൽ യിസ്രായേലിനു നേരെയും യഹോവ ന്യായവിധി നടത്തും എന്നു അവർ അറിയേണ്ടതിനാണു അവരെ ഉപയോഗിച്ച് കനാന്യരെ നശിപ്പിച്ചത്!! ദൈവം അതു നടത്തുകയും ചെയ്തു. നാലാമതായി, യിസ്രായേലിന്റെ പാപം അതിന്റെ പരമകാഷ്ഠയിലെത്തിയപ്പോൾ ദൈവം അശൂര്യരെ കൊണ്ടുവന്നു, യിസ്രായേലിലെ പത്തു ഗോത്രങ്ങളെ അടിമകളാക്കി പിടിച്ച് അശൂരിലേക്ക് കൊണ്ടുപോകാൻ ഇടയാക്കി. പിന്നീട് യഹൂദാ രാജ്യത്തിനു നേരെ ബാബിലോണ്യരെ കൊണ്ടു വന്നു 70 വർഷം അവരെ ബാബേലിൽ അടിമകളാക്കിത്തീർത്തു! യഹോവ മുഖപക്ഷമില്ലാതെ പാപത്തിനു ശിക്ഷ വിധിക്കുന്ന ദൈവമാണ്!!

**നോക്കുക, ദൈവം കണ്ണുമടച്ച് ശിക്ഷിക്കുകയായിരുന്നില്ല.**

1. **അവർക്ക് മാനസാന്തരപ്പെടാൻ ദീർഘമായ ഒരു കാലയളവു കൊടുത്തു.**
2. **അവരുടെ ഇടയിലേക്ക് തന്റെ സാക്ഷികളെ അയച്ചു പ്രബോധിപ്പിച്ചു.**
3. **അവരുടെ അതിക്രമങ്ങൾ പട്ടികയിട്ടു നിരത്തി അഥവാ അവരുടെ കുറ്റപത്രം വായിച്ചു കേൾപ്പിച്ചു.**

കഴിഞ്ഞില്ല, ദൈവം കനാന്യരെ ശിക്ഷിച്ചത് നീതിയോടും ന്യായത്തോടും കൂടിയാണ് എന്നുള്ളതിനു വേറെ ചില കാര്യങ്ങൾ കൂടി ബൈബിളിൽ നിന്നു കാണാൻ കഴിയും. ഈ ന്യായവിധികൾ നടത്താൻ പോകുന്ന യിസ്രായേലിനു ദൈവം ചില പരിമിതികൾ നിയമിച്ചു.

ഒന്നാമത്തെ പരിമിതി- അതിർത്തികളുടെ പരിമിതി. ദൈവം യിസ്രായേലിനോടു പറഞ്ഞു, 'ഈ സ്ഥലം മുതൽ ഈ സ്ഥലം വരെയാണ് നിങ്ങളുടെ അതിർത്തി. ഈ സ്ഥലത്തിനു പുറത്ത് നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴികയില്ല.' കനാൻ നാട്ടിലെ ജനങ്ങൾക്കു രക്ഷപ്പെടാനുള്ള അവസാനത്തെ അവസരമായിരുന്നു ഇത്. **ആ മ്ലേച്ഛദേവന്മാരിൽ നിന്നും അവരുടെ അധാർമ്മിക സംസ്ക്കാരം നിറഞ്ഞു കിടക്കുന്ന ഭൂപ്രദേശത്തു നിന്നും ഓടി രക്ഷപ്പെടുക! കനാൻ ദേശത്തിന്റെ അതിർത്തി കടന്നാൽ പിന്നെ യിസ്രായേലിനു അവരെ ഒന്നും ചെയ്യാൻ പറ്റില്ല!!** എന്നാൽ തങ്ങളുടെ ദേവന്മാരെയും അവർ അനുശാസിച്ച അധാർമ്മിക ജീവിത

ത്തേയും വിട്ടുപിരിയാൻ കൂട്ടാക്കാതിരുന്ന ആളുകളെ ദൈവം യിസ്രായേലിന്റെ കൈയാൽ ശിക്ഷിച്ചു.

തീർന്നില്ല, ആവർത്തനം 21:10-14 വരെയുള്ള വാക്യങ്ങളിൽ ദൈവം യിസ്രായേൽ ജനത്തിനു വീണ്ടും ഒരു പരിമിതി വെച്ചതായി കാണാം.

"നീ ശത്രുക്കളോടു യുദ്ധം ചെയ്വാൻ പുറപ്പെട്ടിട്ടു നിന്റെ ദൈവമായ യഹോവ അവരെ നിന്റെ കൈയിൽ ഏല്പിക്കുകയും നീ അവരെ ബദ്ധന്മാരായി പിടിക്കുകയും ചെയ്താൽ, ആ ബദ്ധന്മാരുടെ കൂട്ടത്തിൽ സുന്ദരിയായൊരു സ്ത്രീയെ കണ്ടു ഭാര്യയായി എടുപ്പാൻ തക്കവണ്ണം അവളോടു പ്രേമം ജനിക്കുന്നുവെങ്കിൽ നീ അവളെ വീട്ടിൽ കൊണ്ടുപോകേണം; അവൾ തലമുടി ചിരെക്കയും നഖം മുറിക്കയും ബദ്ധവസ്ത്രം മാറി നിന്റെ വീട്ടിൽ പാർത്തു ഒരു മാസം തന്റെ അപ്പനെയും അമ്മയെയും കുറിച്ച് ദുഃഖിക്കുകയും ചെയ്ത ശേഷം നീ അവളുടെ അടുക്കൽ ചെന്നു അവൾക്കു ഭർത്താവായും അവൾ നിനക്കു ഭാര്യയായും ഇരിക്കേണം. എന്നാൽ നിനക്ക് അവളെ ഇഷ്ടമില്ലാതെയായെങ്കിൽ അവളെ സ്വതന്ത്രയായി വിട്ടയക്കേണം; അവളെ ഒരിക്കലും വില്ക്കരുത്; നീ അവളെ പരിഗ്രഹിച്ചതുകൊണ്ട് അവളോടു കാഠിന്യം പ്രവർത്തിക്കരുത്.

നാം മനസ്സിലാക്കേണ്ട ഒരു പ്രധാന കാര്യം, അന്നുണ്ടായിരുന്ന ഒരു സംസ്ക്കാരത്തിലും യുദ്ധത്തടവുകാരികളുടെ കാര്യത്തിൽ ഇങ്ങനെ ഒരു നിയമം ഇല്ലായിരുന്നു എന്നതാണ്. യുദ്ധത്തടവുകാരികളായി പിടിക്കപ്പെടുന്ന സ്ത്രീകളെ വിവാഹം ചെയ്യാതെ തൊടുവാൻ പോലും അനുവദിക്കാത്ത പിതാവിന്റെ ഹൃദയമാണ് ബൈബിളിലെ സത്യദൈവത്തിനുള്ളത്!!

തീർന്നിട്ടില്ല, എല്ലാവരേയും കൊല്ലുവാനായി പഴയനിയമത്തിൽ പറഞ്ഞിട്ടില്ല. പുറപ്പാട് 23:23-ാം വാക്യത്തിൽ അവരെ ഉന്മൂലനം ചെയ്യുക എന്നുള്ള പദം ഉപയോഗിക്കുമ്പോൾ പുറപ്പാട് 23:27-ൽ കാണുന്നത് "അവരെ പിന്തിരിപ്പിച്ച് ഓടിപ്പിക്കുക" എന്നതാണ്. ഇതെങ്ങനെയാണ് മനസ്സിലാക്കേണ്ടത്? സംഖ്യാ 33:52-ൽ നിന്നു നാം മനസ്സിലാക്കുന്നത് നിരായുധരായ ജനങ്ങളെ അവർ പിന്തിരിച്ച് ഓടിപ്പിച്ചു വിട്ടു എന്നതാണ്. അപ്പോൾത്തന്നെ ആയുധധാരികളായ പടയാളികളെ അവർ ഉന്മൂലനം ചെയ്യുകയും ചെയ്തു. രാഷ്ട്രം എന്ന നിലയിൽ അവരെ തുടച്ചു നീക്കുകയും വ്യക്തികൾ എന്ന നിലയിൽ അവരെ പിന്തിരിപ്പിച്ച് ഓടിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നത്.

ഇതിനൊരു ഉദാഹരണം സംഖ്യാ പുസ്തകത്തിൽ നിന്നും കാണാൻ കഴിയും. മിദ്യാന്യരാൽ വശീകരിക്കപ്പെട്ടു യിസ്രായേൽ മക്കൾ അന്യദൈവാരാധനയിലേക്കും അവരുടെ ദുർന്നടപ്പിലേക്കും പോയതായി സംഖ്യാ പുസ്തകം 25-ാം അദ്ധ്യായത്തിൽ കാണാം. യഹോവ തന്റെ ജനത്തിന്മേൽ ശിക്ഷ വിധിച്ചു, ഇരുപത്തിനാലായിരം യിസ്രായേൽക്കാർ കൊല്ലപ്പെട്ടു. പിന്നീടു ദൈവം മിദ്യാന്യരുടെ മേൽ ന്യായവിധി നടത്താൻ മോശെയോടു ആവശ്യപ്പെടുന്നത് 31-ാം അദ്ധ്യായത്തിൽ കാണാം. സംഖ്യാ പുസ്തകം 31-ാം അദ്ധ്യായം വായിക്കുമ്പോൾ മോശെ മിദ്യാന്യരെ ഉന്മൂലനാശം വരുത്തി എന്നാണ് നമുക്കു തോന്നുക. എന്നാൽ അതു ശരിയല്ല എന്നു നമുക്കു ന്യായാധിപന്മാരുടെ പുസ്തകത്തിലേക്കു വരുമ്പോൾ മനസ്സിലാകും. ന്യായാധിപന്മാർ 6:1 മുതൽ 10 വരെയുള്ള ഭാഗത്ത് നാം ഇങ്ങനെ വായിക്കുന്നു:

"യിസ്രായേൽ മക്കൾ പിന്നെയും യഹോവയ്ക്കു അനിഷ്ടമായതു ചെയ്തു. **യഹോവ അവരെ ഏഴു സംവത്സരം അവരെ മിദ്യാന്റെ കൈയിൽ ഏല്പിച്ചു. മിദ്യാൻ യിസ്രായേലിന്റെ മേൽ ആധിക്യം പ്രാപിച്ചു;**

**“എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ.”** (1 പത്രോസ് 3:14).

യിസ്രായേൽ മക്കൾ മിദ്യാന്യരുടെ നിമിത്തം പർവ്വതങ്ങളിലെ ഗഹ്വരങ്ങളും ഗുഹകളും ദുർഗ്ഗങ്ങളും ശരണമാക്കി. യിസ്രായേൽ വിതെച്ചിരിക്കുമ്പോൾ മിദ്യാന്യരും അമാലേക്യരും കിഴക്കുദേശക്കാരും അവരുടെ നേരെ വരും. അവർ അവർക്കും വിരോധമായി പാളയമിറങ്ങി ഗസ്സാവരെ നാട്ടിലെ വിള നശിപ്പിക്കും; യിസ്രായേലിനു ആഹാരമോ ആടോ മാടോ കഴുതയോ ഒന്നും ശേഷിപ്പിക്കുകയില്ല. അവർ തങ്ങളുടെ കന്നുകാലികളും കൂടാരങ്ങളുമായി പുറപ്പെട്ട് വെട്ടുക്കിളി പോലെ കൂട്ടമായി വരും; അവരും അവരുടെ ഒട്ടകങ്ങളും അസംഖ്യം ആയിരുന്നു; അവർ ദേശത്തു കടന്നു നാശം ചെയ്യും. ഇങ്ങനെ മിദ്യാന്യരാൽ യിസ്രായേൽ ഏറ്റവും ക്ഷയിച്ചു; യിസ്രായേൽ മക്കൾ യഹോവയോടു നിലവിളിച്ചു. യിസ്രായേൽ മക്കൾ മിദ്യാന്യരുടെ നിമിത്തം യഹോവയോടു നിലവിളിച്ചപ്പോൾ യഹോവ ഒരു പ്രവാചകനെ യിസ്രായേൽ മക്കളുടെ അടുക്കൽ അയച്ചു; അവൻ അവരോടു പറഞ്ഞത്: യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിങ്ങളെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ചു, അടിമവീട്ടിൽ നിന്നു നിങ്ങളെ കൊണ്ടുവന്നു; മിസ്രയീമ്യരുടെ കയ്യിൽ നിന്നും നിങ്ങളെ പീഡിപ്പിച്ച എല്ലാവരുടെ കയ്യിൽ നിന്നും ഞാൻ നിങ്ങളെ വിടുവിച്ചു അവരെ നിങ്ങളുടെ മുമ്പിൽ നിന്നു നീക്കിക്കളഞ്ഞു, അവരുടെ ദേശം നിങ്ങൾക്കു തന്നു. യഹോവയായ ഞാൻ നിങ്ങുടെ ദൈവം ആകുന്നു എന്നും നിങ്ങൾ പാർക്കുന്ന ദേശത്തുള്ള അമോര്യരുടെ ദേവന്മാരെ ഭജിക്കരുതെന്നും ഞാൻ നിങ്ങളോടു കല്പിച്ചു; നിങ്ങളോ എന്റെ വാക്കു കേട്ടില്ല.”

മോശെ മിദ്യാന്യർക്കു സമ്പൂർണ്ണനാശം വരുത്തിയിരുന്നെങ്കിൽ ഇങ്ങനെ യിസ്രായേലിനെ ഞെരുക്കാൻ മിദ്യാന്യർ ബാക്കിയുണ്ടാകുമായിരുന്നില്ലല്ലോ. യിസ്രായേൽ ജനതയുടെ മേൽ ദൈവിക ന്യായവിധി വരുവാൻ തക്കവിധം അവരെ പാപത്തിലേക്ക് വലിച്ചിഴച്ച മിദ്യാന്യരെ മാത്രമേ അന്നു മോശെ നശിപ്പിച്ചുള്ളൂ എന്നു ഈ ഭാഗത്തു നിന്നും വ്യക്തമാകുന്നു.

മാത്രമല്ല, യഹോവയുടെ നീതിബോധം സ്വച്ഛസ്പടിക സമാനം തെളിയുന്ന കാര്യം കൂടിയാണ് മിദ്യാന്യർക്കെതിരെയുള്ള സംഖ്യാ പുസ്തകത്തിലെ ഈ യുദ്ധം എന്നു ബൈബിൾ പരിശോധിച്ചാൽ കാണാൻ കഴിയും:

“യിസ്രായേൽ ശിത്തീമിൽ പാർക്കുമ്പോൾ ജനം മോവാബ്യസ്ത്രീകളമായി പരസംഗം തുടങ്ങി. അവർ ജനത്തെ തങ്ങളുടെ ദേവന്മാരുടെ ബലികൾക്കു വിളിക്കയും ജനം ഭക്ഷിച്ചു അവരുടെ ദേവന്മാരെ നമസ്ക്കരിക്കയും ചെയ്തു. യിസ്രായേൽ ബാൽപെയോരിനോടു ചേർന്നു, യഹോവയുടെ കോപം യിസ്രായേലിനു നേരെ ജ്വലിച്ചു. യഹോവ മോശെയോടു: ജനത്തിന്റെ തലവന്മാരെ ഒക്കെയും കൂട്ടി യഹോവയുടെ ഉഗ്രകോപം യിസ്രായേലിനെ വിട്ടു മാറേണ്ടതിനു അവരെ യഹോവയുടെ മുമ്പാകെ പരസ്യമായി തൂക്കിക്കളക എന്നു കല്പിച്ചു. മോശെ യിസ്രായേൽ ന്യായാധിപന്മാരോടു: നിങ്ങൾ ഓരോരുത്തൻ താന്താങ്ങളുടെ ആളുകളിൽ ബാൽപെയോരിനോടു ചേർന്നവരെ കൊല്ലുവിൻ എന്നു പറഞ്ഞു. എന്നാൽ മോശെയും സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ കരഞ്ഞുകൊണ്ടിരിക്കുന്ന

യിസ്രായേൽ മക്കളുടെ സർവ്വ സഭയും കാൺകെ, ഒരു യിസ്രായേല്യൻ തന്റെ സഹോദരന്മാരുടെ മദ്ധ്യത്തിലേക്ക് ഒരു മിദ്യാന്യസ്ത്രീയെ കൊണ്ടുവന്നു. അഹരോൻ പുരോഹിതന്റെ മകനായ എലെയാസാരിന്റെ മകൻ ഫിനെഹാസ് അതു കണ്ടപ്പോൾ സഭയുടെ മദ്ധ്യേ നിന്നു എഴുന്നേറ്റു കയ്യിൽ ഒരു കുന്തം എടുത്തു, ആ യിസ്രായേല്യന്റെ പിന്നാലെ അന്തഃപുരത്തിലേക്കു ചെന്നു ഇരുവരേയും, ആ യിസ്രായേല്യനെയും ആ സ്ത്രീയെയും തന്നെ, അവളുടെ ഉദരം തുളയുംവണ്ണം കുത്തി, അപ്പോൾ ബാധ യിസ്രായേൽ വിട്ടുമാറി. ബാധകൊണ്ടു മരിച്ചു പോയവർ ഇരുപത്തി നാലായിരം പേർ'' (സംഖ്യാ 25:1-9).

ദൈവവചനത്തിനു വിരുദ്ധമായി പ്രവർത്തിച്ച ദൈവത്തിന്റെ ജനത്തിനു ശിക്ഷ കൊടുത്തതിനു ശേഷമാണ് ദൈവം അതിനു കാരണക്കാരായവരെ- അതായത് മിദ്യാന്യരെ- ശിക്ഷിക്കുന്നത്. ദൈവത്തിന്റെ ജനത്തിൽ കൊല്ലപ്പെട്ടത് ഇരുപത്തി നാലായിരം പേർ എന്നു ദൈവവചനത്തിൽ കാണുന്നു.

ഇനി മോശെ മിദ്യാനെ ആക്രമിക്കാൻ വിടുന്നത് എത്ര പേരെയാണ്? സംഖ്യാ 31:4,5 വാക്യങ്ങളിൽ ''നിങ്ങൾ യിസ്രായേലിന്റെ സകല ഗോത്രങ്ങളിലും ഓരോന്നിൽ നിന്നു ആയിരം പേരെ വീതം യുദ്ധത്തിനു അയക്കേണം എന്നു പറഞ്ഞു. അങ്ങനെ യിസ്രായേല്യസഹസ്രങ്ങളിൽ നിന്നു ഓരോ ഗോത്രത്തിൽ ആയിരം പേർ വീതം പന്തീരായിരം പേരെ യുദ്ധസന്നദ്ധരായി വേർതിരിച്ചു'' എന്നു കാണുന്നു. ഇവർ സത്യത്തിൽ യോദ്ധാക്കളല്ല, ഈജിപ്തിൽ അടിമപ്പണി ചെയ്തിരുന്ന ആളുകളാണെന്നോർക്കണം. അങ്ങനെയുള്ള പന്തീരായിരം പേരെ മാത്രമേ മിദ്യാന്യരെ ആക്രമിക്കാൻ മോശെ അയച്ചുള്ളൂ എന്നു പറയുമ്പോൾ അതിനർത്ഥം പന്തീരായിരത്തിൽ താഴെ ആളുകൾ മാത്രമേ മിദ്യാനിൽ ഉണ്ടായിരുന്നുള്ളു എന്നതാണ്. അവിടെ അമ്പതിനായിരം പേർ ഉണ്ടായിരുന്നെങ്കിൽ മോശെ ഒരിക്കലും യുദ്ധപരിചയം പോലുമില്ലാത്ത ഈ പന്തീരായിരം പേരെ അയക്കില്ല. അങ്ങനെ അമ്പതിനായിരത്തിനു നേരെ പന്തീരായിരത്തിനെ അയച്ചാൽ പോയവരുടെ പൊടി കാണുകയില്ലെന്നു ഈജിപ്തിലെ യുദ്ധതന്ത്രങ്ങൾ അഭ്യസിച്ചു വളർന്നിട്ടുള്ള മോശെക്കു നല്ലവണ്ണം അറിയാം. അവിടെ അമ്പതിനായിരം പേർ ഉണ്ടായിരുന്നെങ്കിൽ കുറഞ്ഞത് അമ്പതിനായിരം പേരെയെങ്കിലും മോശെ അയക്കുമായിരുന്നു. പന്ത്രണ്ടായിരം പേരെ അയച്ചതിൽ നിന്നും തെളിയുന്നത് അവിടെ അതിലും കുറവ് ആളുകളേ ഉണ്ടായിരുന്നുള്ളു എന്നാണ്.

മിദ്യാന്യർ പാപം ചെയ്യാൻ പ്രേരിപ്പിക്കുകയും പാപത്തിൽ പങ്കാളികളാകുകയും ചെയ്തു. യിസ്രായേൽ പാപം ചെയ്തു. ഇരട്ടി ശിക്ഷ കിട്ടേണ്ടത് മിദ്യാന്യർക്കാണ്. പക്ഷെ, ദൈവം തിരഞ്ഞെടുത്ത ദൈവത്തിന്റെ ജനത്തെ മിദ്യാന്യർ സ്ത്രീകളെ ഉപയോഗിച്ച് വശീകരിച്ചു പാപം ചെയ്യിച്ചപ്പോൾ ദൈവം ആദ്യം ശിക്ഷിച്ചത് തന്റെ സ്വന്തം ജനത്തെയാണ്!! അതും മറുവശത്തുള്ള ജനത്തിന്റെ ഇരട്ടിയിലധികം പേരെ!!! (ബാധകൊണ്ടു മരിച്ചവർ ഇരുപത്തി നാലായിരം പേർ). അതിനു ശേഷമാണ് അവരെക്കൊണ്ട് പാപം ചെയ്യിപ്പിക്കാൻ ഇടയാക്കിയ ജനത്തെ ശിക്ഷിക്കുന്നത്. ആ ശിക്ഷയുടെ വിവരണമാണ് സംഖ്യാ 31-ാം അദ്ധ്യായത്തിൽ കാണുന്നത്. ന്യായവിധി ദൈവഗൃഹത്തിൽ നിന്ന് ആരംഭിക്കുന്ന നീതിമാനായ ദൈവമാണ് ബൈബിൾ വെളിപ്പെടുത്തുന്ന യഹോവ.

ഇനി പുതിയനിയമത്തിലേക്കു വന്നാലോ, അവിടെയും പാപികളോടു ദൈവമായ കർത്താവ് ഇപ്രകാരം തന്നെയാണ് ഇടപെടുന്നത്. പഴയനിയമത്തിൽ പാപം പെരുകിയപ്പോൾ യഹോവ കനാന്യരോട് ഇടപെട്ടത് എപ്രകാരമാണോ അപ്രകാരം തന്നെയാണ് പുതിയനിയമത്തിൽ യേശു

ക്രിസ്തു സകല മനുഷ്യവർഗ്ഗത്തോടും ഇട പെടുന്നത് എന്നു കാണാം.

**പഴയനിയമത്തിൽ:**

**1. അവർക്ക് മാനസാന്തരപ്പെടാൻ ദീർഘ മായ ഒരു കാലയളവു കൊടുത്തു.**

**2. അവരുടെ ഇടയിലേക്ക് തന്റെ സാക്ഷി കളെ അയച്ചു പ്രബോധിപ്പിച്ചു.**

**3. അവരുടെ അതിക്രമങ്ങൾ പട്ടികയിട്ടു നിരത്തി അഥവാ അവരുടെ കുറ്റപത്രം വായിച്ചു കേൾപ്പിച്ചു.**

**4. അവരുടെ അധാർമ്മിക ജീവിതത്തിൽ നിന്നു ചുറ്റുമുള്ള ഏതെങ്കിലും പ്രദേശങ്ങി ലേക്ക് ഓടി രക്ഷപ്പെടാൻ വേണ്ടി ഇസ്രായേ ലിനു ഭൂമിശാസ്ത്രപരമായ അതിരുകൾ നിശ്ചയിച്ചു.**

**ഇങ്ങനെയാണ് യഹോവ കനാന്യ രോട് ഇടപെട്ടത്. പുതിയനിയമത്തിൽ യേശുക്രിസ്തുവോ?**

1. യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിനു മാനസാന്തരപ്പെടാൻ സുദീർഘമായ ഒരു കാലയളവു അനുവദിച്ചു കൊടുത്തിരിക്കുക യാണ്. കേവലം പത്തിരുപത്തിമൂന്നു വർഷ ത്തിന്റെ ഒരു കാലയളവല്ല, അത്. ഇപ്പോൾ ത്തന്നെ രണ്ടായിരത്തിലധികം വർഷം നീണ്ട കാലയളവാണ്. ഈ കാലയളവിൽ മനുഷ്യ രോട് മാനസാന്തരപ്പെടാനാണ് അവിടുന്ന് കല്പിക്കുന്നത്: ''എന്നാൽ യോഹന്നാൻ തടവിലായ ശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു. കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരി ക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു" (മർക്കോസ് 1:13,14). "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തര പ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു" (അപ്പസ്തോല പ്രവൃത്തികൾ 17:30). മാത്രമല്ല, അവൻ ദയ കാണിക്കുന്നത് മനുഷ്യരെ മാനസാന്തരത്തി ലേക്കു നടത്തുന്നതിനു വേണ്ടിയാണെന്നും ബൈബിൾ പറയുന്നു: "അല്ല,
ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തി ലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നി വയുടെ ഐശ്വര്യം നിരസിക്കുന്നുവോ?'' (റോമർ 2:4).

2. ഈ ദീർഘമായ കാലഘട്ടത്തിൽ യേശുക്രിസ്തു പാപികളായ മനുഷ്യവർഗ്ഗ ത്തിന്റെ ഇടയിലേക്കു തന്റെ സാക്ഷികളെ അയച്ചു. ''എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു''(അപ്പസ്തോല പ്രവൃത്തി കൾ 1:8). ഇന്നു പാപം നിറഞ്ഞ ലോകത്തിൽ ഈ തലമുറയിൽ നിന്നു രക്ഷിക്കപ്പെട്ട ദൈവമക്കൾ അവിടുത്തെ സാക്ഷികളായി ജീവിക്കുന്നു. വരുവാനുള്ള ന്യായവിധിയെ ക്കുറിച്ച് അവർ തങ്ങൾക്കു ചുറ്റുമുള്ളവരോട് അറിയിക്കുന്നു. "എന്നാൽ നിന്റെ കാഠിന്യ ത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു. അവൻ ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും" (റോമർ 2:5,6).3.

ദൈവത്തിന്റെ വചനം വ്യക്തമായി മനുഷ്യന്റെ വീഴ്ചയെക്കുറിച്ച് മനുഷ്യവർഗ്ഗ ത്തോട് സംസാരിക്കുന്നു. ''മനുഷ്യനിൽ നിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നതു; അകത്തു നിന്നു, മനുഷ്യരുടെ ഹൃദയത്തിൽ നിന്നു തന്നേ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊല പാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തു നിന്നു പുറ

പ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്നു അവൻ പറഞ്ഞു" (മർക്കോസ് 7: 20–23). "നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല. അവരടെ തൊണ്ട തുറന്ന ശവക്കുഴി. നാവുകൊണ്ടു അവർ ചതിക്കുന്നു; സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ട്. അവരുടെ വായിൽ ശാപവും കൈപ്പും നിറഞ്ഞിരിക്കുന്നു. അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു. നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ട്. സമാധാന മാർഗ്ഗം അവർ അറിഞ്ഞിട്ടില്ല. അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല എന്നിങ്ങനെ എഴുതിയിരിക്കുന്നുവല്ലോ" (റോമർ 3: 10–18).4.

കനാന്യർക്ക് രക്ഷപ്പെടാൻ വേണ്ടി കനാൻ നാടിന്റെ അതിരുകളാണ് തുറന്നു കൊടുത്തിരുന്നതെങ്കിൽ ഇന്നു പാപം നിറഞ്ഞ വക്രതയുള്ള തലമുറയിൽ നിന്നു മനുഷ്യവർഗ്ഗം രക്ഷിക്കപ്പെടാൻ വേണ്ടി യേശു തന്റെ ദേഹമെന്ന തിരശ്ശീല കീറിക്കൊണ്ട് ജീവനുള്ള പുതുവഴി തന്നെ തുറന്നു തന്നിരിക്കുകയാണ്. (എബ്രായർ 10:19–22). അവൻ തന്നെയാണ് വഴി. (യോഹന്നാൻ 14:6). ആ വഴിയിലൂടെ സഞ്ചരിക്കുന്നവരല്ലാതെ ആരും ദൈവക്രോധത്തിൽ നിന്നു തെറ്റി ഒഴിയും എന്നു വിചാരിക്കേണ്ട.

പഴയനിയമത്തിൽ യഹോവയാണു ന്യായവിധി നടത്തിയതെങ്കിൽ പുതിയനിയമത്തിൽ യേശുക്രിസ്തുവാണ് ന്യായവിധി നടത്തുന്നത്: "എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതു പോലെ പുത്രനേയും ബഹുമാനിക്കേണ്ടതിനു പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു" (യോഹന്നാൻ 5:22). "അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവനു അധികാര വും നല്കിയിരിക്കുന്നു. ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യാനുള്ള നാഴിക വരുന്നു"(യോഹന്നാൻ 5:27,28). "സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്ത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" (2 തെസ്സലോനിക്യർ 1:10).

ഇത്രയും കാര്യങ്ങൾ മാത്രമല്ല, ഇനിയും ധാരാളം കാര്യങ്ങളിൽ യഹോവയും യേശുക്രിസ്തുവും ഒരേ പോലെ തന്നെയാണ് പ്രവർത്തിച്ചതെന്ന് നമുക്കു കാണാൻ കഴിയും. കാരണം പഴയനിയമത്തിൽ യഹോവ എന്ന നാമത്തിൽ വെളിപ്പെട്ടതും പുതിയനിയമത്തിൽ "യഹോവശുവ ക്രിസ്തു" അഥവാ യേശുക്രിസ്തു എന്ന നാമത്തിൽ വെളിപ്പെട്ടതും പുത്രനായ ദൈവം തന്നെയാണ്. ഏതൊരു കാലഘട്ടത്തിലും മനുഷ്യവർഗ്ഗവുമായി ഇടപെട്ടിട്ടുള്ളത് പുത്രൻ തന്നെയാണ്. കാരണം, "ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" (യോഹന്നാൻ 1:18) എന്നാണ് ബൈബിൾ പറയുന്നത്. പഴയനിയമത്തിലായാലും പുതിയനിയമത്തിലായാലും ആരും ഒരു നാളും കണ്ടിട്ടില്ലാത്ത ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നത് പുത്രനാണ്. പഴയനിയമത്തിൽ അവൻ യഹോവ എന്ന നാമത്തിൽ വന്നു എങ്കിൽ പുതിയനിയമത്തിൽ അവൻ "യഹോവശുവ ക്രിസ്തു" അഥവാ "യഹോവ രക്ഷകനായി അഭിഷേകം ചെയ്യപ്പെട്ടു" വന്നിരിക്കുകയാണ്. അവന്റെ പ്രവൃത്തികൾ പഴയനിയമത്തിലായാലും പുതിയനിയമത്തിലായാലും ഒരേ വിധമാണ്. കാരണം, അവൻ ഇന്നലെയും

ഇന്നും എന്നന്നേക്കും അനന്യനായിരിക്കുന്ന മാറ്റമില്ലാത്ത ദൈവമാണ്!!!

ഇനി അല്ലാഹു ഈ വിധമാണോ ശിക്ഷ നടപ്പാക്കുന്നത്? ഹദീസിൽ നിന്നു നമുക്കു നോക്കാം.

“അബു ബുർദ: തന്റെ പിതാവിൽ നിന്നു നിവേദനം: നബി പറഞ്ഞു: ഉയിർത്തെഴുന്നേല്പു നാളിൽ മുസ്ലീങ്ങളിൽ പെട്ട ചില ആളുകൾ പർവ്വതങ്ങൾ പോലുള്ള പാപങ്ങളുമായി വരും. എന്നിട്ട് അല്ലാഹു അവർക്കു പൊറുത്തു കൊടുക്കും. അവ ക്രിസ്ത്യാനികളുടെയോ ജൂതന്മാരുടെയോ മേൽ വെക്കും” (സ്വഹീഹ് മുസ്ലീം, വാല്യം 3, ഭാഗം 49, ഹദീസ് നമ്പർ 51 (2767).

ഇതെന്ത് നീതിബോധമാണ്? മുസ്ലീങ്ങളുടെ പർവ്വതങ്ങൾ പോലുള്ള പാപങ്ങൾ അല്ലാഹു ക്രിസ്ത്യാനികളുടെയോ ജൂതന്മാരുടെയോ മേൽ വെച്ചിട്ട് മുസ്ലീങ്ങൾക്ക് പാപം പൊറുത്തു കൊടുക്കും എന്നു പറയുന്നതിന്റെ നൈതികത എന്താണ്? ഈ നീതിബോധവുമായി ജീവിക്കുന്ന മുസ്ലീമിനു പാപത്തിനു നേരെ മുഖപക്ഷം കൂടാതെ ശിക്ഷ വിധിക്കുകയും അത് തന്റെ ജനത്തിൽ നിന്നു തന്നെ ആരംഭിക്കുകയും മറ്റവരെക്കാൾ ഇരട്ടി ശിക്ഷ സ്വന്തം ജനത്തിനു കൊടുക്കുകയും ചെയ്ത യഹോവയെ കുറ്റപ്പെടുത്താൻ എന്ത് അർഹതയാണു ഉള്ളത്??

യഹോവയായ ദൈവം കനാന്യരോട് യുദ്ധം ചെയ്യുവാൻ തന്റെ ജനമായ യിസ്രായേലിനോടു കല്പിച്ചതിൽ അനീതിയോ അധാർമ്മികമായ യാതൊന്നുമോ ഇല്ലെന്നും മറിച്ച്, പാപത്തിനു ശിക്ഷ വിധിക്കുന്ന അവന്റെ ദിവ്യ സ്വഭാവമാണ് വെളിപ്പെടുന്നത് എന്നും നിഷ്പക്ഷ ബുദ്ധിയോടെ ബൈബിൾ വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. ആ ന്യായവിധിക്ക് ദൈവം യിസ്രായേൽ ജനത്തെ മാദ്ധ്യമമായി ഉപയോഗിച്ചു എന്നുമാത്രമേയുള്ളു. അല്ലാഹുവിൽ വിശ്വസിക്കാതിരുന്നവരെ കൊന്നു കളയാൻ അല്ലാഹു ആവശ്യപ്പെടുന്നത് പോലെ യഹോവയിൽ വിശ്വസിക്കാതിരുന്നതിന്റെ പേരിൽ ഒരു അവിശ്വാസി യെയും കൊന്നു കളയുവാൻ യഹോവ ആവ ശ്യപ്പെടുന്നില്ല.

قَاتِلُوا الَّذِينَ لَا يُؤْمِنُونَ بِاللَّهِ وَلَا بِالْيَوْمِ الْآخِرِ
وَلَا يُحَرِّمُونَ مَا حَرَّمَ اللَّهُ وَرَسُولُهُ
وَلَا يَدِينُونَ دِينَ الْحَقِّ
مِنَ الَّذِينَ أُوتُوا الْكِتَابَ حَتَّىٰ يُعْطُوا الْجِزْيَةَ
عَنْ يَدٍ وَهُمْ صَاغِرُونَ ﴿٢٩﴾

“വേദം നൽകപ്പെട്ടവരുടെ കൂട്ടത്തിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരിക്കുകയും, അല്ലാഹുവും അവന്റെ ദൂനും നിഷിദ്ധമാക്കിയത് നിഷിദ്ധമായി ഗണിക്കാതിരിക്കുകയും, സത്യമതത്തെ മതമായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവരോട് നിങ്ങൾ യുദ്ധം ചെയ്തു കൊള്ളുക. അവർ കീഴടങ്ങിക്കൊണ്ട് കയ്യോടെ കപ്പം കൊടുക്കുന്നത് വരെ” (സൂറാ 9:29). എന്നും

وَقَاتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ الدِّينُ كُلُّهُ
لِلَّهِ ۚ فَإِنِ انْتَهَوْا فَإِنَّ اللَّهَ بِمَا يَعْمَلُونَ بَصِيرٌ ﴿٣٩﴾

ഫിത്ന ഇല്ലാതാവുകയും മതം മുഴുവൻ അല്ലാഹുവിനു വേണ്ടിയാകുകയും ചെയ്യുന്നതു വരെ നിങ്ങൾ അവരോടു യുദ്ധം ചെയ്യുക. ഇനി അവർ വിരമിക്കുന്ന പക്ഷം അവർ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാണ്” (സൂറാ 8:39).

എന്നും അല്ലാഹു പറയുന്നു. എന്നാൽ യഹോവയിൽ വിശ്വസിക്കുന്നില്ല എന്ന കാരണത്താൽ അയൽരാജ്യത്തെ ആക്രമിച്ചു കീഴ്പ്പെടുത്തി അവിടെ യഹോവയുടെ മതവും യഹോവയുടെ ഭരണവും സ്ഥാപിക്കാൻ യഹോവ ആവശ്യപ്പെടുന്നില്ല. “മതം മുഴുവൻ യഹോവയുടേതു ആകുന്നതു വരെ നിങ്ങൾ അവിശ്വാസികളോടു യുദ്ധം ചെയ്യണ” മെന്നു യഹോവ പറഞ്ഞിട്ടുമില്ല!!

(2-ാം പേജ് തുടർച്ച.....)

ചതിക്കുകയായിരുന്നു " എന്നാണ്. അവരുടെ പ്രതികരണം എന്റെ ധാരണയെ ശരിവെക്കുകയായിരുന്നു. കൃഷ്ണൻകുട്ടിയുടെ ഇപ്പോഴത്തെ ശാരീരികമായ എതിർ സാഹചര്യങ്ങൾ മനസ്സിലാക്കുന്നവർ അദ്ദേഹവുമായി ഒരു സംവാദത്തിനു തുനിയുകയില്ല. ഈയിടെ അദ്ദേഹത്തെ സന്ദർശിച്ച റിയൽ ലൈഫ് മാസികയുടെ പത്രാധിപർ എം. വി സെബാസ്റ്റ്യൻ എഴുതി: ''ഈയിടെയാണ് ഞാൻ അറിഞ്ഞത് കൃഷ്ണൻകുട്ടി എന്ന ദൈവദാസൻ ക്ഷീണിതനായി വീട്ടിൽ വിശ്രമിക്കുകയാണെന്ന്. ജൂലൈ മാസം ഒന്നാം തിയ്യതി ഞാനും എന്റെ കുടുംബവും ജേക്കബ് സാറും ഒന്നിച്ച് തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ കടമറ്റത്തുള്ള വസതിയിലേക്കു തിരിച്ചു."

''കിടപ്പുമുറിയിൽ നിന്നും കയ്യിൽ ഊന്നുവടിയുമായി വളരെ പ്രയാസപ്പെട്ട് സ്വീകരണ മുറിയിലേക്ക് വേച്ചുവേച്ചെന്ന പോലെ വരുന്ന കൃഷ്ണൻകുട്ടി സാറിന്റെ ചിത്രം നടുക്കവും വേദനയും ഉളവാക്കി. പക്ഷേ, അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്നത് പുഞ്ചിരി മാത്രം. അദ്ദേഹത്തിന്റെ കവലകളിൽ നിന്നുള്ള പ്രസംഗങ്ങളും അപ്പോഴുണ്ടാകാറുള്ള ട്രാഫിക്ക് ബ്ലോക്കും പരാമർശിച്ചപ്പോൾ ചിരിച്ചുകൊണ്ടുള്ള പ്രതികരണം ഇങ്ങനെയായിരുന്നു; ''അതൊരു കാലം.'' അതേ അതൊരു അതിശയകരമായ കാലം തന്നെയായിരുന്നു. (റിയൽ ലൈഫ്, ജൂലൈ 2012). ഇന്ന് അദ്ദേഹത്തിനു 75 വയസ്സ് കഴിഞ്ഞു. നട്ടെല്ലിനു തേയ്മാനം സംഭവിച്ചു. അല്പ സമയം പോലും നില്ക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഭാര്യയുടെ സഹായത്തോടെ, ഊന്നുവടിയുമായി വളരെ പ്രയാസപ്പെട്ടാണ് അദ്ദേഹം സന്ദർശകരുടെ മുന്നിൽ എത്തുക. സ്വയം ചിന്തിച്ചും ആലോചിച്ചും മറുപടി പറയാനുള്ള കഴിവും ഇല്ല.

ഈ ഒരു തക്കം നോക്കിയാണ് മുഹമ്മദ് ഈസായും സംഘവും സംവാദത്തിൽ പരാജയപ്പെടുത്തി, കൃഷ്ണൻകുട്ടി തന്റെ പുസ്തകം തള്ളിപ്പറഞ്ഞു എന്നു വരുത്തിത്തീർക്കുന്നതിനു പദ്ധതി തയ്യാറാക്കി തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ വീട്ടിലെത്തിയത്. അവർ പ്രതീക്ഷിക്കുന്ന മറുപടി കൃഷ്ണൻകുട്ടിയിൽ നിന്നു ലഭിക്കണം എന്ന ദുരുദ്ദേശ്യത്തോടെ വളരെ തന്ത്രപൂർവ്വം ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരുന്നു. ശാരീരികമായ അസ്വസ്ഥതയും വേദനയും സഹിച്ച് മണിക്കൂറുകളോളം ഈ സന്ദർശകരുടെ മുമ്പിൽ അദ്ദേഹം ഇരുന്നുകൊടുത്തു. കൃഷ്ണൻകുട്ടിയും അദ്ദേഹത്തിന്റെ ഭാര്യയും മകൻ ക്രിസും സന്ദർശകരെ സ്വീകരിച്ചതും ആദരിച്ചതും സൽക്കരിച്ചതും ക്രൈസ്തവദർശനത്തിന്റെയും ദൈവസ്നേഹത്തിന്റെയും പ്രചോദനത്താലായിരുന്നു. ഹൃദ്യമായ പെരുമാറ്റത്തിലൂടെ വെളിപ്പെട്ട ക്രൈസ്തവികതയുടെ സവിശേഷത തിരിച്ചറിഞ്ഞ് ആദരിക്കേണ്ടതിനു പകരം സന്ദർശകർ അതിനെ ചൂഷണം ചെയ്യുകയാണുണ്ടായത്. ഗൗരവമേറിയ ഒരു സംവാദത്തിനുള്ള മാനസികാവസ്ഥ ഇല്ലാത്ത സാഹചര്യത്തിൽ, ഓർമ്മശക്തി തന്നെ കുറഞ്ഞപ്പോൾ, ശരീരം ദുർബ്ബലമായിരിക്കുമ്പോൾ സംവാദം വേണ്ടെന്നു വെച്ച് വിവേകത്തോടെ തിരിച്ചു പോവുകയായിരുന്നു വേണ്ടത്.

പ്രബുദ്ധരായ മുസ്ലീം സുഹൃത്തുക്കൾക്കു പോലും നാണക്കേടുണ്ടാക്കുന്ന വിധത്തിൽ ഇത് ഒരുതരം അക്രമത്തിന്റെയും മാനസിക പീഡനത്തിന്റെയും സമീപനമായിപ്പോയി. സാമാന്യ മര്യാദ പോലും പാലിക്കാത്ത അഭിമുഖ സംഭാഷണത്തിന്റെ രീതിശാസ്ത്രം പോലും അവഗണിച്ചു കൊണ്ടുള്ള ഒരുതരം വിലകുറഞ്ഞ ഇടപെടൽ. ഒരു യഥാർത്ഥ മുസ്ലീം ഇത്തരം ഒരു സമീപനം സ്വീകരിക്കും എന്നു ഞാൻ കരുതുന്നില്ല. മുഹമ്മദ് ഈസായുടെ ലേഖനത്തിൽ നിന്നും

എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞത് അവർ നിരന്തരമായി കൃഷ്ണൻകുട്ടിയുടെ ഭവനം സന്ദർശിച്ച് അദ്ദേഹത്തെ വേട്ടയാടി ക്കൊണ്ടിരുന്നു എന്നാണ്. അവസാനം "നാലര മണിക്കൂർ ചർച്ചയ്ക്കു ശേഷം തിരി കെ പോയവർ" ഏതാനും ദിവസങ്ങൾക്കു ശേഷം വീണ്ടും കൃഷ്ണൻകുട്ടിയുടെ വീട്ടിൽ എത്തി. ഇതുവരെ നടന്ന ചർച്ചകൾ കൊണ്ട് മുഹമ്മദ് ഈസാ പ്രതീക്ഷിച്ച വിജയം ഉണ്ടായില്ല എന്ന നിരാശ കൊണ്ടായിരിക്കാം അവർ വീണ്ടും വന്നത്. പക്ഷേ, മുഹമ്മദ് ഈസായുടെയും സംഘത്തിന്റെയും മനസ്സി ലിരുപ്പ് തിരിച്ചറിഞ്ഞ കുടുംബാംഗങ്ങൾ വീണ്ടുമൊരു അഭിമുഖസംഭാഷണത്തിനു അനുവാദം നല്കിയില്ല. "ഞങ്ങളെ മുസ്ലീമാ ക്കുക എന്നതാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ നിങ്ങൾക്കു തെറ്റുപറ്റി, അതൊരിക്കലും സാദ്ധ്യമല്ല. ഞങ്ങൾ അടിയുറച്ച ബൈബിൾ വിശ്വാസികളാണ്" തിരുവട്ടാറിന്റെ സഹധർ മ്മിണി എൽസി വ്യക്തമാക്കി. "തിരുവട്ടാർ കൃഷ്ണൻകുട്ടിയെ പരാജയപ്പെടുത്തി എന്നു പ്രചരിപ്പിക്കുവാനാണ് നിങ്ങളുടെ ശ്രമം എങ്കിൽ അതൊരിക്കലും വിജയിക്കുകയില്ല" എന്നു ക്രിസ് പ്രതികരിച്ചു.

ഒരു ദൗത്യം പരാജയപ്പെട്ടതിന്റെ നിരാശയോടെ മുഹമ്മദ് ഈസായും സംഘ വും വന്നതുപേലെ മടങ്ങിപ്പോയി. ഈ പരാജയത്തിന് ഒരു വ്യാജമറ തീർക്കുവാൻ വേണ്ടിയാണ് മുഹമ്മദ് ഈസാ പിന്നീട് ഇങ്ങനെയൊരു ലേഖനം സ്നേഹസംവാദ ത്തിനു വേണ്ടി തയ്യാറാക്കിയത്. സ്നേഹസം വാദത്തിലെ ലേഖനം വായിച്ചതിനു ശേഷം ഞാൻ കൃഷ്ണൻകുട്ടിയെ സന്ദർശിച്ചപ്പോൾ എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞത് സ്നേഹസംവാദത്തിൽ മുഹമ്മദ് ഈസാ എഴുതിയത് സത്യം അല്ല. തിരുവട്ടാർ കൃഷ്ണൻകുട്ടി ബൈബിൾ തള്ളിപ്പറഞ്ഞി ട്ടില്ല. തള്ളിപ്പറയുകയും ഇല്ല. അദ്ദേഹവും കുടുംബവും ബൈബിളിനൊപ്പം തന്നെയാണ് നില്ക്കുന്നത്. ബൈബിളിന്റെ വഴിയിലൂടെ ക്രിസ്തുവിന്റെ സാക്ഷിയായി ജയഭേരി മുഴക്കി അദ്ദേഹം മുന്നേറുന്നു. എനിക്കു ആദ രണീയനായ തിരുവട്ടാർ കൃഷ്ണൻകുട്ടിയു മായി നാലു പതിറ്റാണ്ടോളം ദീർഘിക്കുന്ന ആത്മീയ സൗഹൃദമുണ്ട്. കേരളത്തിലുട നീളം നിരവധി വേദികളിൽ ഞങ്ങൾ ഒന്നിച്ച് വചനം പ്രഘോഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെല്ലാം എന്റെ ഗ്രന്ഥ ശേഖരത്തി ലുണ്ട്. പലതിനും പഠനമോ അവലോക നമോ എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ 'ധർമ്മദീപ്തി' മാസികയിൽ എന്റെ നിരവധി ലേഖനങ്ങളും പഠനങ്ങളും പ്രസിദ്ധീകരിച്ചി ട്ടുണ്ട്. എനിക്കു തിരുവട്ടാർ കൃഷ്ണൻകുട്ടി എന്ന മഹാനെ വളരെ അടുത്തറിയാം. തന്റെ 25-ാമത്തെ വയസ്സിൽ സ്വന്തസ്ഥലമായ തിരുവട്ടാറിൽ ചെയ്ത ആദ്യത്തെ സുവിശേ ഷപ്രസംഗം, പ്രഭാഷണവേദിയിൽ ഇന്ന് 51 വർഷം പിന്നിടുമ്പോൾ തന്റെ പ്രസംഗത്തി ലെ പ്രമേയത്തിൽ ഒരക്ഷരം പോലും മാറ്റേ ണ്ടി വന്നിട്ടില്ല. അദ്ദേഹം ഇന്നും തികഞ്ഞ പ്രാഗത്ഭ്യത്തോടും അഭിമാനത്തോടും കൂടെ ബൈബിൾ സത്യങ്ങൾക്കു വേണ്ടി നിലകൊ ള്ളുന്നു. " സ്നേഹസംവാദം" ഇത്രമാത്രം ക്രൂരമായി ഇടപെട്ടിട്ടും തിരുവട്ടാർ കൃഷ്ണൻ കുട്ടി തന്റെ 35 ഗ്രന്ഥങ്ങളിൽ മാസ്റ്റർ പീസ് ഗ്രന്ഥം എന്നു അനുവാചകർ വിശേഷിപ്പിച്ച ''ക്രൈസ്തവ-ഇസ്ലാം സംവാദം''എന്ന ഗ്രന്ഥത്തെ തള്ളിപ്പറയുകയോ പിൻവലിക്കു കയോ ചെയ്തിട്ടില്ല. തിരുവട്ടാർ കൃഷ്ണൻ കുട്ടി ബൈബിൾ തള്ളിപ്പറയുന്നു എന്നു മുഹമ്മദ് ഈസാ എഴുതിയപ്പോൾ തന്റെ പേരിലെ മുഹമ്മദിനെയും ഈസായേയും അപമാനിക്കുകയാണ് ചെയ്തത്. ആശയ ത്തെ എതിർത്തു തോല്പിക്കാനാവി ല്ലെന്നു വരുമ്പോൾ ഗ്രന്ഥകാരന്റെ വിശ്വാസത്തിനെ തിരെ വ്യാജപ്രചാരണം നടത്തുന്നത് സ്വഭാവ ഹത്യയ്ക്കു തുല്യമാണ്. ഈ സമീപനം ഖുർആനിന്റെ വീക്ഷണത്തിൽ ഹറാമാണ്. ●